Reg: No. M. 2689.
T. 3:

License No: 427
Dated 14–8–194'.

# മലയാളരാജ്യം

പുസ്തകം ൨൦
പേജ് ൧൨

കൊല്ലം ൧൯൪൭ നവംബർ ൨൪-ാംനു
൧൧൨൩ വൃശ്ചികം ൮-ാംനു തിങ്കളാഴ്ച


ലക്കം ൧൩൧
ഒററപ്രതി അണ ൨


# രാജകീയദമ്പതികൾ

സമസ്തലോകവും അതികുതുകത്തോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ രാജകീയ വിവാഹം നവംബർ ൨൦-ാംതീയതി സമംഗളം സാഘോഷം നടന്നിരിക്കുന്നു. അന്നാണ് ബ്രിട്ടനിലെകിരീടാവകാശിനിയായ എലിബസത്തു് രാജകുമാരിയും, ഇപ്പോൾ എഡിൻബറോയിലെ ഡ്യൂക്ക എന്ന ബഹുമാന്യപദവിയിലേക്ക് ആരോഹണം ചെയ്യപ്പെട്ട ലെഫ്: മൗണ്ട്ബാററനുംതമ്മിൽ വൈവാഹികബന്ധമാകുന്ന ദിവ്യശൃംഖലകളാൽ യോജിക്കപ്പെട്ടതു്. ബ്രിട്ടനെ സംബന്ധിച്ചിടത്തോളം ടന്നുപോയ നഗരവീഥികളിൽ തങ്ങളുടെ ദേശീയപതാക പാറിക്കുന്നതിൽ ഓരോ രാജ്യക്കാരും മത്സരഭാവം പൂണ്ടുകണ്ടു. നമ്മുടെ ത്രിവർണ്ണപതാകയെന്നപോലെ, അരിവാളും ചുററികയും അടയാളമായിട്ടുള്ള റഷ്യയുടെ ചെങ്കൊടിയും, മററെല്ലാ രാജ്യങ്ങളിലെ കൊടികളും നഗരമെങ്ങും മനോഹരമാംവണ്ണം പാറിക്കളിച്ചുകൊണ്ടിരുന്നു.

അനുഗ്രഹീതരായ ഈ ദമ്പതികൾക്ക് ലഭിച്ച സമ്മാനങ്ങൾക്ക് കണക്കില്ല. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരുടെ സമ്മാനങ്ങൾമാത്രമെ സ്വീകരിക്കുകയുണ്ടായുള്ളു. എന്നിട്ടുതന്നെ അഞ്ചുലക്ഷം പവനിൽ കുറയാതെ വിലപിടിപ്പുള്ള ആഭരണങ്ങൾ സമ്മാനമായി ലഭിച്ചുവെന്നാണ് ഏകദേശമായി തിട്ടപ്പെടുത്തിയിട്ടുള്ളതു്. ഇതു് ഇംഗ്ലണ്ടിലെ ഒന്നാംകിട ധനികന്റെ സ്വത്തോളംവരുന്നതും ഇതുകൊണ്ടുമാത്രം രാജപദവിക്കു ഒരു ഊനവുംതട്ടാതെ ഈ യുവദമ്പതികൾക്കു ജീവിക്കുവാൻ കഴിയുന്നതുമാണ്. മഹാത്മാഗാന്ധിയും താൻ സ്വയം നൂററ നൂലുകൊണ്ടു നെയ്ത ഒരു മേശവിരി അയച്ചുകൊടുത്തു് അദ്ദേഹത്തിന്റെ ആഹ്ളാദത്തെ പ്രകടിപ്പിക്കുകയുണ്ടായെന്നുള്ളതു് ഈ അവസരത്തിൽ സ്മർത്തവ്യമാണ്.

ഈ വിവാഹം ഇത്രയേറെ താല്പര്യമുള്ളവാക്കാൻ എന്താണു കാരണം? സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിലെ അടുത്ത കിരീടാവകാശിയെന്ന നിലയിലാണോ ഈ ആഹ്ളാദപ്രകടനമെല്ലാം? ഒരിക്കലുമല്ല. അങ്ങിനെയാണെങ്കിൽ രാജത്വ വ്യവസ്ഥയിൽ വിശ്വസിക്കാത്ത എത്രയോ രാജ്യങ്ങൾ ഇതിൽ ആഹ്ളാദിക്കുകയില്ലായിരുന്നു. പണ്ഡിതജവഹരിലാൽതന്നെ





ഇംഗ്ലണ്ടിലെ കിരീടാവകാശിനിയായ എലിസബത്തു് രാജകുമാരിയും ലഫ്റനന്റ് ഫിലിപ്പ് മൗണ്ട്ബാററനുമായുള്ള വിവാഹം വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽ വച്ചു നടന്നു. ലഫ്: മൗണ്ടുബാററനു ഇപ്പോൾ എഡിൻബറോയിലെ ഡ്യൂക്കുസ്ഥാനം രാജാവു നൽകിയിരിക്കുന്നു.

ഇതു് ഒരു ദേശീയഉത്സവംതന്നെയായിരുന്നു. ഇത്രയും ആഹ്ളാദപ്രദമായ ഒരു ആഘോഷം വളരെ വർഷങ്ങളായി ലണ്ടൻനഗരം ദർശിച്ചിട്ടില്ലതന്നെ. ബ്രിട്ടനിലെ എല്ലാ ഭാഗങ്ങളിൽനിന്നും ജനങ്ങൾ കക്ഷിഭേദവും, നിലവ്യത്യാസവും മറന്നു് തങ്ങളുടെ ഭാവിരാജ്ഞിയുടെ വിവാഹാഘോഷങ്ങൾ ദർശിക്കുന്നതിനായി ബക്കിംഗാം കൊട്ടാരത്തിന്റേയും, വിവാഹകർമ്മം നടത്തപ്പെട്ട വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിന്റേയും പരിസരങ്ങളിൽ തിങ്ങിക്കൂടിയിരുന്നു. ഒഴിക്കുവാൻ പാടില്ലാത്ത അസൗകര്യങ്ങളാൽ ലണ്ടനിൽ എത്താൻ കഴിഞ്ഞിട്ടില്ലാത്ത സ്വദേശത്തും വിദേശത്തും താമസിച്ചിരുന്ന ഇംഗ്ലീഷുകാർ റേഡിയോമുഖാന്തിരംകാര്യങ്ങൾ ഗ്രഹിക്കുന്നതിൽ വ്യാപൃതരായിരുന്നു. ഇംഗ്ലീഷുകാർക്കു മാത്രമല്ല ഈ വിവാഹം ആഹ്ളാദപ്രദമായിരുന്നതു്. ലോകത്തിന്റെ എല്ലാഭാഗങ്ങളിൽനിന്നും സന്ദർശകർ ലണ്ടൻപട്ടണത്തിൽ ഇതിനായിമാത്രം എത്തിയിരുന്നു. അമേരിക്കയിൽനിന്നുവന്ന ഒരു കോടീശ്വരൻ ദിവസംഒന്നിനു തൊള്ളായിരം പവൻ വാടകകൊടുത്താണു താമസിച്ചിരുന്നതെന്നു റിപ്പോർട്ടുണ്ടായിരുന്നു. ലോകത്തിലെ എല്ലാ രാജ്യങ്ങളുടേയും പ്രതിനിധികൾ ഈ വിവാഹച്ചടങ്ങുകളിൽ പങ്കെടുത്തിരുന്നു. വിവാഹഘോഷയാത്ര ക



രാജകീയവിവാഹത്തിന്റെ പുരോഹിതത്വം വഹിച്ച കാന്റർബറി ആർച്ച്ബിഷപ്പ് ഡാക്ടർ ജഫ്രീ ഫിഷർ

താൻ രാജവാഴ്ച ഇഷ്ടപ്പെടുന്ന ഒരാളല്ല എന്നു് സുവ്യക്തം പ്രസ്താവിച്ചിട്ടില്ലേ? എന്നിട്ട് അദ്ദേഹം എന്തിന് സ്വന്തനിലയിലും ഇന്ത്യയ്ക്കുവേണ്ടിയും ഉചിതമായ സമ്മാനങ്ങൾ അയച്ചുകൊടുത്തു? തനിക്കു സ്വയം പങ്കുകൊള്ളാൻനിവൃത്തിയില്ലാതെ വന്നതിൽ നിർവ്യാജം വ്യസനിച്ചുകൊണ്ടും മംഗളം ആശംസിച്ചുകൊണ്ടും തനിക്കുമാത്രം സ്വാധീനമായ ഹൃദ്യമായ ആ ഭാഷയിൽ ഒരു സന്ദേശമയച്ചതെന്തിന്? അതിനുള്ളമറുപടി ഇതാണ്. ഇംഗ്ലണ്ടിലെ രാജവംശം അധികാരത്തിന്റേയും പ്രതാപത്തിന്റെയുംചിഹ്നമല്ല. അതു രാജ്യത്തിലെ വിവിധവിഭാഗങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ദിവ്യതന്തുവാണ്. വേറെ എവിടെയെല്ലാം രാജവംശം ഇല്ലാതായാലും ഇംഗ്ലണ്ടിൽ അതു് നാശമടയുകയില്ല. അവിടത്തെ ജനങ്ങളുടെ ജീവിതവുമായി അതു് അത്രയേറെ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. രാജാവും പ്രജകളുടെതാല്പര്യത്തിൽ ഏററവും ശ്രദ്ധാലുവാണ്. ഏതാനും ദിവസത്തിനുമുമ്പുമാത്രം ഉണ്ടായ ഒരു പ്രഖ്യാപനം ഇതിനു് ദൃഷ്ടാന്തമല്ലേ? ഇപ്പോഴത്തെ ഈ നവദമ്പതികളുടെ ചെലവു് രാജ്യത്തിൽനിന്നാണ് ചെലവാക്കേണ്ടതു്. എന്നാൽ സാമ്പത്തികമായി ഒരു വിഷമസന്ധിയെ തരണംചെയ്യുന്ന

(ശേഷം പന്ത്രണ്ടാംപേജിൽ)

# സോഷ്യലിസ്റ്റ് പാർട്ടിയുടെ പരിപാടി

## ജയപ്രകാശ്നാരായൻ

IV

നമ്മുടെ ആൾബലത്തിൻെറ മുക്കാൽ ഭാഗത്തെയും, മൂലവിഭവങ്ങളുടെ മൂന്നിൽ രണ്ടു അംശത്തെയും ഉപയോഗിച്ചുവരുന്ന തായ കൃഷിയാണ് നമ്മുടെ സാമ്പത്തിക ജീവിതത്തിൻെറ ചഴിയാണിയെന്നിരുന്നാലും മുമ്പിലത്തെ ഗവമ്മെൻറിൽനിന്നും മുതലാളിത്തപരീതിയിലുള്ള വ്യവസായസൂത്രനിർമ്മാതാക്കളിൽനിന്നും കൃഷിക്കു അഗണ്യമായ ശ്രദ്ധമാത്രമെ ലഭിച്ചിട്ടുള്ളു. ഗ്രാമീണ സാമ്പത്തികവസ്തുതയ്ക്കു മൌലികമായ മാററങ്ങൾ വരുത്താതെ നമ്മുടെ സാമ്പത്തികവസ്തുതയ്ക്കു പൂർണ്ണവും സമീകൃതവും ആയ വികസനം വരുത്തുന്നതിനു സാധിക്കുകയില്ല. ആദ്യമായിട്ടു മാററങ്ങളുടെ ലക്ഷ്യം ഉടനടി വേണ്ട നിശ്ചിതകർത്തവ്യങ്ങൾ എന്നിവ സുനിശ്ചിതമായി നിർവചിക്കപ്പെടണം. ഈ പരിപാടിയിൽ പാർട്ടിയുടെ ഉടനടിയുള്ള ഉദ്ദേശ്യങ്ങൾ താഴെ കാണിച്ചിരിക്കുന്നതാണ്.

(എ) കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം വദ്ധിപ്പിക്കുന്നതിനും ഭൂപ്രയത്നത്തിൽ ആൾവീതമുള്ള ഉല്പാദനം കൂടുന്നതിനും ഉള്ള ഉദ്ദേശത്തോടുകൂടെ സംസ്ഥാനനിക്ഷേപം കൂട്ടുക. കാർഷികോല്പാദനത്തെ ധനസമത്ഥമായ അടിസ്ഥാനത്തിന്മേൽ ആക്കുന്നതിനുവേണ്ടി ഭൂപ്രയത്നത്തിലെ ഓരോ ആൾക്കാലപ്പണി'. കർഷകേതരപ്രയത്നങ്ങളിലെ 'ആൾക്കാലപ്പണി'യുമായിവച്ചു മാറുന്ന തോതിനെ പരിശോധിക്കണം.

(ബി) ഓരോ മേഖലയ്ക്കും യോജിക്കുന്നതും, സാമ്പത്തികമായി സ്വയംപര്യാപ്തമായിരിക്കുന്നതുമായ യഥാക്രമകൃഷിപ്പടവുകളെ സൃഷ്ടിക്കുന്നതിനുവേണ്ടി ഭൂസ്വത്തുടമസ്ഥതയുടെ രീതിയിൽ ആത്യന്തികവ്യത്യാസങ്ങൾ വരുത്തുക.

(സി) സഹകരണ ബഹുകാര്യസംഘങ്ങൾ, ധാന്യബാങ്കുകൾ, ഗ്രാമീണപ്രദേശങ്ങളിൽ അധികമുള്ള പ്രയത്നശക്തിയെ ഉപയോഗിക്കുന്നതിനായി, നിവൃത്തിയുണ്ടെങ്കിൽ ഉല്പാദനസഹകരണസംഘങ്ങളായി ഇടത്തരം വ്യവസായങ്ങൾ എന്ന നൂതനസാമ്പത്തികസംഘടനകളെ സൃഷ്ടിക്കുക.

(ഡി) ബഹുവിധത്തിലുള്ള ജന്മിയും ഉണ്ടിയൽക്കാരനും, ഈ മൂന്നു പ്രധാനകാര്യക്കാരാണ് ഇന്നു കർഷകരെ ചൂഷണം ചെയ്യുന്നതു്.

അതിനാൽ കർഷകനു് ഒരു നൂതനസ്ഥിതിനൽകുന്നതിലേക്കായി സകലവിധങ്ങളുമായ ജന്മിത്വത്തെയും ഇല്ലായ്മചെയ്യണം. സംസ്ഥാനത്തിൻെറയും ഭൂകർഷകൻെറയും ഇടയ്ക്കു പ്രവൃത്തിവിഹീനവും ഭോഗഭാജനവുമായ താല്പര്യങ്ങൾ ഉണ്ടായിരിക്കരുതു്. ഇപ്പോൾ അങ്ങിനെയുള്ള അനേകം മദ്ധ്യസ്ഥതാല്പര്യങ്ങളുണ്ട്.

സ്വയം പര്യാപ്തങ്ങളായ നിലവിരിവുകളെ സൃഷ്ടിക്കുന്നതിനുവേണ്ടി നിർബന്ധിതമായ ഏകീകരണവും ആവശ്യമാണ്.

മുൻപറഞ്ഞ രൂപങ്ങളുടെ സാരവത്തായ ഒരു ഉപലക്ഷ്യം കർഷകസ്ഥലങ്ങളുടെ സാമാന്യവിസ്തീർണ്ണം ഭൂമിയുടെ നല്പ്, പുഞ്ചയോ നഞ്ചയോ എന്നുള്ള ഭേദവും അതനുസരിച്ചു നിർണ്ണയിക്കേണ്ടിവരുമെന്നുള്ളതാണ്. അങ്ങിനെചെയ്യുന്നതിൽ കുറെ പുനർവിതരണം അന്തർഭവിക്കും.

അക്രമസമായോഗത്തിലും സാമ്പത്തികചൂഷണത്തിലുംനിന്നു ഗ്രാമീണധനകാര്യവസ്തുത വിമുക്തമാകണമെങ്കിൽ കർഷകത്തൊഴിലിനും ഒരു നൂതനസ്ഥിതി ലഭിക്കണം. ഓരോ കൃഷിമേഖലയിലും വേതനങ്ങൾക്കു കുറഞ്ഞപക്ഷമുള്ള താരിപ്പു നിശ്ചയിക്കണം.

ഇങ്ങനെയുള്ള ഉദ്യമത്തിനു് ഓരോകാലത്തും ആകെയുള്ള ആൾശക്തിയുടെ കണക്കെടുക്കലും അതിൻെറ വാർഷികമായ വിതരണവും ആവശ്യമായിവരും. നിഗൂഢമായിട്ടിരിക്കുന്ന ഒട്ടധികം തൊഴിൽക്കുറവിനെ അതു പുറത്തുകാണിക്കും ഈ കുറവിനെ അയൽപ്രദേശത്തു സ്ഥാപിക്കപ്പെടുന്നതും യുക്തവുമായ ഇടത്തരവ്യവസായങ്ങൾ ഉൾക്കൊള്ളണം. വാണിജ്യം വ്യവസായം എന്നിവയ്ക്കു സിദ്ധിച്ചരീതിയിലുള്ള ശ്രദ്ധ കാർഷികധനകാര്യത്തിനു ഇതേവരെ ലഭിച്ചിട്ടില്ല. ഗ്രാമീണസാമ്പത്തികകാര്യങ്ങളുടെ ഇപ്പോഴത്തെ രീതി കർഷകനെസംബന്ധിച്ചിടത്തോളവും മുതൽമുട്ടാത്തതും (നഷ്ടപരം) ന്യായരഹിതവുമാണ്. ധനപര്യാപ്തമായ വയൽപ്പടവുകളുടെ നിർമ്മാണവും നിയമംകൊണ്ടുള്ള വിശകലീകരണസമാപനവും, കൃഷിസ്ഥലാഭിവൃദ്ധിയ്ക്കുവേണ്ടി നേരിട്ടുള്ള സംസ്ഥാനനിക്ഷേപത്തിനും, കാലികപ്രവർത്തനങ്ങൾക്കു പണമിറക്കുന്നതു സംഘടിപ്പിക്കുന്നതിനും നൂതനവീഥികളെ തുറക്കും. പുതിയ കൈവശപ്പടവുകളെ 'വിളവുരക്ഷാഭോഗത്തിനു്' നിലനിറുത്തുവാൻ കഴിയും, അങ്ങിനെ ചെയ്യുകയും വേണം. ദൈനംദിനധനകാര്യത്തിനുപയുക്തമായ ഒരു ഉപകരണം സമഗ്രഗ്രാമസഹായകസമിതി (ഒരു ബഹുകാര്യസംഘം,യും ധാന്യബാങ്കുമാണ്. ഈ സമിതി ഗ്രാമത്തിൻെറ സംഘടിതസാമ്പത്തികജീവിതത്തെ ദ്യോതിപ്പിക്കണം. കർഷകരുടെ സാമ്പത്തികപ്രവർത്തനങ്ങളെ സ്തിതികൾ എടുക്കയും വേണം. അവൻെറ സ്വന്തംപ്രവൃത്തിയല്ലാതെമാറു കർഷകവ്യാപാരങ്ങൾ നടത്തുന്നതിനു യാതൊരു കർഷകവക്തിയും അനുവദിക്കപ്പെടുകയില്ല. കാലികമായ ധനസഹായം തിരഞ്ഞെടുത്തു തരംതിരിച്ച വിത്തുകൾ, പരിഷ്കരിച്ച ഉപകരണങ്ങൾ, നല്ല ഇനത്തിലുള്ള കന്നുകാലികൾ, ഗ്രാമീണോല്പന്നങ്ങളുടെ വില്പന, ഇവയെല്ലാം നടത്തുന്നതു് വ്യക്തിപരമായിട്ടല്ല. ബഹുകാര്യസംഘങ്ങൾ വഴിക്കായിരിയ്ക്കും. അതുപോലെതന്നെ ഭോക്താക്കളുടെ സഹകരണസംഘം ചില്ലറ വില്പനയ്ക്കായും ഉണ്ടായിരിക്കണം.

കാലികമായ ഈ പ്രവർത്തനങ്ങൾക്കും പുറമെ, ഭൂമിയും മേൽതറയും നന്നാക്കുക, നീരൊഴുക്കുചാലുണ്ടാക്കുക, കാടുവച്ചുപിടിപ്പിക്കുക, ഇലക്ട്രിസിററിയിടുക, ഇടത്തരം വലിപ്പമുള്ള വ്യവസായങ്ങളെ സ്ഥാപിക്കുക, ചെറിയ തോതിലുള്ള ജലസേചനപദ്ധതികൾ നടപ്പാക്കുക, റോഡുകൾ വെട്ടുക എന്നിവയ്ക്കു ഗ്രാമീണധനാഗമത്തിൽനിന്നു് ധനം ലഭ്യമാകണം. ഒരു പ്രദേശത്തേക്കു് ഈ പ്രവർത്തനങ്ങളെ ഗ്രാമീണസമിതികളുടെ സഹകരണത്തോടുകൂടെ പ്രവിശ്യാഗവണ്മെൻറിൻെറ ഡിസ്ട്രിക്ട് ഏജൻസി താങ്ങിനിർത്തും. ഇക്കാര്യത്തിൽ ധനം പുറത്തുനിന്നും, ആൾശക്തി അകത്തുനിന്നും മുൻകൂട്ടി നിശ്ചയിയ്ക്കപ്പെട്ടിട്ടുള്ള തോതിൽ വരുന്നതായിരിക്കും ഗ്രാമസഹായത്തോടുകൂടെയുള്ള ഈ വക പ്രാദേശിക പ്രവർത്തനങ്ങളുടെ വികാസം പുതിയ തൊഴിലുകളെ ഉണ്ടാക്കുകയും പുറംതള്ളപ്പെട്ട തൊഴിലാളി സംഘത്തെ ഉൾക്കൊള്ളുകയും ചെയ്യും. അങ്ങനെ ഗ്രാമീണ കൃഷിവസ്തുവകകളുടെ പുനഃസംഘടനയെ പുരോഗമിപ്പിക്കയും ചെയ്യും.

ഇങ്ങനെയുള്ള ഒരു പദ്ധതിയുടെ നിർവിഘ്നമായ നിർവഹണത്തിനു് എതിരായി പ്രവർത്തിക്കുന്ന രണ്ടു് സംഗതികൾ ഉണ്ടു്.

നിർബന്ധിതമായ ഏകീകരണം തോതിനുതാഴെയുള്ള ഭൂമിയുടെ ഉടമസ്ഥന്മാരുടെ ഉടമസ്ഥാവകാശങ്ങളെ നിബന്ധിയ്ക്കുയുംതന്മൂലം അവരിൽ ചിലർ സ്ഥാനഭ്രഷ്ടരായി കർഷകത്തൊഴിലാളികളുടെ നിലയിലേക്കു താഴ്ത്തപ്പെട്ടവരായി കാണുകയും ചെയ്യും. കർഷകത്തൊഴിലാളിയുടെ നൂതനപരിസരങ്ങളിലുള്ള നിലം തുണ്ടുതുണ്ടായിട്ടുള്ളതും സ്വയംപര്യാപ്തമല്ലാത്തതുമായ ഭൂമിത്തുണ്ടുകളുടെ പഴയ ഭൂമിയുടമസ്ഥന്മാരുടേതിനേക്കാൾ പ്രത്യക്ഷത്തിൽ മെച്ചമായിരിക്കുമെങ്കിലും ഗ്രാമത്തിലുള്ള അവൻെറ നിലയ്ക്കു ഇടിവുതട്ടും. ഈ വർഗ്ഗം സംഖ്യയിൽ അഗണ്യമായിട്ടുള്ളതല്ല. നൂതന വ്യവസ്ഥയ്ക്കു അവർ പ്രതിരോധം നൽകും. അതിൻെറ ശക്തിയെ തരംതാഴ്ത്തി വിചാരിക്കരുതു്. കർഷകൻ അപ്രകാരമുള്ള മാററങ്ങളെ എതിർക്കും. ആ വസ്തുതയെ സമഗ്രഗ്രാമസഹായകസംഘങ്ങളെ പടുത്തുണ്ടാക്കുന്ന അവസരത്തിൽ ഓർത്തിരിക്കേണ്ടതാണ്.

ഭൂപ്രയത്നത്തിൽനിന്നു് ഒരു മനുഷ്യമണിക്കൂറിനു് ഉല്പന്നമാകുന്ന ആദായവും കർഷകേതരപ്രയത്നങ്ങളിൽനിന്നു ഉല്പന്നമാകുന്നതും തമ്മിലുള്ള വിപുലമായ അസാമ്യത്തെ കുറിച്ചു മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഗ്രാമീണധനകാര്യവസ്തുതയിൽ ഇതു് ചില ഗൌരവഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. ആരംഭശക്തിയോടുകൂടിയ ഐശ്വര്യവാഞ്ഛയും സാമത്ഥ്യവും ഉള്ള ആളുകൾ ഗ്രാമങ്ങളെ ഉപേക്ഷിച്ചു് അവരുടെ ഭാഗ്യം നാഗരികപ്രവൃത്തികളിൽ അന്വേഷിക്കുന്ന ഒരു താരിപ്പു് വീണിട്ടുണ്ട്. [illegible]ഷിതശക്തിക്കുറവുള്ള ചില തരക്കാർ ഭൂമിയിൽത്തന്നെ ഒട്ടിനിൽക്കുന്നു. അതിൻെറ അർദ്ധനിശ്ചലവും വിഷണ്ണവും ആയ അന്തരീക്ഷത്തിൽ ഗ്രാമം സംസർഗ്ഗവിഹീനമായി കഴിയുന്നു. ഗ്രാമീണജനങ്ങളുടെ ഇടയിലുള്ള ആരംഭശക്തിശൂന്യത ഒരു ഗൌരവാവഹമായ വിഷമതയാണ്. ഗ്രാമീണജനസമുദായത്തിൻെറ സംഘടിതജീവിതത്തിന്മേൽ അർദ്ധസാമന്താധികാരം ചെലുത്തുന്ന ഒരുതരം സമുദായവിരോധഭ്രഷ്ടങ്ങൾക്കു് ഗ്രാമങ്ങളെ ഈ ന്യൂനത ഇരയാക്കുന്നുണ്ടു്. ഈ കലഹപ്രിയരായ സമുദായവൈരിഗ്രാമയജമാനന്മാരുടെ പ്രവർത്തനങ്ങളെ നിരോധിച്ചു പുറത്തടിക്കുകയും, ഗ്രാമീണരുടെ ഇടയിൽ കൂടുതൽ ആരംഭശക്തിയും ഉത്സാഹവും കഴിവും ജനിപ്പിക്കയും പ്രത്യേകപ്രയത്നംകൊണ്ടു് കൈവരുത്തേണ്ടതായ കർത്തവ്യങ്ങളാണ്. ഇവ കൈവരുന്നതുവരെ ഗ്രാമീണജീവിതത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ പുഴ അലസഗതിയുള്ളതും ചളിനിറഞ്ഞതുമായിരിക്കയേ ഉള്ളൂ. ഏതൽകാരണങ്ങളാൽ ഈ പദ്ധതി പ്രവർത്തനത്തിൻെറ പ്രാരംഭദശകളിൽ ആരംഭത്വം പ്രാദേശികാധികാരിയിൽത്തന്നെ ഇരിക്കണം. പുരോഗതിയുടെ വേഗം കൂട്ടുന്നതിലേയ്ക്കുവേണ്ടി ഗ്രാമവാസികളുടെ ഇടയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരെക്കൊണ്ടു് മുന്നണിസംഘങ്ങളെ സംഘടിപ്പിക്കുന്നതു് ഉപകാരപ്രദമായിരിക്കും. അങ്ങിനെയുള്ള ദലങ്ങളുടെ ആറുമാസത്തെ ശിക്ഷണംകൊണ്ടു് ആവശ്യമുള്ള മനുഷ്യശക്തിക്കുള്ള കുറവുണ്ടാകുന്നതിനെ പരിഹരിക്കാം. അതു സമത്ഥവും കാര്യസാധകവും ആയ കൂട്ടപ്രവർത്തനത്തെ ഉൽക്കർഷപ്പെടുത്തുകയും ചെയ്യും. സാധാരണയായി ആറു ആഴ്ചയിലെ തിമിർത്ത പരിശീലനം കൊണ്ടു് ഒരു വെറും ഗ്രാമീണയുവാവു് സാമാന്യം ശിക്ഷിതനായ ഒരു സൈനികനായിത്തീരുന്നു. ഗ്രാമീണ ധനകാര്യവസ്തുതയുടെ അതിശക്തമായ പരിവർത്തനോത്സാഹത്തിനു് അവശ്യംവേണ്ടതായ പ്രാദേശികമായ ജനപ്രവർത്തന പ്രശ്നത്തെ പരിഹരിക്കണമെങ്കിൽ വ്യവസ്ഥങ്ങളായ ഉപകരണങ്ങളോടും ആയുധങ്ങളോടും കൂടെ മുൻപറഞ്ഞ രീതിയിൽ ഒരു ഗ്രാമീണ പുനഃസംഘടനാസേനയെ പരിശീലിപ്പിക്കതന്നെ വേണം. ഈ കാരണത്താൽ ആരംഭകർത്തൃത്വം ആദ്യഘട്ടത്തിൽ പ്രാദേശികാധികാരിയിൽ ഇരിക്കണം. ഗ്രാമീണസേനകൾ ഭരിക്കുവാൻപോന്നവരായി വരുന്നതനുസരിച്ചു് ഗ്രാമങ്ങൾതോറും അധികാരം അവരിലേക്കുമാറും.

പക്ഷെ അങ്ങിനെയുള്ള ഒരു സംവിധാനം ടി. വി. എ. മാഡലിലുള്ള ഒരു മേഖലാസംവിധാനമായ വിപുലതരമായ ഉപായങ്ങളോടുകൂടി യോജിപ്പിക്കപ്പെടണം. ഏകകാലത്തുള്ളതും നാനാവശങ്ങളിലുള്ളതുമായ ഒരു സമീപനം ഇല്ലാത്തപക്ഷം ഗ്രാമീണ ധനകാര്യവസ്തുതയ്ക്കു് രാഷ്ട്രജീവിതത്തിൽ അതർഹിക്കുന്ന സ്ഥാനം ലഭിക്കയില്ല.

നാം നേടുവാനായി പുറപ്പെട്ടിരിക്കുന്നതു് ഒരു നൂതന മാതൃകയിലുള്ള ഗ്രാമീണൻെറയും ഒരു നവീനരീതിയിലുള്ള ഗ്രാമത്തിൻെറയും സംസൃഷ്ടി ആകയാൽ ഏതൊരു രാഷ്ട്രീയ പുനഃസംഘടനാപദ്ധതിയിലും ഈ ഗ്രാമീണ പ്രശ്നങ്ങൾക്കു് പ്രഥമശ്രദ്ധനൽകണമെന്നു പാർട്ടി നിർദ്ദേശിക്കുന്നു.

(ശേഷം പതിനൊന്നാംപേജിൽ)

## ബ്രിട്ടീഷു രാജകുടുംബാംഗങ്ങൾ



എലിസബത്തു രാജകുമാരി, ലഫ്. മൌണ്ടുബാററൻ, രാജ്ഞി, രാജാവു്, മാർഗാററുറോസ്റ്റാജകുമാരി

# വനസംരക്ഷണവും വഞ്ചിനാടും

## കുട്ടനാട്ടിലെ കൃഷിക്കാരൻ കൂടുതൽ ശ്രദ്ധിക്കണം

കുട്ടനാടൻ

മുൻപൊരിക്കൽ കോട്ടയത്തുകാരൻ ഒരു സ്നേഹിതൻ, "ഈ വനങ്ങളൊക്കെ കൃഷിക്കായി പതിച്ചുകൊടുക്കുന്നതുകൊണ്ട് എന്തു ദോഷമാണ് വരാൻപോകുന്നത്?" എന്നിങ്ങനെ ഒരു സംഭാഷണത്തിനിടയിൽ ചോദിക്കയുണ്ടായി. പഴയ ബ്രൂക്ക്ബാണ്ട് പ്രക്ഷോഭണത്തെപ്പററി ഓർമ്മയുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിൽനിന്ന് ആ ചോദ്യം പുറപ്പെടുകയില്ലായിരുന്നു. അന്നു തിരുവിതാംകൂറിലെ മിക്ക പത്രങ്ങളും വനനാശത്തിൻെറ ദോഷങ്ങളെപ്പററി പ്രതിപാദിച്ചിരുന്നു. നിയമസഭയ്ക്കുള്ളിലും പുറത്തും പ്രബലമായി നടന്ന [illegible]ത പ്രക്ഷോഭണത്തിൻെറ ഫലമായി നാട്ടുകാർക്ക് കണ്ടമാനം വനം നശിപ്പിക്കുന്നതുകൊണ്ടുള്ള തകരാറുകളെപ്പററി അറിയാൻ കഴിഞ്ഞിരുന്നു. ഇന്ന് ബ്രൂക്ക്ബാണ്ട കമ്പനിക്കാരല്ല തിരുവിതാംകൂറിലെ വനം പതിക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഒരു വ്യത്യാസമേ ഉള്ളൂ.

പരിഷ്കൃതരാജ്യങ്ങളൊന്നും ഇന്ന് വനം നശിപ്പിക്കാനല്ല അതിനെ പുനരുദ്ധരിക്കാനാണ് ശ്രമിക്കുന്നതെന്ന് കാണാമെന്നുണ്ട്. ഗ്രേററ്ബ്രിട്ടൻ, തെക്കെ ആഫ്റിക്ക, അമേരിക്ക എന്നിവിടങ്ങളിൽ വനങ്ങൾ വീണ്ടും വച്ചുപിടിപ്പിക്കാനാണ് ഗവമ്മെൻറുകൾ ശ്രമിക്കുന്നത്. ഇന്ത്യയിലും, ബമ്മയിലും പുതിയ ഇന്ത്യാ ഭരണനിയമങ്ങൾ അനുസരിച്ച് സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഗവമ്മെൻറുകൾക്ക് വനസംരക്ഷണത്തിൻെറ പ്രാധാന്യത്തെപ്പററി ബോധമുണ്ടെങ്കിലും ഒരു പ്രവൃത്തനങ്ങൾക്കായി വനംവകുപ്പിൽനിന്നുപോലും സ്റ്റാഫുകളെ പിൻവലിക്കുന്നുണ്ടത്രേ. ഇതിനെപ്പററി എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കായുടെ പുതിയ പതിപ്പിൽ (൧൯൪൭) പറയുന്നത് വനങ്ങളുടെ ഗുണം, ഭാവിയിൽ അവയിൽനിന്നുള്ളവരവ്, എന്നിവയെ അത് സാരമായി ബാധിക്കാതെ ഗത്യന്തരമില്ലെന്നാണ്. അതിങ്ങനെ തുടരുന്നു:— "Soil conservation and the protection of water supplies is becoming one of the most important branches of protective forestry." അഥവാ, വനസംരക്ഷണത്തിൽ മണ്ണ് ഒഴകിപ്പോകാതെയും മഴവെള്ളം കണ്ടമാനം നഷ്ടപ്പെടാതെയും സൂക്ഷിക്കുക എന്നത് അത്യന്തം പ്രധാനമായിത്തീർന്നിരിക്കുന്നു.

എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കായെത്തന്നെ ഈ ലേഖനത്തിൽ തുടരെ ആശ്രയിക്കേണ്ടിയിരിക്കുന്നതിനാൽ അതിൻെറ ൧൯൨൯-ലെ പതിപ്പിൽ എന്തു പറയുന്നു എന്ന് അടുത്തതായി ശ്രദ്ധിക്കാം. അതിൽ സംരക്ഷണപരമായ വനശാസ്ത്രത്തെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ ഇങ്ങനെ കാണുന്നു.— "The disastrous results of destroying forests and other natural vegetation have long been known, but it is only within recent times that the full extent of damage has been realised" വനങ്ങളും മററു വൃക്ഷലതാദികളും നശിപ്പിക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ വളരെക്കാലമായി അറിയപ്പെട്ടിട്ടുള്ളതാണെങ്കിലും അതുകൊണ്ടുള്ള നാശം എത്രത്തോളമെന്ന് പൂർണ്ണമായി അറിഞ്ഞുതുടങ്ങിയിട്ട് അധികംനാളുകളായിട്ടില്ലത്രേ. ഇവിടെ വനങ്ങൾമാത്രമല്ല, മററു വൃക്ഷലതാദികളും കണ്ടമാനം നശിപ്പിക്കാവുന്നതല്ലെന്ന് എൻസൈക്ലോപ്പീഡിയായുടെ ശാസ്ത്രജ്ഞൻ പറയുന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേരളത്തിലെ കാവുകൾ രക്ഷണീയങ്ങളും, പൂജനീയങ്ങളുമാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നുണ്ടല്ലോ. അത്രമാത്രവുമല്ല, ഫലവൃക്ഷങ്ങൾ വെട്ടിക്കളയരുതെന്ന് ഗവമ്മെൻറ് കുറെനാളുകൾക്കുമുൻപ് പ്രസ്നോട്ട് മുഖേന നിർദ്ദേശിച്ചിരുന്നു എന്നുള്ളത് വിശിഷ്യ സ്മരണീയവുമാണ്. നല്ല വില കിട്ടിയാൽ ഏതുതരം വൃക്ഷവും വെട്ടിവിൽക്കുന്നപതിവു നാട്ടുകാർ ഉപേക്ഷിക്കതന്നെ വേണ്ടിയിരിക്കുന്നു.

പ്രകൃതിസിദ്ധമായ വൃക്ഷലതാദികൾ നശിപ്പിക്കുന്നതുകൊണ്ട് അന്തരീക്ഷത്തിലെ നീരാവികുറയുകയും മഴക്കാലത്തെ കാററിനു ശക്തിവദ്ധിക്കുകയും, ജലാശയങ്ങളിലെ വെള്ളം കൂടുതൽ വേഗത്തിൽ വററിപ്പോകയും ചെയ്യുന്നതാണ്. വൃക്ഷങ്ങളും, കാവുകളും ചൂടിനെ മിതമായ അളവിൽ ശേഷിപ്പിക്കുന്നതിനാൽ, കുളങ്ങൾ, കിണറുകൾ, നദികൾ എന്നിവയിലെ ജലം അത്ര വേഗത്തിൽ വററിപ്പോകയില്ലെന്നു ഓക്കേണ്ടിയിരിക്കുന്നു. വനങ്ങൾ ധാരാളമായിമുണ്ടെങ്കിൽ വെള്ളപ്പൊക്കം കുറയുന്നതും, മലയിലെയും, നാട്ടിൻപുറങ്ങളിലെയും മേൽവളം കുത്തിയൊലിച്ചുപോകാതെ കിടക്കുന്നതും മണ്ണിൻെറ ഗുണം കുറയാതിരിക്കുന്നതുമാണ്. വൃക്ഷങ്ങൾ വെട്ടിത്തെളിച്ച മലകളിലെ മണ്ണും എക്കലും മററും നദികളിൽ ഒലിച്ചിറങ്ങി അത്യാപൽക്കരമായ വെള്ളപ്പൊക്കം ഉണ്ടാക്കുകയും നദികളിലടിഞ്ഞു അവയുടെ ആഴം കുറയ്ക്കുകയും ചെയ്യുന്നതായി എൻസൈക്ലോപ്പീഡിയാ തുടന്നു പ്രസ്താവിക്കുന്നു. ഈയിടെയായി ഈ അപകടം പല രാജ്യങ്ങളുടേയും ശ്രദ്ധയെ ബലാദാകർഷിക്കയും അവ അതിനു പരിഹാരം ചെയ്യുന്നതിൽ ജാഗരൂകങ്ങളായിത്തീരുകയും ചെയ്തിട്ടുണ്ട്.

ഇതിനു ഉദാഹരണങ്ങൾ ഒട്ടേറെയുണ്ടെന്നു പറയേണ്ടതില്ല. മിക്ക യൂറോപ്യൻ രാജ്യങ്ങളിലും വനംതെളിക്കുന്നതിനു വിരുദ്ധവും, വീണ്ടും വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനു ശാസന നൽകുന്നതുമായ നിയമങ്ങൾ പ്രയോഗത്തിൽ വന്നിരിക്കുന്നു. ജപ്പാനിൽ കഴിഞ്ഞ ൨൦൦ വർഷമായി പുതിയ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിൽ ഗവമ്മെണ്ട ശ്രദ്ധിക്കുന്നുണ്ട്. അമേരിക്കയിലെ യുണൈറഡ്സ്റ്റേററ്സിലാകട്ടെ പശ്ചിമസമതലങ്ങളിലെ മണ്ണെല്ലാം ഒലിച്ചുകടലിൽ പോയതിൻെറ ഫലമായി മണൽസംരക്ഷണത്തിനു ഒരു പ്രത്യേകവകുപ്പുപോലും ഏർപ്പെടുത്തിയിരിക്കുന്നു. ക്യാനഡായിലെ ഫാറസ്റ്റ്‌വാർഡന്മാർ വനംവച്ചുപിടിപ്പിക്കാനും കാട്ടുതീ മുതലായവ തടയാനും തങ്ങൾ ബാദ്ധ്യസ്ഥരാണെന്നു ഒരു സത്യപ്രതിജ്ഞയിൽ ഒപ്പിടാറുണ്ടത്രെ. ക്യാനഡാ, ആഫ്റിക്ക, യുണൈറഡ്സ്റ്റേററ്സ് എന്നിവിടങ്ങളിലെല്ലാം അനേകകോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്നു കണക്കുകൾകൊണ്ടു കാണുന്നുമുണ്ട്.

വനശാസ്ത്രത്തിൻെറ ഒരു ചുരുങ്ങിയ വിവരണം എൻസൈക്ലോപ്പീഡിയായുടെ ൧൯൨൯-ലെ പതിപ്പിൽ കാണ്മാൻ കഴിയും. വനം എന്ന ശബ്ദത്തിൻെറ അർത്ഥത്തിനു പല വ്യത്യാസങ്ങളും ഓരോ കാലത്തുണ്ടായിട്ടുണ്ട്. എന്നാൽ ശീതോഷ്ണാവസ്ഥയുമായുള്ള ബന്ധം, വളംനിറഞ്ഞ മണ്ണിനെ രക്ഷിക്കാനുള്ളതിൻെറ കഴിവു, മററു പരിതസ്ഥിതികൾ എന്നിവയെ പരിഗണിച്ച് വനത്തെ ജീവിശാസ്ത്രത്തിലെ ഒരു പ്രധാനാംശമായി ഉൾപ്പെടുത്താൻ ഇന്നത്തെ ശാസ്ത്രജ്ഞന്മാർ മടിക്കുന്നില്ല. അതിൻപ്രകാരം വനം എന്നതു സ്വന്തനിയമങ്ങളാൽ സ്വയം ഭരിക്കുന്ന ഒരു വൃക്ഷസമൂഹമെന്നാണ ഗണിക്കപ്പെടുന്നതു്.

മനുഷ്യവർഗ്ഗങ്ങളെ അവിടവിടെ തരംതിരിച്ചു താമസിപ്പിക്കുന്ന കാര്യത്തിൽ വനങ്ങൾക്കു ഒരു പ്രധാനകയ്യുണ്ടെന്നു പറയപ്പെടുന്നു. പല മനുഷ്യസമുദായങ്ങളുടേയും, ആത്മീയവും കലാപരവുമായ ജീവിതത്തെ ഉത്തേജിപ്പിക്കയും ഒരു വലിയ സംസ്കാരത്തെ വളർത്തുകയും ചെയ്യാൻ വനങ്ങൾക്കു കഴിഞ്ഞിട്ടുണ്ടെന്നു ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. ഇന്ത്യൻ സംസ്കാരവും, പരിഷ്കാരവും വനജന്യവും വനപുഷ്ടവും ആണെന്നുള്ള ടാഗോറിൻെറ അഭിപ്രായം ഇവിടെ ശ്രദ്ധേയമാണ്. എൻസൈക്ലോപ്പീഡിയായിലെ ശാസ്ത്രജ്ഞന്മാർ അതു വിസ്മരിക്കുന്നുമില്ല. ഒരു പക്ഷേ കേരളസംസ്കാരംതന്നെ വനജന്യമല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏറെക്കാലം മുൻപു ഇവിടത്തെ ഫാറസ്ററ് കൺസർവേറററായിരുന്ന ബോർഡില്ലൺ എഴുതിയ റിപ്പോർട്ടിൽ, വനത്തിൽനിന്നു ജനങ്ങൾ സമതലങ്ങളിലേയ്ക്കു കുടിയേറിയതിനെപ്പററി പ്രസ്താവിക്കുന്നുണ്ട്. എസ്റ്റേററുകൾ കൂടുതലായി നിർമ്മിക്കുന്ന പതിവിനെ അദ്ദേഹം എതിർക്കുകയാണു ചെയ്യുന്നതെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്. അതുകൂടാതെ, തിരുവിതാംകൂറിൽ കടൽ മലകളിൽനിന്നു വളരെ അകലെയല്ലാതെ സ്ഥിതിചെയ്യുന്നതിനാൽ വനം തെളിക്കുന്ന പതിവു നിർത്തിയില്ലെങ്കിൽ ആപത്ത് ആസന്നംതന്നെയാണെന്നും അദ്ദേഹം വിചാരിക്കുന്നു. അതിരിക്കട്ടെ. ചിത്രരഞ്ജനത്തെ മാത്രമല്ല, സംഗീതകലയെപ്പോലും വനാന്തരങ്ങൾ ഉത്തേജിപ്പിക്കുന്നുണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം. ഇലകളും, ചെടികളും വള്ളികളും. വൃക്ഷങ്ങളും, കലാരീതികൾക്കു മാർഗ്ഗദർശനംചെയ്തിട്ടുണ്ട്. മലകളുടെ കിടപ്പും വനങ്ങളുടെ നിൽപും, ചിത്രകാരന്മാരെ അത്യധികം ആകർഷിക്കയുംചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ മനുഷ്യനു തൻെറ ആത്മാവുമായി സമ്പക്കത്തിലേർപ്പെടാൻ വനങ്ങൾ നൽകുന്ന സൗകര്യങ്ങൾ വനവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൻെറ പരിഗണനയിൽ വിസ്മരിക്കപ്പെടാവുന്നതല്ല. ആദ്യകാലത്തെ ഉച്ഛൃംഖലമായ തള്ളിക്കയററത്തിനിടയിൽ മനുഷ്യൻ വനങ്ങളെ ജയിക്കാൻ ശ്രമിച്ചു. പക്ഷേ ഇന്നാകട്ടെ, വനം എന്നതു മല്ലയുദ്ധംചെയ്യേണ്ട എതിരാളിയല്ലെന്നും, "പരിഷ്കാരത്തെ രക്ഷിക്കണമെങ്കിൽ വനങ്ങളെ പുലർത്തണമെന്നും" ബോധമുള്ള മനുഷ്യസമുദായങ്ങൾ മനസ്സിലാക്കിയിരിക്കുന്നു.

വനം തെളിക്കുന്നതോടെ ജനനിബിഡമായ പ്രദേശങ്ങൾക്കു വ്യവസായത്തിനാവശ്യമായ തടി കിട്ടാതാകുന്നു എന്നുള്ളതു കൂടാതെ സാമ്പത്തികവും, സാമൂഹ്യവുമായി മററു ദുഷ്ഫലങ്ങൾ ഉളവാകുകയും ചെയ്യുന്നു. തിരുവിതാംകൂറിലെ വനങ്ങൾ തെളിക്കുന്നതുകൊണ്ട് വിലയേറിയ വന്യമൃഗങ്ങളുടെ സംഖ്യയും, മററു വനവിഭവങ്ങളും കുറയാതെ നിവൃത്തിയില്ല. എൻസൈക്ലോപ്പീഡിയാ വീണ്ടും പറയുന്നു:-

The stripping of the mountain forests resulted in the occurrence of torrents, in erosion, in floods, and in general change in the regime of streams. The disappearance of the forest has also affected the climate and with the growth of industrialism has resulted in the physical deterioration of a large part of the population. Much of the forest-land that has been cleared on mountain slopes, sandy plains, or rocky hills has proved unsuitable for agriculture and has failed to provide room for permanent settlement. Practicaly all the civilised countries of the world have now come to realise that there is a point where further clearing of the forest, no matter how dense the population may be, proves detrimental to progress itself"

ഇവിടെ വായനക്കാർ ചില സംഗതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മലകളിലെ വനങ്ങൾ തെളിക്കുന്നതോടെ കുത്തിയൊഴുക്ക്, മണ്ണിടിവ്, പ്രളയം, ശീതോഷ്ണസ്ഥിതിയിൽ തകരാറ് സംഭവിക്കുകമൂലം ജനങ്ങളുടെ ആരോഗ്യത്തിനു ഹാനി, എന്നിങ്ങനെ പല ദോഷങ്ങളും സംഭവിക്കുന്നു. നദികൾക്കു തന്നെയും പൊതുവേ ദോഷം സംഭവിക്കുന്നുണ്ടെന്നുള്ളതു് മറെറാരു പ്രധാന സംഗതിയാണ്. വെള്ളപ്പൊക്കം മഴക്കാലത്തു് ഏറുകയും, ഉഷ്ണകാലത്തു് ജലക്ഷാമം നേരിടുകയുയും ചെയ്കയാണ് വനം തെളിയ്ക്കുന്നതിൻെറ ഫലം. മഴക്കാലത്തു് മലയിൽ വെള്ളം അടിയിൽതാഴാൻസഹായിക്കുന്ന വൃക്ഷങ്ങൾ ഇല്ലെങ്കിൽ അതു കുത്തിയൊലിച്ച് നദികളിൽ പ്രളയത്തിനിടയാക്കും. വേനൽക്കാലത്താകട്ടെ, അടിയിൽതാഴ്ന്ന ജലം ഊറി നദികളിൽ വന്നുചേരാത്തതുകൊണ്ട് അവ തീരെ വറണ്ടുപോകയുംചെയ്യും. രണ്ടായാലും ഫലം നാശംതന്നെ. കാട്ടിലെ ഉണങ്ങിവീണ ഇലകൾ അട്ടിയട്ടിയായി കിടക്കുന്നതുകൊണ്ടും, വൃക്ഷങ്ങളുടെ വേരുകൾ ബലമായി തടയുന്നതുകൊണ്ടും മണ്ണ് ഇളകി ഒഴുകുന്നില്ല. അതിനാൽ നദികൾ കാലാന്തരത്തിൽ മണ്ണടിഞ്ഞു് മൂടിപ്പോകാതെ ശേഷിക്കുന്നു. വെള്ളപ്പൊക്കത്തിനു് ഒരു കാരണം മണ്ണ് വന്നടിയുകയാൽ നദികളുടെ അടിത്തട്ട് ഉയർന്നുപോകുന്നതാണ്. വൃക്ഷങ്ങൾ വെട്ടിക്കളഞ്ഞാൽ ഇലകൾവീണ് അട്ടിയട്ടിയായി കിടക്കുകയാകട്ടെ, വെള്ളം അവയിൽ വീണ് ഉറയുകയാകട്ടെ ചെയ്കയില്ല. മണ്ണിനെ ഇടിയാതെ നിലയ്ക്കുനിർത്തുന്ന വേരുകളും മലയിൽ ശേഷിക്കാതാകുന്നു. നാടിൻെറ ഇന്നത്തേയും, ഇനി അനേകതലമുറക്കാലത്തേയും ക്ഷേമത്തെ നിലനിർത്തുന്ന കാടു് തെളിക്കുന്നതു് ആപൽക്കരമാണെന്നു എത്രപറഞ്ഞാലും അധികമായിപ്പോകയില്ല.

മേൽ ഉദ്ധരിച്ച ഖണ്ഡികയിൽ അടുത്തതായി ശ്രദ്ധിക്കേണ്ടതു് മലകളിലായാലും, സമതലങ്ങളിലായാലും, കുന്നിൻപുറങ്ങളിലായാലും കാടുവെട്ടിത്തെളിച്ചതുകൊണ്ടു കൃഷിക്കോ, സ്ഥിരമായ താമസത്തിനോ വിശേഷിച്ചു ഗുണമൊന്നുമുണ്ടായിട്ടില്ലെന്നുള്ള അഭിപ്രായമാണ്. മലഞ്ചരിവുകളിൽ നെല്ലുംമററുംകൃഷിചെയ്ക എളുപ്പമല്ല. ചില ഉയർന്നപ്രദേശങ്ങളിൽ താമസിക്കുന്നവർക്കു ആണ്ടിൽ കുറെമാസത്തേക്കു വെള്ളംകിട്ടാറില്ലെന്നു പ്രസിദ്ധവുമാണ്. ശബരിമലയ്ക്കുപോകുന്നവർ വലിയ വിലകൊടുത്തു വെള്ളം വാങ്ങേണ്ടിവരുന്നല്ലോ. അതിനാൽ സ്ഥിരതാമസത്തിനു ആ വക പ്രദേശങ്ങൾ കൊള്ളുകയില്ലെന്നു കാണാൻ കഴിയും. മറെറാരു സംഗതി ആളുകൾ വദ്ധിക്കുന്നതിനാൽ, മലതെളിക്കണമെന്നുള്ള സാധാരണ വാദത്തിൽ പറയത്തക്ക കഴമ്പൊന്നുമില്ലെന്നുള്ളതാണ്. മേലുദ്ധരിച്ചഭാഗത്തു പറയുന്നതു്, ജനസംഖ്യ എത്ര കൂടിയാലും വനങ്ങൾ തെളിക്കാൻപാടില്ലെന്നു പരിഷ്കൃതരാജ്യങ്ങളെല്ലാം മനസ്സിലാക്കിയിട്ടുണ്ടെന്നാണല്ലോ. ജനസംഖ്യ വദ്ധിച്ചാലും പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലുന്നതു ഭോഷൻെറ ലക്ഷണമായിട്ടേ ഇരിക്കൂ. പരിഷ്കൃതരാജ്യങ്ങളുടെ സുപരിക്ഷിതമായ അനുഭവങ്ങൾ മററുള്ളവർക്കു ഒരു പാഠമായിരിക്കേണ്ടതാണ്. അജ്ഞതയും അത്യാഗ്രഹവും ചിലരെ പിടികൂടിയിട്ടുണ്ടെന്നുള്ളതുകൊണ്ട് നാടു നശിപ്പിക്കാൻ അവരെ അനുവദിക്കണമെന്നർത്ഥമാകുന്നില്ല.

എൻസൈക്ലോപ്പീഡിയാ വനങ്ങൾക്കു ശീതോഷ്ണാവസ്ഥയുമായുള്ള ബന്ധത്തെപ്പററി എന്തുപറയുന്നു എന്നു നോക്കാം. അനേകകാലത്തെ നിരീക്ഷണങ്ങളുടെ ഫലമായിട്ടാണ് ഈ ബന്ധത്തെക്കുറിച്ചു സാമാന്യം നല്ല പരിജ്ഞാനം ഇപ്പോഴുണ്ടായിട്ടുള്ളതെന്നു അതിൽ കാണുന്നു. വനങ്ങൾ അവയുടെ ഉള്ളിലും, വെളിയിലും ഉള്ള ഉഷ്ണത്തെ ശമിപ്പിക്കുന്നു. ഒരു വലിയ വനപ്രദേശത്തിൻെറ മുകളിൽ ൫൦൦൦ അടി ഉയരെവരെയുള്ള അന്തരീക്ഷത്തിൻെറ ചൂടിനെ കുറയ്ക്കാൻ വനത്തിനു കഴിവുണ്ടത്രെ. ഉഷ്ണമേഖലയിലാണ വനത്തിൻെറ ഈ ശക്തി ഏറിയിരിക്കുന്നതെന്നു പറയേണ്ടതില്ല. ൫൦൦൦ അടി ഉയരത്തിലുള്ള വായുവിനെ തണുപ്പിക്കാൻ വനത്തിനു കഴിയുമെങ്കിൽ അപ്രകാരമൊരു വനത്തിൻെറ സാന്നിദ്ധ്യംതന്നെയും മേഘങ്ങൾ വർഷിക്കാനിടയാക്കുന്നതാണ്. അതിനാൽ മഴയും വനങ്ങളും തമ്മിൽ ബന്ധമില്ലെന്നുള്ള സിദ്ധാന്തം അത്രതന്നെ ശരിയല്ല എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. വനപ്രദേശങ്ങൾ ഉള്ള സ്ഥലങ്ങളിൽ ൨൫ ശതമാനം കൂടുതൽ മഴ പെയ്യുന്നുണ്ടെന്നു എൻസൈക്ലോപ്പീഡിയ വെളിപ്പെടുത്തുന്നു. ഈ വിഷയത്തെപ്പററി എഴുതുന്ന ചിലർ മഴയ്ക്കു വനത്തോടു

(ശേഷം നാലാംപേജിൽ)

(മൂന്നാംപേജിൽനിന്നും തുടർച്ച)

ഉള്ള ബന്ധത്തെ പാടേ നിഷേധിക്കുകയാണു ചെയ്യുന്നതു്. അതു അത്യന്തം ഗർഹണീയമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മുകളിലും ചാറ്റിനുമുള്ള പ്രദേശത്തെ മാത്രമല്ല അടിയിലുള്ള മണ്ണിനേയും വനങ്ങൾ തണുപ്പിക്കുന്നുണ്ടു്. മഴക്കാലത്തു വനപ്രദേശത്തിലെ മണ്ണിനു അല്പം ചൂടും വേനൽക്കാലത്തു തണുപ്പും ഉണ്ടായിരിക്കും. വനത്തിൽ തണുത്തവായു ഉള്ളതിനാൽ ചുറ്റിനുമുള്ള പ്രദേശത്തിലെവായു ചൂടുപിടിച്ചുയരുമ്പോൾ വനവായു അങ്ങോട്ടു വീശി കുളിർമയുണ്ടാക്കുന്നു. ഇങ്ങനെ തുടരെ ഒരു വായുപ്രവാഹം വനപ്രദേശങ്ങളിൽനിന്നു് പരിസരങ്ങളെ തണുപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. വനത്തിലും, അതിനടുത്തുള്ള നിലങ്ങളിലും മഞ്ഞുതുള്ളികൾ ഉണ്ടാകുന്നതിനുപോലും വൃക്ഷങ്ങൾ സഹായിക്കുന്നുണ്ടു്. വരണ്ട പ്രദേശങ്ങളിലേയ്ക്കു നീരാവിനിറഞ്ഞ വായുപ്രവാഹങ്ങൾ പുറപ്പെടുന്നതും വനങ്ങളിൽനിന്നാണു്. എന്തെന്നാൽ വനത്തിലെ ഇലകളിൽനിന്നു് ഒട്ടേറെ ജലം ആവിയായിപോകുന്നുണ്ടു്.

ഭൂഗർഭത്തിലെ ഊറ്റുകൾ പലതും വനങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണു് നദികൾക്കും മറ്റും ജലം നൽകുന്നതു്. വനങ്ങളിൽ വീഴുന്ന മഴ മണ്ണിൽ താഴാൻ ഇടകൊടുക്കുന്ന വൃക്ഷങ്ങൾ ഇല്ലെങ്കിൽ ഭൂഗർഭത്തിൽ ജലം ശേഷിക്കയില്ല, ഊറ്റുകൾ ഉണ്ടാകയില്ല; നദികളിലെ ജലംതന്നെയും അതിവേഗം വറ്റിപ്പോകയും ചെയ്യും. അതുപോലെതന്നെ മണ്ണിളകി ഒലിച്ചുപോകാതെ സൂക്ഷിക്കുന്നതു് വൃക്ഷങ്ങളുടെ വേരുകളും, അട്ടിയട്ടിയായി വീണുകിടക്കുന്ന ഇലകളും ആണെന്നു പറഞ്ഞു. ഇതേവേരുകളും ഇലകളും വനത്തിൽ പെയ്യുന്ന മഴവെള്ളത്തിന്റെ പ്രവാഹവേഗത്തെ തടയുകയും, മണ്ണൊലിപ്പിനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. വനവായുവിൽ ഓസോൺ ധാരാളമുള്ളതിനാൽ അതു് കടൽക്കാറ്റിനെപ്പോലെതന്നെ ആരോഗ്യകരമാണെന്നുള്ളതും ഓർക്കേണ്ടതാണു്.

നാട്ടിൽ കാവുകൾ വച്ചുപിടിപ്പിക്കുന്നതുകൊണ്ടും ഓസോൺനിറഞ്ഞ വായു നാട്ടുകാർക്കു കിട്ടിയെന്നുവരാം. വനങ്ങളിൽ ചിലചില വെളിംപ്രദേശങ്ങൾ ഉണ്ടു്. അവയിൽകൂടി ധാരാളം സൂര്യപ്രകാശവും, വായുവും വനത്തിൽ പ്രവേശിക്കുന്നു. ഇതു് വൃക്ഷങ്ങൾക്കും, അവയിൽ ചെന്നു് വിശ്രമിക്കയും, കളിക്കയും ചെയ്യുന്ന വന്യമൃഗങ്ങൾക്കും അത്യാവശ്യമാണു്. എന്നാൽ വനങ്ങൾ ഇല്ലാത്ത നാട്ടിൽ വനത്തിന്റെ ഫലം ചെയ്യാൻ ഓരോ, പുരയിടത്തിലും കാവുകൾ ഉണ്ടായിരിക്കയാണു് വേണ്ടതു്. കരയിൽ ജലാശയങ്ങൾ കൂടാതെ കഴികയില്ല. കടലിൽ ദ്വീപുകളും ഇല്ലാതിരിക്കയില്ല. അതുപോലെതന്നെ കാട്ടിൽ വെളിംപ്രദേശങ്ങളും നാട്ടിൽ കാവുകളും ആവശ്യമാകുന്നു. ഇതിനെപ്പറ്റി മറ്റു ചിലർ ഒന്നിലധികം സ്ഥാനങ്ങളിൽ എഴുതിക്കണ്ടിട്ടുള്ളതിനാൽ തൽക്കാലം കൂടുതലായൊന്നും പറയുന്നില്ല.

ഇനി മറ്റൊരു കാര്യത്തിലേയ്ക്കു് തിരിയാമെന്നു കരുതുന്നു. 'ശാസ്ത്രീയപുരോഗതി' എന്ന ഗ്രന്ഥത്തിൽ പ്രൊഫസർ ആപ്പിൾട്ടൺ ഭൂമിയുടെ വൈദ്യുതശക്തിയെപ്പറ്റി പ്രസ്താവിക്കുന്നു. കഠിനമായ വർഷം ഉണ്ടാക്കുന്ന പ്രദേശങ്ങളാണു് ഈ വൈദ്യുതശക്തി പുലർത്തിക്കൊണ്ടുപോകുന്നതെന്നും, വനപ്രദേശങ്ങൾ കൂടുതലുള്ളതു് മദ്ധ്യരേഖയിലും പ്രാന്തപ്രദേശങ്ങളിലുമാണെന്നും പ്രൊഫസർ വിൽസന്റെ സിദ്ധാന്തത്തെ സാധൂകരിച്ചുകൊണ്ടു ആപ്പിൾട്ടൺ ചൂണ്ടിക്കാണിക്കുന്നുമുണ്ടു്. നമ്മുടെ ഭൂമി മദ്ധ്യരേഖയുടെ പ്രാന്തപ്രദേശത്തിൽ ഉൾപ്പെട്ടതാണെന്നു് പറയേണ്ടതില്ലല്ലോ. മറ്റൊരുതരത്തിൽ പറയുകയാണെങ്കിൽ വനപ്രദേശങ്ങളുടെ ഉടമസ്ഥന്മാരായ നാം സാധാരണ കരുതുന്നതിലേറെ ഉത്തരവാദിത്വബോധമുള്ളവരായിരിക്കേണ്ടതാണു്.

അടുത്തതായി കുട്ടനാട്ടിലെ കൃഷിക്കാരോടു ഒരുവാക്കു പറയേണ്ടിയിരിക്കുന്നു. ഈയിടെ മി. ഐ. സി. ചാക്കോ 'ദീപിക'യിൽഎഴുതിയിരുന്ന ഒരുലേഖനത്തിൽ വെള്ളപ്പൊക്കംമൂലം കുട്ടനാട്ടിൽ കരക്കൃഷിയും നിലംകൃഷിയും നശിക്കുന്നുണ്ടെന്നും, അങ്ങനെ അവർ ഇരട്ടിനഷ്ടംസഹിക്കുന്നുണ്ടെന്നും പ്രസ്താവിച്ചിരുന്നു. തെങ്ങിന്റെ വേരുകളിൽനിന്നു ഒരു മൂന്നുനാലടി അകന്നുമാത്രമേ വെള്ളം നില്ക്കാൻ പാടുള്ളു. അതല്ലെങ്കിൽ കായ്ഫലം കുറയും. പക്ഷെ കുട്ടനാട്ടിൽ വെള്ളപ്പൊക്കത്തിന്റെ കാലത്തു തെങ്ങുകളുടെ വേരുകൾമുഴുവൻ വെള്ളത്തിനടിയിലായിപ്പോകുകയാണു പതിവു്. അതിനാൽ അക്കാലത്തു കുട്ടനാട്ടിൽ നാളികേരം കുറവായിരിക്കും. നിലംകൃഷി ഒട്ടേറെ പാടേ നശിക്കുന്നതിനു വെള്ളപ്പൊക്കംകാരണമാണെന്നു എല്ലാവർക്കുമറിയാം. ഈ ഇരട്ടനഷ്ടത്തിനു പരിഹാരമായി മി. ഐ. സി. ചാക്കോ പറയുന്നതു പമ്പാനദിയിൽ രണ്ടുസ്ഥലങ്ങളിൽ രണ്ടുഅണ കെട്ടണമെന്നാണു്. പക്ഷെ ഇനിയും വനം തെളിച്ചു കൂടുതൽ പ്രളയമുണ്ടാക്കിയാൽ അതുകൊണ്ടു നഷ്ടവും ദുരിതവും അനുഭവിക്കാൻപോകുന്നതു കുട്ടനാട്ടുകാർതന്നെയാണു്. അതിന്റെ ഫലം മറ്റുസ്ഥലങ്ങളിലെ ആളുകളേയും ബാധിക്കാതിരിക്കയില്ല. എന്നാൽ മി. ഐ. സി. ചാക്കോ പറയുംപോലെ അണകെട്ടുന്നതിനുപകരം ഇപ്പോൾ ചിലർ വീണ്ടും കുട്ടനാട്ടിനെ വെള്ളത്തിലാക്കാനാണു ഭാവിക്കുന്നതു്. കുട്ടനാട്ടുകാർക്കും മറ്റുള്ളവർക്കും ഇതു അത്ര സുഖമായിരിക്കയില്ല. എങ്കിലും വെള്ളം കയറുമ്പോൾ പെട്ടെന്നു ഓടേണ്ടിവരുന്നതു കുട്ടനാട്ടുകാർതന്നെയായിരിക്കുമെന്നുള്ളതിനാൽ അവർ ഇക്കാര്യത്തിൽ ഒട്ടധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

തിരുവനന്തപുരത്തെ ഫുഡ്കാൺഫറൻസിൽ കൺസർവേറ്റർവർകൾ പറഞ്ഞതു ൨൫൦൦-ൽപരം ചതുരശ്രമൈൽ റിസർവ്വനങ്ങൾ ഉണ്ടെന്നു കണക്കിൽ കാണുന്നുണ്ടെങ്കിലും വാസ്തവത്തിൽ ൧൫൦൦ ചതുരശ്രമൈൽമാത്രമേ റിസർവ്വനമായി ശേഷിക്കുന്നുള്ളുവെന്നാണു്. അതിനാൽ ഏതാണ്ടു ആയിരം ചതുരശ്രമൈൽറിസർവ്വനങ്ങൾ നശിച്ചിരിക്കുന്നുവെന്നു പ്രത്യക്ഷംതന്നെ. ഇക്കണക്കിനു ഒരുലക്ഷം ഏക്കർ റിസർവ്വനങ്ങൾ കൃഷിക്കായി പതിച്ചുകൊടുക്കണമെന്നു അഭിപ്രായപ്പെട്ടവർ നാട്ടിന്റെ ക്ഷേമത്തെപ്പറ്റിയുള്ള താല്പര്യശൂന്യതയോ സ്വന്തം സ്വാർത്ഥതയുടെ ആഴമോ, അജ്ഞതയുടെ അതിരില്ലായ്മയോ ഏതാണു കൂടുതൽ വെളിപ്പെടുത്തിയതെന്നു നിശ്ചയമില്ല. റിസർവ്വനങ്ങൾ പതിച്ചുകിട്ടുന്നതു തുച്ഛവിലയ്ക്കായിരിക്കും. അവിടത്തെ തടിയും മറ്റു വിഭവങ്ങളും കൊണ്ടുമാത്രം കുബേരപദവിയിലെത്താൻ വളരെ എളുപ്പം. കൃഷിചെയ്തു വിളവുണ്ടായാൽ പിന്നത്തെ കഥ പറയാനുമില്ല. കാട്ടിലെ തടി, തേവരുടെ ആന, പിടിയെടാപിടി! നാടു എങ്ങനേയോ പോകട്ടെ. ആർക്കു ചേതം! പക്ഷെ ഈ ജീവപ്രധാനമായ കാര്യത്തിൽ സ്റ്റേറ്റുകാൺഗ്രസ്സിനു മഹത്തായ ഒരുകർത്തവ്യമുണ്ടു്. പഴയ ബ്യൂ ക്കബാണ്ടുപ്രക്ഷോഭണം നയിച്ചവർ സ്റ്റേറ്റുകാൺഗ്രസ്സിൽ 'ഉത്തരവാദിത്വമേറിയ സ്ഥാനങ്ങളിൽ ഇരുപ്പുണ്ടെന്നാണറിവു്. ആ അവസ്ഥയിൽ സ്റ്റേറ്റുകാൺഗ്രസ്സുകാരായ ചിലർതന്നെ വനം തെളിക്കാൻ പുറപ്പെട്ടതും, ചില സ്റ്റേറ്റുകാൺഗ്രസ്സുപത്രങ്ങൾ അനുകൂലലേഖനങ്ങൾ പ്രസിദ്ധീകരിച്ചതും വിചിത്രമായിരിക്കുന്നു. നാട്ടിന്റെ നന്മയാണു സ്റ്റേറ്റുകാൺഗ്രസിന്റെ ലക്ഷ്യമെങ്കിൽ കക്ഷിക്കാര്യംമറന്നു അതിലെ നായകന്മാർ പ്രവർത്തിക്കണം. എച്ച്. ജി. വെത്സ് അദ്ദേഹത്തിന്റെ ലോകചരിത്രത്തിൽ പറയുംപോലെ "In the harsh regime of Nature the penalties for folly and feebleness have always been as heavv as the penalties of crime" പ്രകൃതിയുടെ കർക്കശഭരണത്തിൽ വിഡ്ഢിത്തത്തിനും ദുർബ്ബലതയ്ക്കും കിട്ടിയിട്ടുള്ള ശിക്ഷ കടുത്ത അപരാധത്തിനു കിട്ടിയിട്ടുള്ള ശിക്ഷയേക്കാൾ ഒട്ടും ശക്തി കുറഞ്ഞതല്ല. സ്റ്റേറ്റുകാൺഗ്രസിനു അല്പം ദൃഢചിത്തതയും ആരുടേയുംതെറ്റുകണ്ടാൽ തെറ്റാണെന്നു പറയാനുള്ള ധൈര്യവുമാണു ഇന്നു വേണ്ടിയിരിക്കുന്നതു്. അതുണ്ടാകുന്നില്ലെങ്കിൽ അടുത്ത കാലത്തെ ചരിത്രപഠിതാവു്, (അങ്ങനെയൊന്നുണ്ടെങ്കിൽ) തിരുവിതാംകൂറിലെ വനങ്ങൾ നിഷ്കരുണം വെട്ടിത്തെളിച്ചസ്വന്തകക്ഷിക്കാരോടു സ്റ്റേറ്റുകാൺഗ്രസ്സു എന്തുചെയ്തുവെന്നു ചോദിച്ചുപോകുന്നതാണു്.

# മാറിനിൽക്കു!

കുടമാളൂർ കെ. സി. കേശവൻനായർ

ഛീ!... മാറിനിൽക്കു, നികൃഷ്ടമാംവർഗ്ഗീയ-
വാദംമുഴക്കുന്ന നീചനേതാക്കളേ!
പോകു, മറയത്തുപോകു, നരന്റെയീ-
നാകംനരകമായ്ത്തീർക്കാതെവിദ്രുതം.
ജാതിതൻ 'താർമഷി' ചാലിച്ചുചാലിച്ചു
നേതാക്കളായി ഞെളിയുന്നദുഷ്ടരേ!
ജാതിതൻചാപ്പകൾ കുത്തിമനുഷ്യരെ!
വേർതിരിച്ചിന്നും നയിക്കുന്നകൂട്ടരെ!
സ്വാർത്ഥംമുഴുത്ത സമുദായശാഖിയി-
ലാത്തുതളിർക്കുന്നൊരിത്തിൾച്ചെടികളെ!
ഞങ്ങൾതന്നാനന്ദമൂറിക്കുടിക്കുവാൻ,
ഞങ്ങൾതൻസൗഹൃദംവെട്ടിനുറുക്കുവാൻ,
ദുർഗ്ഗന്ധപൂരിതമാകുന്നവർഗ്ഗീയ-
ദുർഗ്ഗങ്ങളങ്ങിങ്ങു കെട്ടിപ്പടുക്കുവാൻ,
മർത്ത്യനേമർത്ത്യനായ്കാണേണ്ടനേരത്തു
മർത്ത്യനേജാതിയായ്പ്പൊന്തിച്ചുകാട്ടുവാൻ
മുന്നിട്ടുമാറിയനേതാക്കളേ!നിങ്ങൾ
മന്നിൻമുഖത്തോപുരട്ടുന്നശോണിതം?
നിങ്ങളേപ്പാടിപ്പുകഴ്ത്തുവാൻഭാവിയിൽ
ഞങ്ങൾക്കുപൊങ്ങാതിരിക്കട്ടെനാവുകൾ
നായരുംതീയനും ക്രിസ്ത്യനുമാഢ്യനും,
നായാടിയും മറ്റൊരായിരംജാതിയും,
ചേരിതിരിഞ്ഞുപിരിഞ്ഞുനിന്നീവിധം
പാവകളിയ്ക്കുയോനിങ്ങൾതൻകൈക-
(ളിൽ?
ജാതിയും ജാതിയും തങ്ങളിൽഭിന്നിച്ചു
ജാതപ്രകോപം കൃപാണമെടുക്കയോ?
വേണ്ട,ഞങ്ങൾക്കിക്കടുത്തവർഗ്ഗീയത
പൂണ്ടപ്രസംഗങ്ങൾ കേൾക്കേണ്ടതില്ലിനി.
ഭീകരമയ്യോകടുപ്പം, സഹിക്കുവാ-
നാകാത്തൊരീ ജനദ്രോഹമോ'സേവനം'?
ആവിഷംവർഗ്ഗീയവിദ്വേഷമാംവിഷ,
മീവിധംകുത്തിച്ചെലുത്തായ്കഞങ്ങളിൽ
ഭാവിതൻമുന്നിൽ സമത്വാനുകന്നെങ്ങ,
ളേവരുംമർത്ത്യരായ്മാത്രംപുലർന്നിടും!
മർത്ത്യനുമർത്ത്യനോടുള്ളസൗഹാർദ്ദസം-
ശുദ്ധമാംസംഘങ്ങൾമാത്രമുയർന്നിടും!
ഛീ! മാറിനിൽക്കു, കടക്കട്ടെമുന്നോട്ടു
പോകണം ഞങ്ങൾക്കു നീചനേതാക്കളേ!

—o—

# ദേവത

—o—

തൃക്കോടിത്താനം

ശ്രീമയപ്രകാശമീ-
വിശ്വവീഥിയിൽവീശി
പ്രേമകോമളമായ
പൂമണമെങ്ങുംപൂശി,
ആമന്ദമായന്ദത്തിൻ
പീയൂഷരസമേകി
കാമുകഹൃദയങ്ങൾ-
ക്കാത്മനിർവൃതിനൽകി,
സ്വർഗ്ഗസൗഭാഗ്യത്തിന്റെ
പൊന്നലപൊന്തിച്ചെന്നും
ഹൃദ്യനർത്തനംചെയ്യും
സ്വകൃസ്വരൂപിണീ,
ഭാവനാപ്പൂങ്കാവിക-
ലൂടെഞാനനുവേലം
ഭാസുരപ്രഭാചിന്തും
താവകാകാരംകാൺമൂ!
നിന്നംഗവിക്ഷേപങ്ങ-
ളോരോന്നും മമഹൃത്തി-
ലുന്നതാഹ്ലാദാമല-
പൊന്നലിയിളക്കുമ്പോൾ,
വിശ്വമാകവേഭവ-
ജ്ജ്യോതിസ്സിലാമജ്ജിച്ചു
വിദ്രുതംപുളകപ്പൂ-
മ്പട്ടണിഞ്ഞാനന്ദിപ്പൂ!
മംഗളമുതിർക്കുന്ന
കോകിലാലാപത്തിലാ-
മഞ്ജീരസംജാതമാം
മഞ്ജുശിഞ്ജിതംകേൾക്കേ,
ഉറ്റുനോക്കിടും ഭവ-
ദാഗമോത്സവംകാൺമാ-
നുൽക്കണ്ഠപൂണ്ടീടുമെൻ-
മാനസം ജാതോല്ലാസം!
മണ്ണിനെയുയർത്തിയാ-
വിണ്ണിലേക്കെത്തിക്കുന്ന
സ്വർണ്ണതുല്യകളല്ലോ
താവകകടാക്ഷങ്ങൾ!
സാന്ധ്യരശ്മിയിൽ പശ്ചി-
മാംബരത്തെങ്ങുംകാണാം
കാന്തിയേറീടുംനിന്റെ
പൂങ്കവിൾത്തുടിപ്പുകൾ!
മാരിവില്ലിലൂടല്ലോ
താവകസൗന്ദര്യത്തെ
നീരദാവലി നിത്യം
പകർത്തി ക്കാട്ടീടുന്നു;
ധ്വാന്തപൂരിതം നിശ
വന്നെത്തി വിടുറമാ-
ക്കുന്തലിൽനിന്നുംവീണ
പൂക്കളാകാശത്തെങ്ങും;
ആയിരംകമിതാക്ക-
ന്മാർക്കമാനന്ദംനൽകും
നീയൊരുപതിവ്രത
യായിതാകഴിയുന്നു!
പോരുമേതവമഹാ-
മായികവിലാസങ്ങ-
ളാരിലുമിളക്കുവാൻ
വിഭ്രമതരംഗങ്ങൾ.
മംഗളപ്രദാകലാ-
ദേവതേ! ഭവദീയ
സംഗമം സനാതന
ഹർഷവർഷത്തെച്ചെയ്വൂ!

* * *

മായാലാവിലാസിനീ!
നിത്യഭാസുരമാം നിൻ
മാദകതേജസ്സിങ്കൽ
വീണുഞാനലിയട്ടെ!!

## പരസ്യം

പാലസ് ഡയറിഫാറംവക ഒരു വിത്തുകാളയും ൧൪ കാളക്കന്നുകളും ൭ പശുക്കന്നുകളും ഉൾപ്പെടെ വന്ന ഉരുക്കളെ ൧൧൨൩-ാമാണ്ടു വൃശ്ചികമാസം ൧൦-ാംനു പകൽ ൨-മണിക്കു തിരുവനന്തപുരം പൂജപ്പുര ഡയറിഫാറം കാമ്പൌണ്ടിൽവച്ചു ലേലത്തിൽ വില്ക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നവിവരം ഇതിനാൽ പൊതുജനങ്ങളെ തെര്യപ്പെടുത്തിക്കൊള്ളുന്നു. ഈ ലേലംസംബന്ധിച്ചു കൂടുതൽവിവരങ്ങൾ അറിയണമെന്നോ ഉരുക്കളെ കാണണമെന്നോ ആശയുള്ളവർ പേരൂർക്കട ഡയറിഫാറത്തിൽ ഹാജരായി സൂപ്രണ്ടിനോടു് അപേക്ഷിക്കേണ്ടതും സൂപ്രണ്ടിന്റെ അനുവാദപ്രകാരം ഉരുക്കളെ കാണാവുന്നതുമാകുന്നു.

ലായംആഫീസ്, തിരുവനന്തപുരം
൧൧൨൩ കന്നി ൩൦-

പി. കെ. നായർ,
ആഫീസർ ഇൻചാർജ്ജ്,
പാലസ് ഡയറിഫാറം.

## ശ്രീ ശബരിമല
# ശാസ്താവിന്റെ ചിത്രം

സാക്ഷാൽ മലയിലെ പ്രതിഷ്ഠപോലെയും പതിനെട്ടാംപടിയും പത്തു കളറോടുകൂടിയതും ചുററും വനങ്ങളും ആന, കടുവാ, മുതലായ മൃഗങ്ങളോടുകൂടിയതും നല്ല ആർട്ടുപേപ്പറിൽ അച്ചടിച്ചു വന്നിരിക്കുന്നു. സൈസ് 20" × 14".

ദി യുണൈറ്റഡ് മർക്കന്റൈൽ ഏജൻസീസ്,
മെയിൻറോഡ്, തിരുവനന്തപുരം.

ഗ്രന്ഥവിഹാരം

# അടിമ

—o—

ഗ്രന്ഥകർത്താ,
പാലാ നാരായണൻ നായർ
പ്രസാധകൻ,
വാസ്കോ, വൈക്കം
വില അണ വ്യ.

നാമരൂപം ഭാവരൂപം, എന്നീ ക്രമത്തില്ലുള്ള ദൃഷ്യവശങ്ങളെ പ്രധാനമാക്കുന്ന ദോഷങ്ങളെ മറന്നു പ്രമാണമാക്കിയാൽ ശ്രീ. പാലായുടെ ഈ ലഘുകാവ്യത്തിനു കല്പിച്ചിരിക്കുന്ന പേർ ആ ഗ്രന്ഥത്തെ അപകർഷപ്പെടുത്തുന്നതായി പറയണം. നിറഞ്ഞ ഗാനമാധുര്യവും, സാഹിത്യത്തിന്റെ ആലോചനാമൃതവുംകൊണ്ടു സമഞ്ജസമായ ഈ കവിയ്ക്കു ശ്രുതിമധുരമായ ഒരു പേർവിളിക്കാമായിരുന്നു. സ്വന്തം സന്താനങ്ങളുടെ നാമകരണത്തിൽ പിതാക്കൾക്കുള്ള അവകാശത്തെ നമുക്കു ചോദ്യം ചെയ്യുക വയ്യല്ലോ.

ഇന്നത്തെ മലയാളകവികളിൽ സ്വന്തമായ ഒരു രീതി സ്വാധീനമായിട്ടുള്ള ചുരുക്കം ചിലരിൽ ഗണനീയനായ ഒരു വ്യക്തിയാണു ശ്രീ. പാലാ നാരായണൻനായർ. എന്നാൽ അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങൾക്കു അതർഹിക്കുംപ്രകാരമുള്ള ഒരു പ്രചാരം കേരളീയജനസാമാന്യത്തിൽ വന്നുകാണുന്നില്ലെന്നതു് ഖേദപൂർണ്ണമായ ഒരു വാസ്തവമാകുന്നു. വെറും ലക്ഷണംകൊണ്ടുമാത്രം അത്ഥഗ്രഹണം സാധിക്കേണ്ടതും ഭീമാബദ്ധനിബിലകളുമായ പല കൃതികൾക്കും ഇന്നു നല്ല മാർക്കറ്റുകൾ ലഭിച്ചുവരുന്നതും അസ്ഥാനത്തു നല്ല കവിതയ്ക്കു മതിപ്പില്ലാതെപോകുന്നതും ആയിട്ടാണു് നമ്മുടെ ഇന്നത്തെ അനുഭവം. ഈ പ്രതികൂലാനുഭവങ്ങൾകൊണ്ടു പ്രസ്ഥാനങ്ങളാകുന്ന അക്ഷരപച്ച തേടാനോ, കവിതാദേവിയെ ചെപ്പുംപായമണിയിക്കാനോ ഒന്നും അദ്ദേഹത്തിനു ഭാവമില്ല. ലഘുജീവിതവും ഉൽകൃഷ്ടവിചാരവും എന്ന ഭാരതീയാദർശത്തിൽ അടിയുറപ്പിച്ചുകൊണ്ടു തന്റെ ആത്മാനുഭൂതിയെ കലാരസികമായവിധത്തിൽ ശ്രീ പാലാ പ്രതിപാദനാസുഭഗമാക്കി പ്രത്യക്ഷമാക്കിത്തരുന്നു.

അടിമ, നാലുഭാഗങ്ങളായി കേക വൃത്തത്തിൽ എഴുതപ്പെട്ടിട്ടുള്ള ഒരു ലഘുകാവ്യമാണു്. കഥാസംഭവങ്ങളോടു ബന്ധപ്പെട്ടിട്ടുള്ളതല്ല ഇതിലെ ഇതിവൃത്തം. അനേർമ്മുഖദൃഷ്ടിയോടുകൂടി ജീവവികാസത്തെ പരിചിന്തനംചെയ്യുന്നതിനിടയിൽ വിസ്ഫുരിക്കുന്ന വികാരസ്ഫുലിംഗങ്ങൾ ഈ കവിതയെ അത്യന്തം ദീപ്തിമത്താക്കുന്നുണ്ടു്. പുരുഷനും പ്രകൃതിയുമായോ ആത്മാവും ജീവനുമായോ ഉള്ളതെന്നൊക്കെ വ്യാഖ്യാനിക്കാവുന്ന ഇതിലെ ആദ്യഭാഗത്തിലെ ആദ്ധ്യാത്മികപ്രവണത ആ വിഷയത്തിനു സ്വാഭാവികമായുള്ള ദുരവഗാഹത കവിയുടെ കലാരസികതയിൽ പെട്ടു അത്യന്തം ചേതസ്സമാകർഷകമായിത്തീരുന്നു. പക്ഷേ, പാലായുടെ ആദിമനുഷ്യൻ ബൈബിളിലെ ആദാമിന്റെ ചിത്രത്തോളമേ ചെന്നെത്തുന്നുള്ളൂ.

നഗ്നനായ് നികുഞ്ജത്തിൽ നിർഝര-
പ്രവാഹത്തിൽ
നഗ്നനായ്സ്വാതന്ത്ര്യത്തിൻസ്വാദുത്തോ
നളക്കുമ്പോൾ

അങ്ങനെസ്വാതന്ത്ര്യത്തിന്റെസ്വാദുളക്കുന്ന ശ്രീ പാലായുടെ ആദിമനുഷ്യൻ നിറവുംനിലാവത്തു നീരവസ്ഥിതനാകുന്ന അവളുമായി സമ്മേളിക്കുന്നു. ഇവിടെ കവിസ്മിതത്തിന്റെ നിഷ്കൃഷ്ടാർത്ഥത്തെ ചിന്തിച്ചിരുന്നുവെങ്കിൽ നീരവംകൊണ്ടു അതിനെ വിശേഷിപ്പിക്കുമായിരുന്നില്ല,

ആവിധം കണ്ടുമുട്ടുന്ന അവർ
ആദ്യമായ് മാത്രം കാണുന്നെങ്കിലുംപി-
രിയാത്തോ
രാദ്യന്തബന്ധത്തിന്റെതന്തുവായ് തീ
ർന്നവരല്ലോ

എന്നു് കവി ഉദ്ഭാവനംചെയ്യുന്നു. ആദ്യംകാണുന്ന നിലയ്ക്കു ഈ ആദ്യന്തബന്ധത്തെക്കുറിച്ചു് ഒന്നാലോചിക്കേണ്ടതുണ്ടായിരുന്നു. ഇങ്ങനെ ചില നിഷ്കർഷക്കുറവുകളുന്നയിക്കാമെന്നിരുന്നാലും

വിരിവിണ്ടലം പാരിന്നപ്പാംനീലോല്പലം
വിരിയുംകുളർപത്മകുഗ്മളം ഭ്രമന്ധലം
കുയിലിൻഗാനം കേൾക്കാൻപാക്കായായ്
മധുമാസം
മയിലിൻനൃത്തംനോക്കിനില്ക്കയായ്
മഴക്കാലം
നിതരാംനിലാവിന്റെമത്താപ്പുകത്തി
ക്കുന്ന
നിശയെപ്പുണർന്നെത്തിചുംബിപ്പു
ശരൽക്കാലം

കലയുംപ്രകൃതിയും കൈകോർത്തു, വിലാസരസികതയോടുചെയ്യുന്ന കളകണ്ഠമുരളീഗാനത്തിന്റെ അനവദ്യമാധുരി ഈ ആദ്യഭാഗത്തിൽ അദ്ദേഹം പകർന്നുതരാതിരിക്കുന്നില്ല.

അയുതം വർഷങ്ങളുപ്പിന്നിട്ടുപോന്ന കാലമാം കർഷകാരനും, ചലനാത്മകമായ ജീവസത്തയും അതിന്റെ പരിണാമപ്രകാരങ്ങളുംകൊണ്ടാണു അടിമയുടെ രണ്ടാം ഭാഗമാരംഭമിടുന്നതു. പ്രകൃതിയുടെ പുഞ്ചിരിപ്പൂനിലാവിൽ, പ്രിയാമുഖോച്ഛ്വാസവികമ്പിതനായി ആദിമനുഷ്യൻ ആസ്വതന്ത്രസ്വതന്ത്രൻ പ്രപഞ്ചപ്രപീഡനങ്ങളിൽ അടിവഴുതി അടിമത്തത്തെ പരിരംഭണംചെയ്യുന്ന ദയനീയകഥയാണു ഇതിലെ പ്രതിപാദ്യം

ശക്തനെച്ചെങ്കോലിലേല്പിച്ചെ
പ്പൊഴുംസേവിക്കുന്നു
രക്തത്താൽകുറിക്കുട്ടചാലിക്കും
പരിഷ്കാരം,

കയ്യൂക്കുള്ളവൻ കാര്യക്കാരനായി, എന്നുള്ള പഴമൊഴിയെ അഭിമുഖീകരിച്ചു, ശ്രീ: പാലാ, രാജത്വത്തെ അഭിമർശിക്കുന്നു. രാജത്വത്തെ സംബന്ധിച്ചു പൗരസ്ത്യനിഗമനം അദ്ദേഹം ശ്രദ്ധിച്ചിരിക്കയില്ല എന്നു മാത്രമേ ഇതുകൊണ്ടു വെളിവാകുന്നുള്ളൂ. അദ്ദേഹം ഉന്നയിക്കുന്ന ജഗദ്ഘോഷപ്രകരണം ലഘുയോഗവാസിഷ്ഠകാരനെക്കൊണ്ടുപോലും സമ്മതം മൂളിപ്പിക്കത്തക്കവിധം വികാരോഷ്മളമായിട്ടുണ്ടു്. ഈ ഊനാതിരിക്തഭേദത്തിന്റെ ഉൽക്കാനിപാതമായ വിപ്ലവസ്ഫുലിംഗങ്ങളുടെ വിജൃംഭപ്രകൃതിയാണു മൂന്നാംഭാഗത്തിലെ പ്രമേയം. ഇരുളിൽ കാരാഗൃഹം, നക്ഷത്രസത്യഗ്രഹം മലയെപ്പുതപ്പിച്ച മഞ്ഞിന്റെ വെള്ളയ്ക്കുള്ളിലെ ഖദർ, സ്വാതന്ത്ര്യത്തിൻചിഹ്നമായ് ചുററിച്ചുററികയറും കൈററ്റു തുടങ്ങിയ പല രാഷ്ട്രീയമുദ്രകളും കവിതാകാമിനിയുടെ അഭിനയവിലാസത്തിൽ പ്രകടമാകുന്നുണ്ടു്. ആ അഭിനയത്തിനൊപ്പിച്ചുതന്നെ അദ്ദേഹത്തിന്റെ കവിതയുടെ സ്വരവും പ്രൗഢമായിമാറുന്നു.

നന്ദനോദ്യാനത്തെ നീ നാരക
ക്കളമാക്കി.

എന്ന വരിയിൽ കവിയോടു നാരകമാക്കേണ്ട എന്നു നമുക്കു പറവാൻ തോന്നിപ്പോകും.

ക്രൂരിരുൾക്കുത്താട്ടത്തിന്കേളികൊട്ടാരം
ഭിച്ചു
മാരണഗീതത്തിൽനീതോടയംമുഴപ്പിച്ചു
മതിനിൻമദാന്ധമാംമുദ്രയുംനൃത്തങ്ങളും
കൃതിതൻസവ്സ്വമാംബീഭത്സരൗദ്രങ്ങളും
വധമൊന്നവസാനരംഗമായ്തൊടുക്കുന്ന
കഥയേനിനക്കുള്ളകാണികൾ
മുഷിഞ്ഞുപോയ്

സാമ്രാജ്യദുഷ്പ്രഭുത്വത്തെപ്പററിയുള്ള കവിയുടെ ഈ ഭാവന അന്യാദൃശമായ ചമൽക്കാരാതിശായിയായിത്തീന്നിട്ടുണ്ടു്.

ഭാരതത്തിനു കൈവന്ന സ്വാതന്ത്ര്യോദയത്തെ സമാരാധനചെയ്യുന്ന കവിയുടെ ഭാവനയാണു നാലാംഭാഗത്തിലധികവും

ഉടലിൽചുററിപ്പുററിചുംബിക്കും
നീലപ്പട്ടാം
കടലിൻമൂളിപ്പാട്ടിലലകളിളകുമ്പോൾ,

നീലപ്പട്ടാക്കി കടലിനെ രൂപകംചെയ്തിട്ടു ആ മഷികൊണ്ടു കടലിനെ മൂളിപ്പാട്ടുപാടിപ്പിക്കുന്നതിൽ അല്പം ശ്രദ്ധക്കുറവുള്ളതായി തോന്നാം. അതുപോലെതന്നെ.

അലയുംമലയുമായ്ബന്ധിച്ചു
ഗംഗാസിന്ധു
വുലയുംമാറത്താരോമാലയായ്
കിടക്കുമ്പോൾ

ഗംഗാസിന്ധു, മന്നാടിയാരുടെ ഗോദാവരീസിന്ധുപോലെ ഒന്നല്ലെന്നു പ്രകടമായിരിക്കെ

വിന്ധ്യനംകല്ലോലിനീസിന്ധുവും
തമ്മിൽചേർന്നെ

## വിശേഷങ്ങൾ

ക്ലോറോഫാം കണ്ടുപിടിച്ചതു എഡിൻബറോ സർവ്വകലാശാലയിൽ മിഡ്വൈഫറിപ്രൊഫസ്സറായിരുന്ന ജേംസ്യങ്സിംപ്സൺ ആണു്. ൧൦൦ വർഷത്തിനു മുമ്പായിരുന്നു ഇതു കണ്ടുപിടിക്കപ്പെട്ടതു്.

പഴയചിത്രങ്ങൾ പുതുക്കുന്നതിനു ഛായങ്ങളെ അളക്കുന്നതിനുള്ള ഒരു ഉപകരണമാണു ടിൻേറാമീററർ

൧൮൬൩-ലാണു ലണ്ടനിൽ ഇദംപ്രഥമമായി ഒരു ഭൂഗർഭറെയിൽവേ നിർമ്മിക്കപ്പെട്ടതു്. പാഡിംഗ ടണിൽനിന്നു നഗരത്തിലേക്കുള്ളതാണിതു്.

മദ്ധ്യരേഖയിൽനിന്നു ഉത്തരധ്രുവത്തിലേക്കുള്ള ദൂരത്തിന്റെ ഒരുകോടിയിൽ ഒരംശമാണു ഒരു മീററർ.

ഫിസിക്സ്, കെമിസ്ട്രി, വൈദ്യശാസ്ത്രം സാഹിത്യം, സമാധാനം ഇവയുടെ പുരോഗതിക്കുവേണ്ടി വർഷംതോറും നൾകിവരുന്ന സംഭാവനയാണു നോബൽപ്രൈസ്.

ഭൂഗോളത്തിൽ ആകെയുള്ള കരഭൂമിയുടെ വിസ്തീർണ്ണം ൫൭൦൦൦൦൦൦ ച: മൈൽ ആണു്.

സഹാറാമരുഭൂമിയുടെ വിസ്തീർണ്ണം ഉദ്ദേശം ൩൫൦൦൦൦൦ ചതുരശ്രമൈൽ ആണു്.

മത്സ്യങ്ങളുടെ ചെകിളു ആണു ശ്വാസകോശത്തിന്റെ കൃത്യം നിർവഹിക്കുന്നതു്.

റിക്കാർഡുചെയ്ത പ്രോഗ്രാം പ്രക്ഷേപണംചെയ്യുന്നതിനായി ബി. ബി. സി. ആഴ്ചയൊന്നുക്കു ഏകദേശം ൭൦൦൦ ഡിസ്കുകളുപയോഗിക്കുന്നു.

പ്രധാനപ്പെട്ട നാലു ബ്രിട്ടീഷ് റയിൽവേകളുടെ ആകെയുള്ള ദൈർഘ്യം ൫൨൦൦൦ മൈൽ വരും.

ഒരു ലണ്ടൻകാരന്റെ മരക്കറിത്തോട്ടത്തിൽ ൩൦ ഇഞ്ചു നീളവും ഒരു മനുഷ്യന്റെ മണിബന്ധത്തോളം കൈവണ്ണവുമുള്ള അമരക്കാകൃഷി ചെയ്തുവരുന്നു.

ജന്തുക്കളുടെ സംഖ്യ നിശ്ചയപ്പെടുത്തുന്ന ഒരു ശാഖ ഓക്സ്ഫോർഡു സർവ്വകലാശാലയിൽ ഏറെപ്പെടുത്തപ്പെട്ടിട്ടുണ്ടു്.

ആകെ ലോകത്തിൽ ലഭിച്ചുവരുന്ന ചെമ്പിന്റെ ൬൦ ശതമാനം ബെൽജിയൻ കോംഗോപ്രദേശത്തുനിന്നാണു കിട്ടുന്നതു്.

---

ന്നിന്ത്യയ്ക്കുമണികാഞ്ചിമന്ദമൊന്ന
ണയ്ക്കുന്നതി

നെക്കുറിച്ചു ഒരു അസ്ഥാളിപ്പുണ്ടായിയെന്നുവരാം.

പുരോഭാഗിത്വത്തിന്റെ ഗൃദ്ധ്രനേത്രങ്ങൾക്കു ഇത്തരം ചില ക്ഷുദ്രദോഷങ്ങൾ ദർശിക്കാമെന്നിരുന്നാലും മധുരപദാകലിതമായ ഈ കാവ്യശില്പത്തിലെ കലാകൗശലവിധാനത്തിന്റെ വില ഒരിക്കലും കുറഞ്ഞുപോകുന്നില്ല. അന്തരാത്മാവിൽ നിന്നു ചില പ്രത്യേക സന്ദർഭങ്ങളിൽ സമുദിതമാകുന്ന നാഭബ്രഹ്മാനന്ദാനുഭൂതിയെ സ്വരപ്പെടുത്തുവാനുള്ള ശ്രീ: പാലായുടെ ശാലീനത ഈ ലഘുകൃതി നമ്മെ അനുഭവപ്പെടുത്തുന്നു. നമുക്കു ധാരാളം അഭിമാനിക്കാവുന്ന ഭാവനയും അക്ലിഷ്ടമായ രചനയും കൊണ്ടു ശ്രീ: പാലാ അനുഗ്രഹീതനായിരിക്കുന്നു. അദ്ദേഹത്തിന്റെ കവിതയെ ഹസ്തദാനംചെയ്തു സ്വീകരിക്കേണ്ടതു ഓരോ കേരളീയന്റേയും കടമയായി ഞങ്ങൾ വിചാരിക്കുന്നു.

സി. എം. പി.

## ഇന്ത്യയിലെ മുസ്ലിംചാരസംഘം

—o—

### പരിശോധനയിൽ ലഭിച്ച വിവരങ്ങൾ

ന്യൂഡെൽഹി നവ. ൨൨-പകിസ്ഥാനിൽനിന്നു വിമാനമാർഗ്ഗം തിരിച്ചുവരുന്ന ചില യു. പി. മുസ്ലിങ്ങളെ പരിശോധിച്ചതിൽ കിട്ടിയ രേഖകളിൽനിന്നും പകിസ്ഥാന്റെ ഒരു ചാരസംഘം ഇന്ത്യയിലുണ്ടെന്നും ഐക്യസംസ്ഥാനത്തിലെ പല പ്രമുഖമുസ്ലിംഉദ്യോഗസ്ഥന്മാക്കും ഇതിൽ പങ്കുണ്ടെന്നും വെളിവായിരിക്കുന്നു. ഖാലിക്കസ്സാന്റെ അഭിപ്രായമെന്നു അവകാശപ്പെടുന്ന കറാച്ചിയിലെ ഒരു മുസ്ലിമിന്റെ കത്തും കൂട്ടത്തിൽ ഉണ്ടായിരുന്നു. പകിസ്ഥാനും ഇന്ത്യയും തമ്മിൽ യുദ്ധം അനിവാര്യമാണെന്നും ഐക്യസംസ്ഥാനത്തിലെ മുസ്ലിങ്ങൾക്കു നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുമെന്നും, അവർ നിരാശപ്പെടേണ്ടതില്ലെന്നും മേലാൽ തപാൽമാർഗ്ഗം നിർദ്ദേശങ്ങൾ പ്രതീക്ഷിക്കേണ്ടതില്ലെന്നും പ്രത്യേകദൂതന്മാർമുഖാന്തിരി ആയതു നിർവ്വഹിക്കുന്നതാണെന്നും മുസ്ലിങ്ങൾ ഒരേസ്ഥലത്തു സംഘടിക്കണമെന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ടത്രേ.

—o—

## പണിമുടക്കു പിൻവലിച്ചു

ബാംബെ, നവ ൨൨—കഴിഞ്ഞ എട്ടു ദിവസമായി പണിമുടക്കിയിരുന്ന സ്ഥലം തുറമുഖതൊഴിലാളികൾ പണിമുടക്കവസാനിപ്പിച്ചിരിക്കുന്നു.

ലേബർമന്ത്രി മി: ഗുൽസരിലാൽനന്ദ വിളിച്ചുകൂട്ടിയ തൊഴിലാളി പ്രതിനിധികളുടേയും പോർട്ടുട്രസ്ററപ്രതിനിധികളുടേയും കാൺഫറൻസിന്റെ ഫലമായാണു് ഈ പണിമുടക്കവസാനിപ്പിച്ചതു്.

—o—

## യറുശലേം

—o—

### ട്രസ്റ്റീഷിപ്കൌൺസിലിന്റെ കിഴിൽ വയ്ക്കണം

ലേക്സക്സെസ്സ്, നവം: ൨൧ യറുശലേമിനെ ട്രസ്റ്റീഷിപ്പ് കൗൺസിലിന്റെ കീഴിൽ വയ്ക്കണമെന്നു ഐക്യരാഷ്ട്ര പാലസ്റ്റൈൻ വിഭജന സബ്കമ്മററി ഇന്നു തീരുമാനിച്ചിരിക്കുന്നു. യറുശലേമും ചുററുമുള്ള പ്രദേശവും ഒരു സാർവ്വരാഷ്ട്രീകമേഖലയായിരിക്കണമെന്നും സമ്മതിക്കയുണ്ടായി. (റായിട്ടർ)

## പതിനഞ്ചു പാർലമെൻററി സെക്രട്ടറിമാർ

ന്യൂഡൽഹി, നവംബർ ൨൨—൧൫ പാർലമെൻററിസെക്രട്ടറിമാരെ നിയമിക്കുവാൻ കാൺഗ്രസ്സുപാർലമെൻററിപാർട്ടി തീരുമാനിച്ചിരിക്കുന്നുഎന്നറിയുന്നു. ഈ നിയമനങ്ങൾ ൧൯൪൮ ജനുവരിമുതൽ നടപ്പിൽ വരുന്നതായിരിക്കും.

—o—

## ഹാഫ്ടോണും ലൈനും ബ്ലാക്കുകൾ

ലൈനും, ഹാഫ്ടോണും ബ്ലാക്കുകൾ സിങ്കിലും കാപ്പറിലും ആവശ്യക്കാരുടെ ഹിതാനുസരണം ഏതുസൈസിലും മിതമായ നിരക്കിനു് കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണു്. ഉടൻ ഫോട്ടോ അല്ലെങ്കൽ സ്കെച്ചുസഹിതം ആർഡർ ചെയ്യുക.

കൂടുതൽ വിവരം എസ്. ആർ. വി. പ്രസ്സിൽ അന്വേഷിച്ചാൽ അറിയാവുന്നതാണു്.

S. R. V. PROCESS STUDIO, QUILON.

# സുഹ്റവർദി

## രാഷ്ട്രീയകാര്യങ്ങളിൽനിന്നു പന്മാറും

കൽക്കട്ട നവംബർ ൨൧, പാർലമെൻററി പാർട്ടിയിൽനിന്നു രാജിവച്ച് രണ്ടു സഹോദരഡൊമിനിയനുകളും തമ്മിൽ ഐക്യവും സമാധാനവും പുരോഗമിപ്പിക്കുവാൻ ശ്രമിച്ച കാലമത്രയും വിനിയോഗിക്കുന്നതാണെന്നു ഡെൽഹിയിൽനിന്നു തിരിച്ചുവന്ന മി. എച്ച്. എസ്. സുഹ്റവർദി അവിചാരിതമായി പ്രസ്താവിച്ചിരിക്കുന്നു. പശ്ചിമബംഗാൾ അസംബ്ലിയിലും പകിസ്ഥാൻ കാൺസ്റ്റിറ്റ്യൂവൻറസംബ്ലിയിലും നിന്നു താൻ രാജിവയ്ക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

## ഏകലോകത്തിനു വേണ്ടി പ്രവർത്തിക്കണം

—o—

### ലോകശക്തികളോട് രാധാകൃഷ്ണൻെറ അഭ്യർത്ഥന

മെക്സിക്കോസിററി, നവം: 18-ഇവിടെനടക്കുന്ന യൂണെസ്കോ (ഐക്യരാജ്യസംഘടനയുടെ വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നിവയെ സംബന്ധിച്ചവിഭാഗം) യുടെ പൊതുസമ്മേളനത്തിൽ ഇൻഡ്യൻ പ്രതിനിധിസംഘത്തിൻെറ നേതാവ് എസ്. രാധാകൃഷ്ണൻ പ്രസംഗിച്ചു. രാഷ്ട്രീയമായും, സാമ്പത്തികമായും, സാംസ്കാരികമായും ജനായത്തപരമായ ഒരു ഭരണഘടന ഇന്ത്യ നിർമ്മിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. "ഒരു ഫാസിസ്റ്റ്‌രാജ്യം ഞങ്ങളുടെ ലക്ഷ്യമല്ല. ഹിന്ദുക്കൾ ഭൂരിപക്ഷമായ ഞങ്ങളുടെ രാജ്യം ഭരിക്കുന്ന മന്ത്രിസഭയിലെ പകുതിയിലേറെ അംഗങ്ങൾ അഹിന്ദുക്കളാണെന്നുകേട്ടാൽ നിങ്ങൾ അതിശയിച്ചേക്കും" എന്നദ്ദേഹം തുടർന്ന് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത് ങ്ങിനെയാണ്. യൂണെസ്കോയുടെ എല്ലാ പ്രവർത്തനങ്ങളേയും ഇന്ത്യ പിന്താങ്ങുമെന്നു പ്രസ്താവിക്കുവാൻ എനിക്കു സന്തോഷമുണ്ട്. എല്ലാ രാജ്യങ്ങളിലേയും ജനങ്ങളോടും ഭരണാധികാരികളോടും എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു അവർ ഏകലോകം എന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കണമെന്നാണ്. (റായിട്ടർ)

—o—

## ജനഹിതപരിശോധന നടത്താൻ

—o—

### മൗണ്ട്ബാററൻപ്രഭു അനുകൂലിക്കുന്നു

ലണ്ടൻ നവം:൨൨ ഇന്ത്യാഹൗസിൽ വച്ചു ഈസ്ത്യൻ ജേണലിസ്റ്റ് അസോസ്യേഷൻഅംഗങ്ങളുടെ അനൗപചാരികമായ ഒരു യോഗത്തിൽവച്ച് ഇന്ത്യയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെപ്പററിയുള്ള ഒരു ചർച്ചയിൽ കാഷ്മീർ, ഹൈദ്രബാദ്, ജൂനഗാഡ് എന്നീ സ്റ്റേററുകളിൽ ജനഹിതപരിശോധന നടത്തുന്നതിനോടു ഇന്ത്യാഗവർണർജനറൽ മൌണ്ടുബാററൻപ്രഭു ആനുകൂല്യം പ്രദർശിപ്പിച്ചിരിക്കുന്നു.

—o—

## ലീഗും കാൺഗ്രസ്സും പുനഃസംഘടിപ്പിക്കണം

കറാച്ചി നവം: ൨൨, ഇൻറർഡൊമിനിയൻ മൈനാറിററി ബോർഡിൻെറ അദ്ധ്യക്ഷനായ പ്രൊ: മൽക്കാനി ചെയ്ത ഒരു പ്രസംഗത്തിൽ കാൺഗ്രസ്സും ലീഗും അവയുടെ പിതൃസംഘടനയിൽനിന്നുള്ള ബന്ധം വിടുർത്തി ഓരോ ഡൊമിനിയനിലും പ്രത്യേകമായി സംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. പകിസ്ഥാനിലും ഇന്ത്യയിലും ഉള്ള മുസ്ലീങ്ങളുടെ രക്ഷക്ക് ഇതാവശ്യമാണെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. (എ. പി)

# ആക്രമണത്തെ തുരത്താതെ ഹിതപരിശോധനയില്ല

## പകിസ്ഥാൻ പ്രധാനമന്ത്രിക്ക് കാഷ്മീർപ്രധാനമന്ത്രിയുടെ മറുപടി

ശ്രീനഗർ നവം: ൨൩—കാഷ്മീർപ്രശ്നം യൂ: എൻ. ഓയിൽ സമർപ്പിക്കേണ്ടതാണെന്ന പകിസ്ഥാൻപ്രധാനമന്ത്രിയുടെ അഭിപ്രായപ്രകടനത്തെ പരാമർശിച്ചു ഷേക് അബ്ദുള്ള പറഞ്ഞതു് കാഷ്മീരിൽനിന്ന് ആക്രമണകാരികളെ മുഴവൻ തുരത്തിക്കഴിയുന്നതിനുമുമ്പു ഹിതപരിശോധനക്കാര്യം ആലോചിക്കുവാൻതന്നെ നിർവ്വാഹമില്ല എന്നാണ്. കാഷ്മീറിൽ കൊള്ളയും നശീകരണവേലയും തുടർന്നുകൊണ്ടിരിക്കുമ്പോൾ ഒരു ഹിതപരിശോധനയിലേക്കു പൊതുജനശ്രദ്ധയെ തിരിക്കുക അസാദ്ധ്യമാണെന്നാണ്. പത്രപ്രതിനിധികളോടു അദ്ദേഹം ഇന്നലെ പറഞ്ഞതു്.

കാഷ്മീർഗവമ്മെൻറിൻെറ ഒരു പ്രസ്നോട്ടിൽ ഇങ്ങനെ പറയുന്നു:—"വിലപിടിച്ച വ്യാപാരവസ്തുക്കൾ ഉടനടി ഇന്ത്യയിലേക്കു കയററുമതിചെയ്യുവാൻ കാഷ്മീറിലെ സപ്ലൈആഫീസ്സർ അടിയന്തിര നടപടികൾ എടുത്തിട്ടുണ്ട്. ഇതിലേക്കു പ്രത്യേകമായി രണ്ടു വിമാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ഈ വിമാനസർവ്വീസ് ഡൽഹിക്കും ശ്രീനഗറിനുംമദ്ധ്യേ ദിവസേന നടത്തപ്പെടും. ഉപ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ ശ്രീനഗരിലേക്കു പത്താൻകോർട്ടിൽനിന്നു അടിയന്തിരമായി എത്തിച്ചുകൊണ്ടിരിക്കുന്നു.

### ലോഹിയായും കമലാദേവിയും കാഷ്മീരിലേക്ക്

ന്യൂഡെൽഹി, നവ ൨൩-ഡാ: ലോഹിയായും ശ്രീമതി കമലാദേവിയും കാഷ്മീർ സ്ഥിതിഗതികൾ പഠിക്കാൻവേണ്ടി ഇന്നു കാലത്തു് ശ്രീനഗരിലേക്കു പുറപ്പെട്ടിരിക്കുന്നു. (ഏ-പി)

## പുതിയ പ്രമേയമവതരിപ്പിക്കുന്നില്ല

ഫ്ളഷിംഗ്‌മെഡോസ്, നവം: ൨൨—നടപടിക്രമംസംബന്ധിച്ചുള്ളഗുരുതരമായ പ്രയാസങ്ങൾനിമിത്തം ദക്ഷിണാഫ്രിക്കൻപ്രശ്നത്തെപ്പററി ഒരു പുതിയ പ്രമേയമവതരിപ്പിക്കേണ്ടതില്ലെന്നു തീരുമാനിച്ചിരിക്കുന്നതായി ഇന്ത്യൻഡെലിഗേഷൻ പ്രസ്താവിച്ചിരിക്കുന്നു.

## അലിസഹീർ പേർഷ്യയിലെത്തി

ടെഹ്റാൻ നവ: ൨൨—പേർഷ്യയിലെ ഇന്ത്യൻ അംബാസിഡറായ അലിസഹീറും പത്നിയും കഴിഞ്ഞരാത്രി ഇവിടെ എത്തി. സ്റ്റാഫിലെ ഏതാനും ഉദ്യോഗസ്ഥന്മാരുംക്രൂടെയുണ്ട്. (റായിട്ടർ)

## ഫ്രഞ്ച് മന്ത്രിസഭാ രൂപീകരണശ്രമം

പാരിസ് നവ: ൨൩—ഒരു വലിയ ഭൂരിപക്ഷത്തോടുക്രൂടി എം. ആർ. പി നേതാവായ എം. ഷൂമാനിൽ ഫ്രഞ്ച്പാർലമെൻറ ഇന്നലെ വിശ്വാസപ്രമേയം പാസ്സാക്കിയതിനെതുടർന്നു പുതിയ മന്ത്രിസഭ രൂപീകരിക്കാൻ അദ്ദേഹം ശ്രമിച്ചുതുടങ്ങിയിരിക്കുന്നു. ഫ്രഞ്ചുപ്രസിഡണ്ടു, സോഷ്യലിസ്ററനേതാക്കന്മാർ, എം. ആർ. പി. പാർട്ടി എന്നിവരുമായി അദ്ദേഹം സംഭാഷണം നടത്തി. ഏററവും വിശാലമായ ഒരു അടിസ്ഥാനത്തിന്മേൽ അദ്ദേഹം തൻെറ മന്ത്രിസഭ രൂപീകരിക്കുമെന്നാണ വിശ്വസിക്കപ്പെടുന്നതു്.

o

## ഇൻഡ്യയുടെ വ്യവസായീകരണം

o—

### വിശ്വേശ്വരയ്യായുടെ നിർദ്ദേശങ്ങൾ

ബാംബെ നവ: ൨൨—൧൯൪൭ ജൂണിനും ൧൯൪൭ മാർച്ചിനും മദ്ധ്യേയായി യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം നടത്തിയതും എം. വിശ്വേശ്വരയ്യായുടെ നേതൃത്വത്തിലുള്ളതും ആയ അഖിലേന്ത്യാ നിർമ്മാതാക്കളുടെ സംഘടന ഇന്ത്യയെ ശീഘ്രതരം വ്യവസായീകരിക്കുന്നതിനെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ള റിപ്പോർട്ടിൽ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവരും ഇപ്പോൾ പത്തുശതമാനം മാത്രമുള്ളവരും ആയ ഇന്ത്യാക്കാരുടെ സംഖ്യ ൨൫ ശതമാനമാക്കി ഉയർത്തണമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇന്നു പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത റിപ്പോർട്ടിനു മൂന്നു ഭാഗങ്ങളുണ്ടു. ഇരുമ്പ്, ഉരുക്ക്, ആട്ടോമൊബൈൽ വിമാനം, കപ്പൽ, കൃത്രിമപ്പട്ട്, പട്ട്, എലക്ട്റിക്കൽ ഇഞ്ചിനീയറിംഗ്, തുണിവ്യവസായം, ധാതുദ്രവ്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ളതും വിപുലമായതോതിൽ ഉള്ളതും ആയ എല്ലാ വ്യവസായങ്ങളെപ്പററിയും റിപ്പോർട്ട പ്രതിപാദിക്കുന്നു. ഇവയെ സംബന്ധിച്ച വിലതീരാത്ത സ്ഥിതിവിവരക്കണക്കുകളും ഇതിൽ അടങ്ങിയിരിക്കുന്നു. (എ. പി)

—o—

# വലിയതുറയിൽ കപ്പലപകടം

തിരു: വൃശ്ചികം ൭—ചരക്കുകൾ കയററിവന്ന ഒരു കപ്പൽ വലിയതുറപാലത്തിലെത്തിയപ്പോൾ നിയന്ത്രണമില്ലാതായതുകയാൽ പാലത്തിൽമുട്ടുകയും തൻനിമിത്തം പാലത്തിനും കപ്പലിനും കേടു സംഭവിക്കുകയും ചെയ്തിരിക്കുന്നതായറിയുന്നു. ദിവാൻജിയും ഡിവിഷൻപേഷ്കാരും മററും സംഭവസ്ഥലത്തേക്കു പോയിരിക്കുന്നതായും അറിയുന്നു. (ഒ-ലേ)

—o—

## ഒന്നാമത്തെ ഇന്ത്യൻ ആർമി കമാൻഡർ

### മേജർജനറൽ കറിയപ്പ നിയമിതനായി

ന്യൂഡെൽഹി, നവ: ൨൨—ഇന്ത്യൻ ആർമിയിലെ ഏററവും സീനിയർ ഇൻഡ്യൻ ആഫീസറായ മേജർ ജനറൽ കെ. എം. കറിയപ്പായെ ലെഫ്: ജനറൽ റാങ്കിലേക്കു പ്രൊമോട്ടുചെയ്തു ഈസ്റ്റേൺ കമാൻറിൻെറ ജി. ഓ. സി-യായി നിയമിച്ചിരിക്കുന്നു. ഒരു ആർമി കമാൻററാകുന്ന ഒന്നാമത്തെ ഇന്ത്യാക്കാരനാണ് കറിയപ്പ.

## ഹൈദ്രബാദ് ഡെലിഗേഷൻ

ന്യൂഡെൽഹി നവം: ൨൩—ഹൈദ്രബാദ് പ്രതിനിധിസംഘം ഇന്നുകാലത്തു് പണ്ഡിതനെഹ്റുവിനെ കാണുകയുണ്ടായി. സയദ്കാസിം റസ്വി ഇത്തഹാദ്മുസ്ലീമിൻ പ്രസിഡൻറ് സർദാർപട്ടേലിനെ ഇന്നു സന്ദർശിക്കുകയുണ്ടായി.

# തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് ബിൽ

## ഡൊമിനിയൻ നിയമസഭയിൽ ചർച്ചകൾ

ന്യൂഡെൽഹി നവം: ൨൨—തൊഴിലാളികൾക്കുള്ള ഇൻഷുറൻസിനെ സംബന്ധിച്ച ബില്ലിനെപ്പററിയുള്ള ചർച്ചകൾ ഇന്നും തുടർന്നു. ഓരോ പ്രത്യേകകാലങ്ങളിൽ ജോലിക്ക് ഏർപ്പെടുന്നവരും ആകെയുള്ളതിൽ അമ്പതുശതമാനം വരുന്നതുമായ തൊഴിലാളികളെ ബില്ലിൻെറ പദ്ധതിയിൽപെടുത്തിയിട്ടില്ലാത്ത ന്യൂനത മി: ആർ. കെ. സിദ്ധവ ചൂണ്ടിക്കാണിച്ചു. സെലക്റ്റ്കമ്മററിയിൽ മന്ത്രിതന്നെ ഇതിനു ഭേദഗതി കൊണ്ടുവരുമെന്ന് അദ്ദേഹം ആശിച്ചു.

പ്രശംസകൾക്കു മി. ജഗജ്ജീവൻറാം നന്ദിപറഞ്ഞു. നിരൂപണങ്ങൾക്കു മറുപടി പറയവേ തനിക്ക് ഒരു വലിയ ന്യൂനത ഉണ്ടെന്നും അതു തൊഴിലാളികളോടു തനിക്കുള്ള സഹാനുഭൂതിയാണെന്നും അദ്ദേഹം പറഞ്ഞു.

ഈ ബില്ലിൻെറ പരിധി ഫാക്ടറിതൊഴിലാളികൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചു. ഈ തൊഴിലാളികളുടെ കാര്യത്തിലും ചില ഫാക്ടറികളെ ഈ ബില്ലിൻെറ പരിധിയിൽനിന്നു ഒഴിക്കുവാൻ സംസ്ഥാനികഗവർമ്മെൻറുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. ബിൽ ഒരു സെലക്ററുകമ്മിററിക്കയച്ചു. ദന്തചികിത്സതൊഴിൽ നിയന്ത്രിക്കുന്നതിനുള്ള ആരോഗ്യമന്ത്രിയുടെ ബില്ലും സെലക്ററുകമ്മിററിക്കയച്ചു. പരിശീലനത്തിൻെറ ഏററവും കുറഞ്ഞ സ്റ്റാൻേറർഡു നിബന്ധിക്കുന്ന ഇന്ത്യൻ ഡെൻറൽ കൗൺസിലും ദന്തചികിത്സക്കു യോഗ്യതയുള്ളവരുടെ രജിസ്റ്ററുകൾവയ്ക്കുവാൻ സാംസ്ഥാനിക കൗൺസിലുകൾ രൂപവൽക്കരിക്കുവാനും ഈ ബിൽ വ്യവസ്ഥചെയ്യുന്നു. ചൊവ്വാഴ്ച കൂടാനായി സഭ പിരിഞ്ഞു: (എ. പി.)

—o—

## മൗണ്ട്ബാററനും പത്നിയും

മാൾട്ടാ നവ: ൨൩—മൗണ്ട്ബാററൻ പ്രഭുവും പത്നിയും മാൾട്ടായിൽനിന്നു വിമാനമാർഗ്ഗം ഇന്നു് ഇന്ത്യയിലേക്കു പുറപ്പെട്ടിരിക്കുന്നു.

## നടന്നുവരുന്ന അഭയാർത്ഥികൾ

—o—

സിംലാ നവം: ൨൨ തങ്ങളുടെ വണ്ടികളും കാലികളും സഹിതം വരണമെന്നു ആഗ്രഹിച്ച പശ്ചിമപഞ്ചാബിലെ എല്ലാ അഭയാർത്ഥികളും പോന്നുകഴിഞ്ഞിരിക്കുന്നു. അവസാനത്തെ യാത്രാസംഘം രണ്ടാഴ്ചക്കുമുമ്പുതന്നെ അതിർത്തികടന്നു. ഇനിയുള്ളവർ മോട്ടാറിലോ ട്രെയിനിലോ ആയിരിക്കും വരുന്നതു്. (എ. പി)

## പാക്‌മന്ത്രിസഭയിൽ മാററമുണ്ടാകും

—o—

കറാച്ചി നവ: ൨൨—പകിസ്ഥാൻ കേന്ദ്രഗവമ്മെൻറിൽ ഒരുടച്ചുവാർക്കലുണ്ടായേക്കാം. സർദാർ അബ്ദുർറബ്‌നിഷ്ടാർ പ്രധാനമന്ത്രിയിൽനിന്നു ഡിഫൻസ് വകുപ്പെടുത്തേക്കും. ഇന്ത്യയിലേക്കുള്ള മി: ഫിറോസ്ഖാൻനൂണിൻെറ ദൂതയാത്രയെ പശ്ചിമപഞ്ചാബ് പ്രധാനമന്ത്രിപദവുമായി ബന്ധിപ്പിക്കുന്നു.

—o—

## അയ്യപ്പന്മാരുടെ ശ്രദ്ധയ്ക്കു്

തിരു: വൃശ്ചികം ൬—ഗവമ്മെൻറിൽ നിന്നുപ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരറിയിപ്പിൽ ഇപ്രകാരം കാണുന്നു.

"ശബരിമല ക്ഷേത്രത്തിൽ ദർശനത്തിനായിപ്പോകുന്ന അയ്യപ്പന്മാരിൽ ചിലർ അവരുടെ യാത്രയിൽ എരുമേലി മുതലായ ക്ഷേത്രങ്ങളിൽ നാലമ്പലത്തിലും തിരുമുററത്തിലും ശബരിമലയിൽ എത്തിയാൽ അവിടത്തെ പതിനെട്ടാംപടിയ്ക്കു മുകളിലുള്ള വലിയമ്പലം, തിരുമുററം മുതലായ സ്ഥലങ്ങളിലും അവരുടെ വിരിവയ്ക്കുകയും ആസ്ഥലങ്ങൾ വിശ്രമത്തിനായി ഉപയോഗിച്ചു മലിനപ്പെടുത്തുകയും ചെയ്യുവരുന്നതായി കാണുന്നു. അവരുടെ ഈവക പ്രവൃത്തികൾ മററയ്യപ്പന്മാക്കു് ദർശനത്തിനും മററും അസൌകയ്യത്തിനു കാരണമായിത്തീരുന്നതിനും പുറമെ ക്ഷേത്രകായ്യാദികൾ വേണ്ടവിധം നടത്തിക്കുന്നതിനു് തടസ്സമായുംതീരുന്നു. മേൽവിവരിച്ചതരത്തിലുള്ള അയ്യപ്പന്മാരുടെ നടപടിയെ തടയേണ്ടതു് മററയ്യപ്പന്മാരുടെ സൌകയ്യത്തിനും ക്ഷേത്രകാര്യാദികൾ വേണ്ടവിധം നടത്തിക്കുന്നതിനും ആവശ്യമായിത്തീർന്നിരിക്കുന്നതിനാൽ മേലാൽ ശബരിമല ദർശനത്തിനായി പോകുന്ന അയ്യപ്പന്മാർ പതിനെട്ടാംപടിക്കു മുകളിലുള്ള ക്ഷേത്രവളപ്പിലുൾപ്പെട്ട സ്ഥലങ്ങളും എരുമേലി മുതലായ ക്ഷേത്രങ്ങളിൽ നാലമ്പലത്തിനകത്തുള്ള സ്ഥലങ്ങളും ദർശനത്തിനുമാത്രം ഉപയോഗിക്കുകയല്ലാതെ ആ സ്ഥലങ്ങൾ അവരുടെ സാമാനങ്ങൾ വയ്ക്കുന്നതിനോ വിശ്രമത്തിനോ ആയി ഉപയോഗിക്കാൻ പാടില്ലാ എന്ന വിവരം എല്ലാവരേയും അറിയിച്ചിരിക്കുന്നു. അയ്യപ്പന്മാരുടെ സൌകര്യത്തേയും ക്ഷേത്രത്തിലെ അടിയന്തിരങ്ങളുടെ തൃപ്തികരമായ നടത്തിപ്പിനേയും ഉദ്ദേശിച്ചു ഏർപ്പെടുത്തിയിട്ടുള്ള ഈ വ്യവസ്ഥയെ സ്വാമിദർശനത്തിനായിപോകുന്ന അയ്യപ്പന്മാർ സ്വമേധയാ അനുസരിച്ചു കൂടുതൽ കാര്യക്ഷമതയുണ്ടാക്കുവാൻ ഇടവരുത്തുമെന്നും വിശ്വസിക്കുന്നു.

## വിദ്യാർത്ഥികാൺഗ്രസ്സ്

൧൧൨൩, വൃശ്ചികം ൬-ാംതീയതി കൂടിയ അഖിലതിരു: വി: കാ: വർക്കിംഗ് കമ്മററി ഇപ്രകാരം ഒരു പ്രമേയം പാസാക്കിയിരിക്കുന്നു. രാഷ്ട്രീ തടവുകാരുടെ മോചനംസംബന്ധിച്ചു് രാജ്യത്തുണ്ടായേക്കാവുന്ന സമരപരിപാടികളിൽ വിദ്യാലയങ്ങളിൽ ചേർന്നുപഠിക്കുന്ന വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുന്നതു് ആശാസ്യമല്ലെന്നു് കമ്മിററി നിർദ്ദേശിക്കുന്നു. ഇതര വി: കാ: പ്രവർത്തകക്കു് അവരുടെ വിശ്വാസമനുസരിച്ചു് പ്രവർത്തിക്കുവാനവകാശമുണ്ട്. ഈ അവസാനസന്ദർഭത്തിലെങ്കിലും സമാധാനപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി എല്ലാ രാഷ്ട്രീയതടവുകാരേയും ഉടനടി മോചിപ്പിക്കണമെന്നു് കമ്മിററി ഗവമ്മെൻറിനോടാവശ്യപ്പെടുന്നു. (സ്വ-ലേ)

## ഫാസിസ വുംരാജത്വവും തടയുവാൻ

റോം നവം: ൨൨—ഫാസിസ്ററുപ്രവത്തനങ്ങളെ അമച്ചവരുത്തുന്നതിനും, രാജാധികാരം പുനഃസ്ഥാപിക്കുന്നതിനുള്ള സംരംഭങ്ങളെ തടയുന്നതിനും ആയി അങ്ങിനെയുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നവക്കു് മുപ്പതുവർഷംവരെ തടവുശിക്ഷ നൽകുകയും, അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്യണമെന്നു് ഇററലിയിലെ കൺസ്റ്റിററുവൻറസ്സംബ്ളി അനുശാസിച്ചിരിക്കുന്നു. (റായിട്ടർ)

## എം. പി-യെ അറസ്റ്റുചെയ്തു

ലണ്ടൻ, നവ ൨൩—സെവായിഹോട്ടൽപണിമുടക്കുസംബന്ധിച്ചു പാർലമെൻറുതൊഴിലാളിമെമ്പറായ മി: ആർതർ ലീവിസ്സിനെഅറസ്ററുചെയ്തു. (റായിട്ടർ)

# S. N. D. P. രാഷ്ട്രീയ കായ്യങ്ങളിൽനിന്നു പിന്മാറുന്നു

### ഈഴവർ സ്റ്റേററുകാൺഗ്രസ്സിൽ ചേരണം—അമ്പലപ്പുഴ—ചേർത്തല കമ്മ്യൂണിസ്ററുകേസിൽപെട്ടു് ജയിൽവാസമനുഭവിക്കുന്നവരെ മോചിപ്പിക്കണം

## എസ്. എൻ. ഡി. പി. ബോർഡുയോഗം പാസാക്കിയ പ്രമേയങ്ങൾ

കൊല്ലം വൃശ്ചികം ൭, എസ്. എൻ. ഡി. പി യോഗം ഡയറക്ടർബോർഡിൻെറ ഒരു യോഗം ഇന്നു രാവിലെ ൧൦ മണിക്കു് മി: എം. ഗോവിന്ദൻെറ അദ്ധ്യക്ഷതയിൽ കൂടി മിക്ക ഡയറക്ടാന്മാരും, യൂണിയൻ പ്രസിഡൻറന്മാരും, യൂണിയൻ സെക്രട്ടറിമാരും ഹാജരുണ്ടായിരുന്നു. യോഗത്തിൻെറ രാഷ്ട്രീയനില എന്തായിരിക്കണമെന്നുള്ളതിനെപ്പററിയുള്ള സബ് കമ്മററിയുടെ റിപ്പോർട്ടു വായിച്ചു സമർപ്പിച്ചു. യോഗം ശുദ്ധരാഷ്ട്രീയകായ്യങ്ങളിൽനിന്നു വിട്ടുനിൽക്കണമെന്നുള്ളതായിരുന്നു റിപ്പോർട്ടിൻെറ ചുരുക്കം. ഇതുസംബന്ധിച്ചു തീവ്രമായ വാദപ്രതിവാദം നടന്നു. ഒടുവിൽ റിപ്പോർട്ടു് ഐകകണ്ഠ്യേന ബോർഡു് അംഗീകരിക്കുകയും തുടർന്നു ജനറൽസെക്രട്ടറി മി: ആർ. ശങ്കർ അവതരിപ്പിക്കയും മി: കെ. സുകുമാരൻ പിന്താങ്ങുകയും ചെയ്തുകൊണ്ടു് അടിയിൽ പറയുന്ന നിശ്ചയം സവ്വസമ്മതമായി പാസ്സാക്കപ്പെട്ടു.

"എസ്സ്. എൻ. ഡി. പി. യോഗം ഉൾപ്പെടെ ഈ രാജ്യത്തെ എല്ലാ ജനകീയ സംഘടനകളും ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഉത്തരവാദഭരണം സംസിദ്ധമായിരിക്കുന്ന ഈ ഘട്ടത്തിൽ യോഗത്തിൻെറ രാഷ്ട്രീയനയം പുനഃപരിശോധന ചെയ്യേണ്ടതാണെന്നുള്ള ൧൧-൨-൧൧൨൩-ലെ യോഗം ബോർഡിൻെറ തീരുമാനമനുസരിച്ചു് നിയുക്തമായിരുന്ന സബ് കമ്മററി സമപ്പിച്ച റിപ്പോർട്ടു് ഈ ബോർഡിൻെറ അവഗാഢമായ ശ്രദ്ധയ്ക്കു് വിഷയമായി.

സമുദായാംഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ കുറവുകൾക്കു് പരിഹാരമുണ്ടാക്കുവാനുള്ള പ്രവത്തനങ്ങൾക്കുപുറമേ, പബ്ളിക്ക് സർവ്വീസിലും നിയമസഭയിലും സംഖ്യാനുപാതികമായ പ്രാതിനിധ്യം കരസ്ഥമാക്കുന്നതിനാവശ്യമായ പരിപാടികളും യോഗം സ്വീകരിച്ചിരുന്നു. ഈ രാജ്യത്തു് നിലവിലിരിക്കുന്ന ഭയങ്കരമായ സാമ്പത്തിക ഉച്ചനീചത്വം ഇല്ലാതിരിക്കുന്നതിനായി ഒരു സോഷ്യലിസ്റ്റു് വ്യവസ്ഥിതി ഉണ്ടാക്കിത്തീക്കേണ്ടതാണെന്നുള്ള യോഗത്തിൻെറ അഭിപ്രായം വളരെനേരത്തേ യോഗം പ്രഖ്യാപനംചെയ്യുകയും അതിനായി പ്രചരണംനടത്തുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദഭരണത്തിൻെറ സമ്പ്രാപ്തി ഈ അസമത്വങ്ങളുടെ പരിഹാരത്തിനായി വിനിയോഗിക്കേണ്ടതാണെന്നാണു് യോഗത്തിൻെറ ദൃഢമായ അഭിപ്രായം. പ്രാതിനിധ്യവിഷയകമായി നിലവിലിരിക്കുന്ന അസമത്വങ്ങൾ നീക്കപ്പെടേണ്ടതാണെന്നു് ഈ രാജ്യത്തു് പൊതുവിൽ അഭിപ്രായം ഉണ്ടായികാണുന്നതിൽ യോഗം സന്തോഷിക്കുന്നു. അതിനുള്ള രീതിയെപ്പററി മാത്രമേ ചില അഭിപ്രായവിത്യാസങ്ങൾ ഇനിയും നിലവിലിരിക്കുന്നുള്ളു. റിഫോംസ് കമ്മററിയുടെ റിപ്പോർട്ടനുസരിച്ചു് ഈ രാജ്യത്തെ പല ന്യൂനപക്ഷങ്ങൾക്കും സംവരണം അനുവദിക്കപ്പെട്ടിരിക്കുന്നു. സംഖ്യകൊണ്ടു വലുതെങ്കിലും പല കാരണങ്ങളാൽ പ്രാതിനിധ്യവൈഷമ്യമുള്ള നായരീഴവസമുദായങ്ങൾക്കു പരാധീനതകൂടാതെ മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിനുള്ള ഏകമാർഗ്ഗം ബഹ്വംഗനിയോജകമണ്ഡലങ്ങളുടെ സൃഷ്ടിയും ഒററവോട്ടുസമ്പ്രദായത്തിൻെറ അംഗീകരണവും മാത്രമാണെന്നുള്ള യോഗത്തിൻെറ സുചിന്ത്യമായ അഭിപ്രായം അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും നിയോജകമണ്ഡലങ്ങളുടെ രൂപീകരണംകൊണ്ടു സമുദായങ്ങളുടെ ന്യായമായ പ്രാതിനിധ്യം ഒരുവിധം സുരക്ഷിതമാക്കുന്നതിനുള്ള പദ്ധതികമ്മററി അംഗീകരിച്ചിട്ടുണ്ട്. ഇന്നത്തെ പരിതസ്ഥിതികളിൽ ഈ വ്യവസ്ഥ പരീക്ഷണമാണെന്നു ഈ ബോർഡു കരുതുന്നു.

ഒരു സോഷ്യലിസ്ററു സാമ്പത്തികപരിപാടി അംഗീകരിച്ചു പ്രവത്തിച്ചെങ്കിൽ മാത്രമേ നമുക്കു ലഭ്യമായിട്ടുള്ള ഉത്തരവാദഭരണംകൊണ്ടു ജനസമൂഹത്തിൽ ഗുണകരമായ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുകയുള്ളു എന്നുള്ള നമ്മുടെ ചിരസ്ഥായിയായ അഭിപ്രായം ഇന്നു ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും അഭിപ്രായമായി തീർന്നുകാണുന്നതിൽ ഈ ബോർഡു സന്തോഷിക്കുന്നു. തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സിൻെറയും അഭിപ്രായഗതി ആ വഴിക്കു ചാഞ്ഞുകാണുന്നതു് ഏററവും സ്വാഗതാർഹമാണു്. രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളത്തക്ക കഴിവും പ്രവത്തനവ്യാപ്തിയുമുള്ള ഒരു രാഷ്ട്രീയകക്ഷിക്കല്ലാതെ ഒരുവിധമായ സാമ്പത്തികപരിപാടിയും പ്രയോഗത്തിൽവരുത്താവുന്നതല്ല. എസ് എൻ. ഡി. പി. യോഗത്തെപ്പോലെയുള്ള ഒരു സംഘടനയ്ക്കു് ഒരു ഭൂരിപക്ഷരാഷ്ട്രീയകക്ഷിയായി വികസിക്കുവാൻ സാദ്ധ്യമാകാത്തവണ്ണം അതിനു് സ്വാഭാവികമായ പരിമിതികളുണ്ട്. ജനകീയഭരണം ഭൂരിപക്ഷത്തിൻെറ ഭരണമാണു്. ഭൂരിപക്ഷകക്ഷിയായിത്തീരാൻ സാദ്ധ്യമല്ലാത്ത ഒരു കക്ഷിയായി ഒററതിരിഞ്ഞു നിൽക്കുവാൻ യോഗം ശ്രമിക്കുന്നപക്ഷം ആയതു് യോഗത്തിനും സമുദായത്തിനും രാജ്യത്തിനും ദുർബലതയും ദോഷവും ഉണ്ടാക്കുകയേ ഉള്ളു എന്നു് ഈ ബോർഡു കരുതുന്നു. അതു ഭൂരിപക്ഷകക്ഷിയെന്ന നിലയിൽ ഭരണത്തിൻെറ ഉത്തരവാദിത്വം കയ്യേൽക്കുന്നതിനും എല്ലാവക്കും സ്വീകായ്യമായ ഒരു സാമ്പത്തികപദ്ധതി അംഗീകരിച്ചു് പ്രയോഗത്തിൽവരുത്തുന്നതിനും സാദ്ധ്യമാകത്തക്കവണ്ണം വിവിധജനവിഭാഗങ്ങളുടെ വിശ്വാസം ആജ്ജിച്ചിട്ടുള്ള ഏകസംഘടന തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സാണു്. ആയതിനാൽ എസ്. എൻ. ഡി. പി-യോഗം ശുദ്ധരാഷ്ട്രീയ പ്രവത്തനങ്ങളിൽനിന്നു ഒഴിഞ്ഞുനിൽക്കുകയും ഈഴവർ അവരുടെ രാഷ്ട്രീയമോക്ഷസമ്പാദനത്തിനായി സ്റ്റേററുകാൺഗ്രസ്സിൽചേന്നു ശക്തമായി പ്രവത്തിക്കയും ചെയ്യേണ്ടതാണെന്നും ഈ ബോർഡു് ദൃഢമായി അഭിപ്രായപ്പെടുന്നു. ഈഴവരുടെ വിദ്യാഭ്യാസപരമായ അവശതകൾ,പബ്ളിക്കു സർവ്വീസിലെ പ്രാതിനിധ്യക്കുറവു് ഇവ പരിഹരിക്കുന്നതിനും ദേവസ്വംഡിപ്പാർട്ടുമെൻറിൽ പ്രവേശനം സമ്പാദിക്കുന്നതിനും ദേവസ്വംഭരണം ഹിന്ദുസമുദായങ്ങളുടെ അധികാരത്തിൽ കൊണ്ടുവരുന്നതിനും ഈഴവരുടെ സാമൂഹ്യസ്ഥിതി ഉയത്തുന്നതിനുമായി യോഗം സ്വീകരിച്ചിട്ടുള്ള പരിപാടികളുടെ പ്രവത്തനംയോഗം ഏററവും ഊർജ്ജിതമായി തുടർന്നുകൊണ്ടുപോകേണ്ടതാണെന്നും ഈ ബോർഡു കരുതുന്നു. അതിനാൽ പ്രതിനിധിസഭയിലേക്കുള്ള തെരഞ്ഞെടുപ്പു്, സവ്വാദരണീയമായ ഒരു സാമ്പത്തികപരിപാടിയുടെ പ്രവത്തനം മുതലായ ശുദ്ധരാഷ്ട്രീയ-സാമ്പത്തികകായ്യങ്ങളിൽനിന്നു് എസ്സ്. എൻ. ഡി. പി. യോഗം ഒഴിഞ്ഞുനിൽക്കണമെന്നും ഈ രാജ്യത്തെ ഇതരസമുദായങ്ങളുടെ പുരോഗതിയോടൊപ്പം ഈഴവരുടേയും രാഷ്ട്രീയമോക്ഷപ്രാപ്തിക്കായി എല്ലാ ഈഴവരും തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സിൽചേന്നു പ്രവത്തിക്കേണ്ടതാണെന്നും ആ വഴിക്കു രാജ്യത്തു് ഒരുമയും സമാധാനവും സംതൃപ്തിയും കൈവരുത്തുന്നതിനു് ആരുടേയും പിന്നലല്ലാതെ പ്രയോജനകരമായി പ്രവത്തിക്കുന്നതിനു് ഈഴവർ ഒന്നാകെ സന്നദ്ധമാകണമെന്നും ബോർഡു തീരുമാനിക്കുന്നു. പ്രസ്തുത നിശ്ചയം പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുവേണ്ടതെല്ലാം ചെയ്യുവാൻ പ്രസിഡൻറിനേയും ജനറൽസെക്രട്ടറിയേയും ഏല്പിച്ചു്ത്തി.

അടുത്തതായി യോഗം ഡയറക്ടർ മി: പലകശേരിരാഘവൻ, മുനിസിപ്പൽപ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടതിൽ അദ്ദേഹത്തെ അനുമോദിക്കുന്ന പ്രമേയം മുരുക്കുംപുഴ മി: ഏ. രാഘവൻ അവതരിപ്പിക്കുകയും മി: എം. കെ. നീലകണ്ഠൻ പിന്താങ്ങുകയും ചെയ്തു് പാസ്സാക്കപ്പെട്ടു. അമ്പലപ്പുഴ-ചേത്തല കമ്മ്യൂണിസററുകേസ്സിൽപ്പെട്ടു ജയിൽവാസം അനുഭവിക്കുന്നവരെ ഉടനെ മോചിപ്പിക്കണമെന്നൊരു നിശ്ചയം മി: ഏ. രാമകൃഷ്ണൻ ഹാജരാക്കി. മി: കെ. സുകുമാരൻ അനുകൂലിച്ചു, സവ്വസമ്മതമായി പാസ്സായി. യോഗം വാർഷികം നടത്തുന്നതിനെപ്പററിയുള്ള ആലോചന അടുത്തബോർഡിലേക്കു മാററി. അത്യാവശ്യമായ മററു യോഗകാര്യങ്ങളെപ്പററിആലോചിച്ചശേഷം ബോർഡുയോഗം അവസാനിച്ചു. (സ്വ-ലേ)

## ഗാന്ധിജിയെ സന്ദശിച്ചവർ

ന്യൂഡെൽഹി നവം: ൨൨—മി: ഗോപാലസ്വാമിഅയ്യങ്കാർ, ഡാ: ജാൺമത്തായി, ആചാര്യകൃപലാനി, സുചേതാകൃപലാനി, രാജകുമാരി അമൃതകൗർ, മിസ്സിസ് ഇന്ദിരാഗാന്ധി എന്നിവർ ഇന്നു ഗാന്ധിജിയെ സന്ദർശിച്ചു. വിമാനമാർഗ്ഗം നാളെ കാഷ്മീരിലേക്കു പോകുന്ന ഡാ: രാം മനോഹരലോഹിയായും ഗാന്ധിയെ സന്ദശിച്ചു (ഏ-പി)

—o—

## കൺട്രോളിനെപ്പററിയുള്ള കുറിപ്പ്

—o—

### കമ്മാഡിററി പ്രൈസ്ബോർഡ് തയ്യാറാക്കിയതു്

ന്യൂഡെൽഹി നലം: ൨൨, കമ്മോഡിററീസ് പ്രൈസ്ബോർഡു് തയ്യാർചെയ്തിട്ടുള്ളതും കൺട്രോളിനേയും, അവ തുടരുന്നതിനേയും സംബന്ധിച്ചുള്ളതും ആയ ഒരു കുറിപ്പു് ഇന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. കൺട്രോൾ തുടരുന്നതിൻെറ ആവശ്യകതയെ അടിസ്ഥാനമാക്കി സാധനങ്ങളുടെ ഉല്പാദനത്തേയും വിതരണത്തേയും സംബന്ധിച്ച അടിസ്ഥാനവിവരങ്ങളുടെ പരിശോധനയും നടത്തിയിരിക്കുന്നു. വില നിരക്കുകളുടെ പോക്കിനേയും അതേസംബന്ധിച്ച പ്രതീക്ഷകളേയും അതിൽ സൂചിപ്പിക്കുകയും കൺട്രോൾ പിൻവലിച്ചാലുണ്ടാകാവുന്ന ഫലങ്ങളെപ്പററി പരിശോധിക്കുകയും ചെയ്തിരിക്കുന്നു. നിയന്ത്രണദാർഢ്യത്തിനു ആവശ്യമായ ഒരു ഘടന ഉണ്ടാക്കുന്നതിനെപ്പററിയും, കൺട്രോളിനെസംബന്ധിച്ചു കൈക്കൊള്ളേണ്ട നയം എന്തെന്നു നിർവ്വചിക്കുന്നതിനെ സംബന്ധിച്ചും കുറിപ്പിൽ പ്രസ്താവിച്ചിട്ടുണ്ട്. ൧൯൪൭-ൽ ഏപ്രിൽ ൧൯-ാംനു- ഒപ്പുവയ്ക്കപ്പെട്ട ഈ കുറിപ്പിൽ അടുത്ത മൂന്നു വർഷത്തേക്കു കൃഷിഭൂമിയുടെ വിസ്തീണ്ണം വദ്ധിപ്പിക്കാനോ ഉല്പാദനം വദ്ധിപ്പിക്കാനോ സാദ്ധ്യമല്ലെന്നു മെമ്പറന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. യുദ്ധകാലത്തെ അപേക്ഷിച്ചു വ്യാവസായികോല്പന്നങ്ങളിലും കുറവുണ്ടായിട്ടുണ്ടെന്നും, അതു ഉടനെ വദ്ധിപ്പിക്കുന്നതിനു വിഷമതകളുണ്ടെന്നും അവർ പ്രസ്താവിച്ചിരിക്കുന്നു. തടസ്സങ്ങളിൽ പ്രധാനപ്പെട്ടതു് കൽക്കരിയുടെ നിലതന്നെ. വൻകിടയിലുള്ള യന്ത്രസാമഗ്രികൾ ഇറക്കുമതിചെയ്യുന്നതിനെ ആശ്രയിച്ചാണു് ഭാവിവ്യവസായത്തിൻെറ അഭിവൃദ്ധി സ്ഥിതിചെയ്യുന്നതു്.

൧൯൫൦-നുമുമ്പു് അന്യരാജ്യങ്ങളിൽ ധാരാളമായി കയററുമതിചെയ്യാൻ മാത്രം ധാന്യങ്ങൾ ഉണ്ടാകാൻ ഇടയില്ലെന്നു് തോന്നുന്നു. അതിനാൽ റേഷൻ അളവു് അടുത്ത രണ്ടുവർഷങ്ങളിൽ ൧൨ ഔൺസിൽ കുറയാതിരിക്കുവാൻ വേണ്ടതു ചെയ്യാനെ ഗവമ്മെൻറിനു കഴിയൂ എന്നു കരുതപ്പെടുന്നു. തുടർന്നുള്ള രണ്ടുവർഷങ്ങളിൽ ധാന്യങ്ങൾ കരുതുകയും ൧൬ ഔൺസ് നിരക്കിലെത്തിക്കാൻ ശ്രമിക്കുകയും വേണ്ടിയിരിക്കുന്നു. (ഏ-പി)

—o—

## CAN YOU NAME HIM?

1. He invented the "safety-lamp" called after his name:-
a) Michael Faraday; b) Sir Humphry Davy; c) James Watt.
2. Britain's Minister of Health:-
a) Aneurin Bevan; b) George Tomlinson; c) Tom Williams.
3. Shakespearean character who was in debt to Shylock the Jew:-
a) Antony; b) Malvolio; c) Antonio.
4. "Big Ben" is named after him:-
a) Ben Johnson; b) Sir Robert Peel; c) Sir Benjamin Hall.
5. He discovered the Hawaiian Islands:-
a) Marco Polo; b) Capt. James Cook; c) John Cabot.
6. Author of "The Seven Pillars of Wisdom":-
a) Matthew Arnold; b) John Ruskin; c) Charles Darwin.
7. Tennis player known as the the "Bounding Basque":-
a) Jean Borotra; b) Fred Perry; c) Bill Tilden.

ANSWERS.

1. (b); 2. (a); 3. (c); 4. (c); 5. (b); 6. (b); 7. (a).

# "സി. വി. രാമൻപിള്ള" യെപ്പററി

### മഹാകവി ഉള്ളൂർ

സി. വി. രാമൻപിള്ള എന്ന ജീവചരിത്രഗ്രന്ഥം വായിച്ചതിനുശേഷം മഹാകവി ഉള്ളൂർ ഗ്രന്ഥകത്താവിന്ന് അയച്ച ഒരു കത്തിൽ താഴെ കാണുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

ഏററവും പ്രിയപ്പെട്ട പരമേശ്വരൻനായർ,

ഏററവും സൌഹാർദ്ദത്തോടുകൂടി എനിക്കു കൊണ്ടുവന്നുതന്ന, സി. വി. രാമൻ പിള്ള, എന്ന നിങ്ങളുടെ പുതിയ പുസ്തകം ഞാൻ ഒരുകുറി ആദ്യന്തം നിഷ്കർഷിച്ചു വായിച്ചു നിരതിശയമായ നിർവൃതിസുഖം അനുഭവിച്ചു. സർവ്വഥാ സഗുണവും സമഗ്രവുമായ ഒരു കൃതിയാണ് ഇതെന്ന് ഏതു ദോഷൈകദൃക്കിനും സമ്മതിക്കാതെ നീക്കപോകില്ല.

ഭാരതീയനോവൽ സാഹിത്യകാരന്മാരുടെ മദ്ധ്യത്തിൽ അത്യന്തം സമുന്നതമായ ഒരു സ്ഥാനമാണ് സി. വി. സമാർജ്ജിച്ചിട്ടുള്ളതു്. ബങ്കിമചന്ദ്രചതോപാദ്ധ്യായൻ, ഹരിനാരായണആപ്‌ടെ, തുടങ്ങിയ പ്രമാണികന്മാക്കു സമശീർഷനായാണ് അദ്ദേഹം പ്രശോഭിക്കുന്നതു്. കേരളത്തിൽ ഇന്നുവരെ ഒരു ചരിത്രാഖ്യായികാകാരൻ ഉണ്ടായിട്ടുണ്ടെങ്കിൽ അതു് അദ്ദേഹം മാത്രമാണെന്നു പറയുമ്പോഴും മററുള്ളവക്കു മത്സരബുദ്ധി തോന്നേണ്ടതില്ല. അത്രമാത്രം വിപുലവും വിശദവുമാണ് അദ്ദേഹത്തിനും അവക്കും തമ്മിലുള്ള അന്തരം. ആ കഥാഗുംഫനവൈദഗ്ദ്ധ്യം, ആ പാത്രസൃഷ്ടികൌശലം, ആ ഉക്തി പ്രത്യുക്തിചാതുര്യം, ആ വികാരചിത്രണവൈഭവം, ആ വർണ്ണനകലാനൈപുണ്യം, എന്നിങ്ങിനെ ഒരു ബൃഹൽകഥാപ്രണേതാവിനുവേണ്ട സകലസിദ്ധികളും അദ്ദേഹത്തിനു സ്വാധീനങ്ങളായിരുന്നു. സുഭദ്രയേയും, ഉഗ്രഹരിപഞ്ചാനനനേയും, ചിലമ്പിനേത്തു ചന്ത്രക്കാരനേയും മററും ഒരുവശത്തും, ശങ്കുആശാൻ, പവതിക്കൊച്ചി, കുപ്പശ്ശാർ മുതൽപേരെ മറെറാരുവശത്തും പ്രത്യക്ഷീഭവിപ്പിച്ച തന്റെ അഭൌമമായ ഭാവനാസമ്പത്തിനേയും മനുഷ്യഹൃദയമർമ്മജ്ഞതയേയും പ്രസ്പഷ്ടമാക്കുന്ന ആ കവി മൂർദ്ധന്യന്റെ സന്നിധിയിൽ ആനന്ദഭരിതരായി, അപഹൃതചിത്തവൃത്തികളായി, പുളകക്ലുഷിതരായി, പൂർണ്ണകാമരായി, ആരുംതന്നെ നിലകൊള്ളുകയില്ല? തെക്കൻ തിരുവിതാംകൂറിലെ സല്ലാപരീതി അദ്ദേഹത്തിനെന്നപോലെ മറെറാരു ഗ്രന്ഥകാരനും സ്വായത്തമായിട്ടില്ല. ധർമ്മരാജാതുടങ്ങി മേല്പോട്ടുള്ള നോവലുകളിലെ ശൈലിപ്രഥമവീക്ഷണത്തിൽ സ്വല്പം ദുർഗ്രഹമായി തോന്നുമെങ്കിലും അടുത്തു പരിചയിക്കുംതോറും അഭിഗമ്യമായിക്കൊള്ളും. സന്ദർഭഭേദമനുസരിച്ചാണ് ആ ശൈലി ആരോഹാവരോഹങ്ങൾക്കു വിധേയമാകുന്നതു് എന്നുള്ള വസ്തുത അനുവാചകന്മാർ ഒരിക്കലും വിസ്മരിക്കാൻപാടുള്ളതല്ല. ഏതുനിലയിലുള്ള ഉപാസകനും ഉപസർപ്പണംചെയ്തു വരലാഭംസിദ്ധിച്ചു ചരിതാർത്ഥനാകാവുന്നവിധത്തിലാണ് അദ്ദേഹത്തിന്റെ കാരുണ്യമയിയായ കവിതാമൂർത്തിയുടെ പ്രതിഷ്ഠ.

ഭാഷയിൽ ഇപ്പോൾ ധാരാളം ജീവിതചരിത്രഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും ആ പേരിനെ യഥാർത്ഥമായി അർഹിക്കുന്നവ അത്യന്തം പരിമിതങ്ങളാണ്. സി. വി. യുടെ പ്രവർത്തനമണ്ഡലം ബഹുമുഖമായിരുന്നു. അദ്ദേഹം തന്റെ സംസ്ഥാനത്തിനും സമുദായത്തിനും സാഹിത്യത്തിനുംവേണ്ടി യൌവനോദയത്തിൽതന്നെ ജീവിതം സമർപ്പിച്ച ഒരു വീരയോദ്ധാവായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. ഭൌതികവിജയമല്ലായിരുന്നു അദ്ദേഹത്തിന്റെ പരമലക്ഷ്യം. സാഹിത്യവിജയം വാസനാസമ്പന്നന്മാക്കും, അതിനേക്കാൾ സ്വാദിഷ്ഠവും സ്പൃഹണീയവുമാണെന്നുള്ള തത്വം അദ്ദേഹം വേണ്ടവിധത്തിൽ ഗ്രഹിച്ചു. നിരാകൃതയായ ലക്ഷ്മിദേവി തന്നിമിത്തം അദ്ദേഹത്തെ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ യാവജ്ജീവം ക്ലേശിപ്പിച്ചു കൊണ്ടിരുന്നു. കുബേരസഖനായ അദ്ദേഹം ഗിരീശനായിത്തന്നെ ജീവിതം നയിച്ചു. എങ്കിലും പരോപകാരപരതയ്ക്കു് അദ്ദേഹം പല യക്ഷവിത്തന്മാരെയും കാൾപേരുകേട്ടിരുന്നു. ആ പുരുഷകേസരിയുടെ ജീവിതത്തിൽ അതിപ്രധാനമായ പ്രേരകഘടകം എന്തെന്നു ചോദിച്ചാൽ സ്വാശ്രയശക്തി എന്നുതന്നെ ഞാൻ ഉത്തരം പറയും. ആ വിഷയത്തെപ്പററി അദ്ദേഹം പ്രത്യേകമായി ഒരു പുസ്തകം നിർമ്മിച്ചിട്ടുമുണ്ട്,

ഉത്തമനായ ഒരു ഗ്രന്ഥകാരന്റെ ചരിത്രം വായിക്കുന്നതിനെക്കാൾ ഉത്തിഷ്ഠമാനന്മാരായ യുവാക്കന്മാക്കു പ്രയോജനകരമായി മററു യാതൊന്നുമില്ല. ആ ചരിത്രം അവക്കു നൽകുന്ന ഹസ്താവലംബം കാര്യകാരിയായിരിക്കും; ആ ചാര്യനായും മാർഗ്ഗദർശകനായും അവരെ പ്രാപ്യസ്ഥാനത്തിലേക്കു നയിപ്പിക്കും. സി. വി. യുടെ ചരിത്രം അത്തരത്തിലുള്ള ഒന്നാണ്. പരിതഃസ്ഥിതികളുടെ പ്രാതികൂല്യത്തെ സ്വപ്രയത്നംകൊണ്ടുമാത്രം അദ്ദേഹം തട്ടിനീക്കി ഉത്തരോത്തരം ഉൽക്കർഷത്തെ പ്രാപിച്ചു. മുട്ടിയാൽതുറക്കാത്ത കതകില്ല; കയറിയാൽ ചെന്നെത്താൻ കഴിയാത്ത കൊടുമുടിയുമില്ല; എന്ന സന്മാർഗ്ഗപാഠം നാം പ്രസ്തുതചരിത്രത്തിൽനിന്നും പഠിക്കുന്നു.

ഏതു ഗ്രന്ഥകാരന്റെയും ബാല്യകാലചരിതം ഗ്രഹിക്കുന്നതിനു നിപുണമായ ഗവേഷണം ആവശ്യകമാണ്. തത്സംബന്ധമായുള്ള ക്ലേശം എന്നെക്കാൾ അനുഭവിക്കുന്നവർ ഇന്നു കേരളത്തിൽ അധികം പേരില്ല. നിങ്ങളുടെ തദ്വിഷയമായ യത്നം സഫലമായിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ നിങ്ങളെ സർവ്വാത്മനാ അനുമോദിക്കുന്നു. നിങ്ങൾ സി. വി. യുടെ അന്ധനായ ഒരു ആരാധകനോ അസമ്പ്രേക്ഷ്യകാരിയായ ഒരു അപവാദകുതുകിയോ അല്ല; നിങ്ങളുടെ സാഹിത്യനൌകയെ ഈ രണ്ടുപാറകളിലും തട്ടാതെ മുന്നോട്ടുനയിക്കുവാൻ ഒരു സമർത്ഥനായ നാവികനെ സാധിക്കുകയുള്ളു; അതു നിങ്ങൾക്കു സാധ്യമായിട്ടുണ്ടെന്നുള്ളതും അഭിനന്ദനാർഹമാണ്. ഗുണാംശങ്ങളെ പ്രശംസിക്കുന്നതോടൊപ്പം ദോഷാംശങ്ങളെയും പ്രദർശിപ്പിച്ചിട്ടുണ്ട്. നിഷ്പക്ഷംതന്നെയാണ് നിങ്ങളുടെ നിരൂപണരീതി.

'സാഹിത്യപഞ്ചാനനൻ' എഴുതി തഴക്കംവന്ന തൂലികയാണ് സി. വി. രാമൻപിള്ള'യുടെ രചന സാധിച്ചിരിക്കുന്നതെന്നു കണ്ടുപിടിക്കുവാൻ ഭാവുകന്മാക്കു പ്രയാസമില്ല. നിങ്ങളുടെ ഈ രണ്ടാമത്തെ ജീവചരിത്രം ആരും ഒററ ഇരുപ്പിനുതന്നെ വായിച്ചുകൊള്ളും; അത്രമാത്രം ശബ്ദാർത്ഥസുന്ദരമായി, കഥനോപപാദനസമ്മിളിതമായി, പ്രസന്നപ്രൗഢസരസമായ ശൈലികൊണ്ടു സർവ്വമനോരഞ്ജകമായി നിങ്ങളുടെ ഈ പുസ്തകം പ്രശോഭിക്കുന്നു. ഇത്തരത്തിൽ അനർഘങ്ങളായ ഗ്രന്ഥങ്ങൾ ഇനിയും നിർമ്മിച്ചു കൈരളീദേവിക്കു കാഴ്ചവയ്ക്കുവാൻ വേണ്ട ആയുരാരോഗ്യൈശ്വര്യസമൃദ്ധി പരാശക്തി നിങ്ങൾക്കു കരതലഹസ്തമായി പ്രദാനം ചെയ്യുമാറാകട്ടെ!

നിങ്ങളുടെ അഭ്യുദയകാംക്ഷി,

ഉള്ളൂർ

—o—


## നരയില്ലാതാക്കുക

ഇതൊരു ചായമല്ലാ. ഞങ്ങളുടെ "കേശകല്യാൺ" ആയുർവ്വേദസെൻറു് കലത്തിയ എണ്ണ സ്ഥിരമായി നരച്ച മുടിയെ പ്രകൃതിദത്തമായ കറുത്ത നിറമാക്കുന്നു. കൂടുതലായി നര ഉണ്ടാകുന്നതിനേയും തടയുന്നു. വിശ്വാസമില്ലാത്തപക്ഷം ഇരട്ടവില മടക്കിക്കൊടുക്കുന്നതാണ്. വില കുറച്ചു നരമാത്രമുള്ളതിനു രൂ. ൨-൮-൦, കൂടുതൽ ഉള്ളതിന് രൂ: ൩-൮-൦. മുഴുവൻ നരയുള്ളവക്കു രൂ. ൫.

**Anant Oushadhalaya, (108)**
P. O. Katri Sarai (Gaya)

## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
മിസ് മാലിനി
നവീന സാമുദായികചിത്രം
ശുപ്പ, സുന്ദരീഭായി, നാരായണറാവു, പുഷ്പവല്ലി, അഭിനയിച്ചതു്

കൊല്ലം ലക്ഷ്മിടാക്കീസിൽ
ഡി. കെ. പട്ടാമ്മാളുടെ
പിന്നണിസംഗീതത്തോടുകൂടി
ബേബികമല, ഗോപിനാഥ് അഭിനയിച്ച
* മഹാത്മാ ഉദങ്കർ *
എന്ന തമിഴ് ചിത്രം.

ചവറ കെ. സി. ടാക്കീസിൽ
സി. ഹൊന്നപ്പാഭാഗവതർ, ററി. ആർ. രാമചന്ദ്രൻ, യു. ആർ. ജീവരത്നം, വി. എൻ. ജാനകി, ററി. എസ്. ജയ, കാളി എൻ രത്തിനം അഭിനയിച്ച
ദേവകന്യ

മഹത്തായ രണ്ടാംവാരം
ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
ഗാനസരസ്വതി ഡി. കെ. പട്ടാമ്മാൾ, ററി. എസ്. സരസ്വതി, കെ. വി. ജാനകി, പി. ജി. വെങ്കിടേശൻ ഇവരുടെ ഗാനങ്ങളോടുകൂടിയ
രാമരാജ്യം
തമിഴ്

നിങ്ങളുടെ അടുത്ത
തിയേററുകളിൽ
പ്രതീക്ഷിപ്പിൻ
ചെമ്പകവല്ലി
ദേവദാസി
ഗോപാലകൃഷ്ണഫിലിംസ്
കോട്ടയം.

A.A J M. 23

ഉമയനല്ലൂർ K. K. V. തിയേററർ
ഉൽഘാടനമഹാമഹം
ഉൽഘാടകൻ—ശ്രീയുത് വി. ഗംഗാധരൻനായർ അവർകൾ
൧൧൨൩ വൃശ്ചികം ൮-ാംതീയതി ഉൽഘാടനസുദിനത്തിൽ
മിസ്റ്റർ & മിസ്സിസ് വൈക്കം വാസുദേവൻനായർ, ആറന്മുളപൊന്നമ്മ ആൻറ് പാർട്ടിയുടെ
'ചേച്ചി'
എന്ന സംഗീതനാടകം അഭിനയിക്കപ്പെടും Contr:- K. K. V.

സ്വാമിശരണം
ശബരിമലയാത്രക്കാർക്കു നിത്യപാരായണത്തിന് അത്യുത്തമമായതു്! ഇഷ്ടംഭംഗത്തിനിടയാകാതെ ഉടനേ ആവശ്യപ്പെടുക! ശബരിമല ധർമ്മശാസ്താവിന്റെ ഭക്തിസംവദ്ധകമായ ചരിത്രം വർണ്ണിക്കുന്ന
ശ്രീ അയ്യപ്പൻ ഭാഷാകാവ്യം
അത്യാകർഷകമായ മുഖചിത്രസഹിതം
വില രൂപാ ഒന്നുമാത്രം
ഗ്രന്ഥകാരൻ:— വിദ്വാൻ വി. കൃഷ്ണൻനമ്പൂതിരി M. R. A. S
തുകലശ്ശേരി. തിരുവല്ലാ A. Q. & P O.
N. B. വില മുൻകൂറായയ്ക്കുന്നവക്കു വി. പി. ചാർജ്ജ് സൗജന്യം.

# ദിവാസ്വപ്നം

കെ. ഗോപിനാഥ്, ബി. ഏ., ക്ലാപ്പന

മനഃശാസ്ത്രപരമായി വളരെ പ്രാധാന്യം അർഹിക്കുന്ന വിഷമപ്രശ്നങ്ങളിൽ ഒന്നാണു ദിവാസ്വപ്നം. മാനസീകമായും ചിലപ്പോൾ ശാരീരികമായുമുള്ള പ്രവർത്തനം ദിവാസ്വപ്നത്തിനു കാരണമായിത്തീരുന്നു. ദിവാസ്വപ്നത്തിൽനിന്നും ഒരുവന്റെ വ്യക്തിപരമായ ഉദ്ദേശങ്ങൾ കണ്ടെത്തുവാൻ സാധിക്കും. മിക്കവാറും ദിവാസ്വപ്നങ്ങൾ ഭാവിയെ സംബന്ധിക്കുന്ന കാര്യങ്ങളേയോ, പ്രവർത്തനരീതികളേയോയാണു പ്രത്യക്ഷമാക്കാറുള്ളത്. എന്നാൽ അതു ഗൌരവാവഹമായ ഒരു പദ്ധതിയായിരിക്കണമെന്നില്ല. ദിവാസ്വപ്നങ്ങൾ ഭാവനയുടെ സ്വതന്ത്രമായ പ്രവർത്തനംമൂലമുണ്ടാകുന്നതാണെന്നും, അതിനാൽ അതിന്റെ പദ്ധതികൾ നിത്യജീവിതത്തിൽ പ്രായോഗികമല്ലെന്നും ചില മനഃശാസ്ത്രകാരന്മാർ വാദിക്കുന്നു.

സ്വപ്നം നാം ഉറങ്ങുമ്പോഴും ദിവാസ്വപ്നം ഉണർന്നിരിക്കുമ്പോഴുമാണു സാധാരണ ജന്മമെടുക്കുന്നത്. തലച്ചോറിന്റെ പ്രവർത്തനം മന്ദീഭവിച്ചു ന്യായമായ വിവേചനാശക്തി നഷ്ടമാകുന്ന നിദ്രാസമയങ്ങളിൽ സ്വപ്നദർശനമുണ്ടാകുന്നു. യാതൊരു ജോലിയും ചെയ്യാതെ അലസതയിൽ കഴിയുമ്പോഴാണു സാധാരണ ദിവാസ്വപ്നം അനുഭവപ്പെടാറുള്ളത്. ആ സമയത്തു ബാഹ്യലോകവുമായി യാതൊരു ബന്ധവുമില്ലാതെ നാം മനോരാജ്യത്തിൽ ലയിക്കുന്നു.

ദിവാസ്വപ്നത്തിൽ ഒരു നായകൻഉണ്ടായിരിക്കും. അതു ദിവാസ്വപ്നം കാണുന്ന ആൾതന്നെയാണ്. എന്നാൽ സ്വപ്നത്തിലാകട്ടെ സ്വപ്നദർശനമുണ്ടാകുന്നയാളും അതിലെ നായകനും രണ്ടു വ്യക്തികളായിരിക്കാവുന്നതാണ്. ചിലപ്പോൾ സ്വപ്നം കാണുന്ന ആളോടു യാതൊരു ബന്ധവുമില്ലാത്ത ജന്തുക്കളും അചേതനാവസ്തുക്കൾപോലും സ്വപ്നത്തിനുവിഷയീഭവിക്കുന്നു; നായകസ്ഥാനം വഹിക്കുന്നു. അങ്ങനെ സ്വപ്നവും ദിവാസ്വപ്നവുമായി സ്ഥൂലമായ ചില വ്യത്യാസങ്ങളുമുണ്ട്:

ദിവാസ്വപ്നത്തിലെ നായകൻ ധീരനോ ഭീരുവോആയിരിക്കാം. എങ്ങനെയായാലും മനോരാജ്യത്തിലാണ്ടിരിക്കുന്ന നായകന്റെ സംതൃപ്തിയ്ക്കു ദിവാസ്വപ്നം കാരണമാകുന്നു. സാധാരണ ദിവാസ്വപ്നത്തിലെ നായകൻ ധീരനും സന്തുഷ്ടനുമായിരിക്കുകയാണു പതിവ്. മലർപ്പൊടി ദക്ഷിണ വാങ്ങി ഗൃഹത്തിലേയ്ക്കു മടങ്ങിയ ബ്രഹ്മചാരിയായ ഭൂസുരന്റെ മനോരാജ്യം അതിനു ഉദാഹരണമാണ്. മലർപ്പൊടി വിറ്റു പെണ്ണാടിനെ വാങ്ങിയതും തദനന്തരമുള്ള വ്യാപാരംമൂലം ധനികനായതും വിവാഹിതനായതും ഭാര്യയെ ശാസിക്കുവാൻപോകുന്നതുമെല്ലാം അദ്ദേഹം മനോരാജ്യത്തിൽ ദർശിക്കുന്നു. അപ്പോൾ അദ്ദേഹത്തിന്റെ സന്തോഷവും സംതൃപ്തിയും വർണ്ണനാതീതമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. സകലവിധമായ യാതനകളും അദ്ദേഹം വിസ്മരിച്ചിരിക്കും. പക്ഷേ മൺപാത്രം പൊട്ടി മലർപ്പൊടി തൂകിയപ്പോഴാണു അദ്ദേഹത്തിനു സ്വബോധമുണ്ടായത്. ഈ ദിവാസ്വപ്നത്തിൽ മാനസികമായ വ്യാപാരത്തിനു പുറമേ ശാരീരികമായ പ്രവർത്തനംകൂടി കാണുവാൻ കഴിയുന്നു. തന്മൂലമാണു ഭാര്യയെ അടിയ്ക്കുന്നതിനു അദ്ദേഹം തയ്യാറായതും കലംപൊട്ടിയതും. ഈദൃശദിവാസ്വപ്നങ്ങൾക്കു ഏതെങ്കിലും ആഗ്രഹങ്ങളുടേയോ ചിന്തകളുടേയോ നൈമിഷകമായ സംതൃപ്തിയെ പ്രദാനംചെയ്യുന്നു. ചുരുക്കം ചില സന്ദർഭങ്ങളിൽ ദിവാസ്വപ്നത്തിലെ നായകൻ അതിനു അധീനനല്ലാത്ത മറ്റൊരു വ്യക്തിയായിരിക്കാവുന്നതാണ്. സ്നേഹസമ്പന്നയായ മാതാവു പുത്രനെ തന്റെ ദിവാസ്വപ്നത്തിലെ നായകനായി കണ്ടു അഭിമാനം കൊള്ളാറുണ്ട്.

വിഷാദപൂർണ്ണമായദിവാസ്വപ്നങ്ങളും സാധാരണയാണ്. അതിലെ നായകൻ ഭീരുവോ യാതനകൾ സഹിക്കുന്നയാളോ ആയിരിക്കും. ഇപ്രകാരമുള്ള ദിവാസ്വപ്നങ്ങളിൽ നായകന്റെ ചീത്തക്കാലമാണെന്നും സ്നേഹിതന്മാർപോലും അദ്ദേഹത്തെ വഞ്ചിക്കുന്നുവെന്നും കുടുംബാംഗങ്ങൾതന്നെ ആക്ഷേപിക്കുന്നുവെന്നും പ്രേമഭാജനമായിരുന്ന യുവതി നിന്ദിക്കുന്നുവെന്നും വഞ്ചിക്കുന്നുവെന്നും മററും ചിത്രീകരിക്കുന്നതെന്തുകൊണ്ടാണെന്നു അത്ഭുതംതോന്നിയേക്കാം: ഒരാളുടെ ദുഷ്കാലമാണെന്നു ചിന്തിക്കുന്നതുകൊണ്ടു എന്തൊരു സംതൃപ്തി ഉണ്ടാകുവാനാണ്. ഇവിടെ സന്തോഷസംപൂർണ്ണമായ ഉദ്ദേശങ്ങൾക്കും ആഗ്രഹങ്ങൾക്കും മനഃക്ലേശംമൂലം പ്രാബല്യമുണ്ടാകുന്നില്ല. എങ്കിലും ആ അവസ്ഥയിലും തങ്ങളുടെ കഴിവും പ്രാപ്തിയും തെളിയിക്കുന്നതിനു അവരും കഴിയുന്നതു ശ്രമിക്കാറുണ്ട്. പരീക്ഷയിൽ പരാജിതരായ ചില കുട്ടികൾ അതു അവർക്കു സുഖക്കേടായതുകൊണ്ടാണെന്നും മററും പറഞ്ഞു രക്ഷനേടാൻ സാഹസം ചെയ്യുന്നതു ഇതിനുദാഹരണമാണ്.

സാധാരണയായി ഈമാതിരി ദിവാസ്വപ്നങ്ങൾക്കധീനരാകുന്നവർ തങ്ങളുടെ ചിന്തകളും പ്രവൃത്തികളും മാന്യമായതാണെന്നും മററുള്ളവർ അതു തെററിദ്ധരിക്കയാണെന്നും കരുതുന്നു. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ അതിനു വിപരീതമായി വീക്ഷണഗതിയിൽക്കൂടിയും അവർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാറുണ്ട്. ഒരുവൻ ദുഷ്ടനാണെന്നോ കള്ളനാണെന്നോ മറേറാ പറഞ്ഞുതുടങ്ങിയാൽ ഒരു പക്ഷേ അവൻ നിരപരാധിയാണെങ്കിലുംകൂടി ദിവാസ്വപ്നങ്ങളിൽ ആ ആരോപണം അവൻ പ്രബലപ്പെടുത്തുകയും അനന്തരം അതു പ്രവൃത്തിയിൽ കൊണ്ടുവരികയും ചെയ്യുന്നു. സ്വതന്ത്രരായി ചില കുട്ടികളെ ഏതെങ്കിലും പ്രവൃത്തിയിൽനിന്നു പിൻതിരിപ്പിക്കുവാൻവേണ്ടി ശകാരിക്കുമ്പോൾ അവന്റെ ഭാവനയുടെ നിരന്തരമായ പ്രവർത്തനംകൊണ്ടു അവൻ ആ പ്രവൃത്തി തുടച്ച്യായി ചെയ്യുകയും അങ്ങനെ ആ സ്വഭാവം അവനിൽ ദൃഢമൂലമാകുകയും ചെയ്യുന്നു. വിഷാദാത്മകങ്ങളായ ദിവാസ്വപ്നങ്ങൾ സ്വന്തമായ പ്രവർത്തനപദ്ധതികൾക്കു വിരുദ്ധമായി നിൽക്കുന്ന ഏതൊരു പരിതഃസ്ഥിതിയോടും എതിരിടുന്നതിനുള്ള ഒരു മന്ത്രമാണ്. സൂക്ഷ്മം ആലോചിച്ചാൽ നാം ആഗ്രഹിക്കുന്ന ഏതെങ്കിലും സംഗതികൾ ചെയ്യുവാൻ നിർവ്വാഹമില്ലാതെവരുമ്പോൾ ദിവാസ്വപ്നങ്ങൾ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ അതു സഫലമാക്കി കാണിച്ചുതന്നു നമ്മെ സംതൃപ്തരാകുന്നു.

പ്രേമചിന്തകൾകൊണ്ടും ദിവാസ്വപ്നങ്ങളുണ്ടാകാറുണ്ട്. സാധിതപ്രായമായിട്ടുള്ള വിഘ്നമുണ്ടാകാനിടയില്ലാത്തതോ ആയതോ പ്രേമകഥകൾ ദിവാസ്വപ്നങ്ങൾക്കു വിഷയമാകുന്നില്ല. പ്രത്യുത അസംഭവ്യമോ അസൂയാജനകമോ സംശയാസ്പദമോ ആയ പ്രേമചിന്തകളാണു ദിവാസ്വപ്നങ്ങൾക്കു വിഷയീഭവിക്കുന്നതു. അവ വിഷാദാത്മകങ്ങളുമാണ്. നായകനെ വഞ്ചിച്ച യുവതിയെ കുത്തിക്കൊല്ലുന്നതായും മററും മനോരാജ്യം കാണാറുള്ളതു ഈ പരിതഃസ്ഥിതിയിലത്രേ. ചിലപ്പോൾ വെറുംവിനോദരൂപത്തിലും ദിവാസ്വപ്നങ്ങൾ ഉണ്ടാകാറുണ്ട്. ചിലർ പെട്ടെന്നു ചിരിക്കുമ്പോൾ അതിന്റെ കാരണം ചോദിച്ചാൽ അവർ ഭാവനയിൽ ദർശിച്ച ഫലിതരസം നിറഞ്ഞകഥകൾ പറഞ്ഞുകേൾപ്പിക്കുന്നതു സാധാരണയാണ്. സംഗീതപ്രിയർ ഏകാന്തതയിൽ സംഗീതത്തിൽ ലയിച്ചു മൂളിപ്പാട്ടു പാടുന്നതും താളം പിടിക്കുന്നതും നമുക്കു അനുഭവമുള്ള മററു ദൃഷ്ടാന്തങ്ങളാണ്. വിദ്യാർത്ഥിക്കും അദ്ധ്യാപകനും മനോരാജ്യത്തിൽ മധുരമായ പൂർവ്വസ്മരണയുളവാകുന്നതും യഥാർത്ഥമാണ്. ഇങ്ങനെ വിവിധങ്ങളായ ചിന്തകൾ ഭാവനയിൽ സഫലമാകാറുണ്ട്.

മാനസീകമായ ക്ലേശങ്ങളും യാതനകളും [Worry] ദിവാസ്വപ്നങ്ങൾക്കു കാരണമാകുന്നു. ചിലപ്പോൾ നാം വലിയ അപകടത്തിൽപെടുന്നതായും അതിൽനിന്നു രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതായും ദിവാസ്വപ്നത്തിൽ കാണാറുള്ളതു മനഃക്ലേശംകൊണ്ടാണ്. വിഷാദാത്മകങ്ങളായ ദിവാസ്വപ്നങ്ങളിലെല്ലാം മാനസീകയാതന അന്തർഭവിച്ചിരിക്കുന്നുണ്ടെന്നു പറയുന്നതിൽ തെററില്ല. ചില പ്രത്യേക പരിതഃസ്ഥിതികളിൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്ത ആഗ്രഹങ്ങളുടെ ഫലമായിട്ടാണു മനഃക്ലേശമുണ്ടാകുന്നതു. ഇങ്ങനെയുള്ള ചിന്തകളുടെ ഒരു പുറംമൂടിയാണു ഭയം. മാതാവിന്റെ സ്നേഹാധിക്യത്താൽ വിഷമിക്കുന്ന പുത്രൻ അമ്മയുടെ അഭാവത്തിൽ അവർക്കു അപകടമരണം ഉണ്ടാകുമോയെന്നു ഭയക്കുന്നതു ഇതിനു ഉദാഹരണമാണ്. അവർക്കു നാശമുണ്ടാകണമെന്നു അവനു ഉദ്ദേശമില്ലെങ്കിലും ഉപദ്രവകരമായി തോന്നാറുള്ള അവരുടെ നിസ്സീമസ്നേഹത്തിൽനിന്നു രക്ഷപെടണമെന്നു, വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്ത, ചിന്തയാണു ഇതിനു കാരണമായിരിക്കുന്നതു. അങ്ങനെ ഒരു ആഗ്രഹമോ ചിന്തയോ മറച്ചുപിടിക്കുമ്പോൾ മനഃക്ലേശമുണ്ടാകുന്നു.

യഥാർത്ഥത്തിൽ ഒന്നും ചെയ്യുവാൻ നിർവ്വാഹമില്ലാത്ത ചില പരിതഃസ്ഥിതികളിലും മാനസീകയാതന ഉണ്ടാകുന്നു. പരീക്ഷയ്ക്കു എഴുതിക്കഴിഞ്ഞ ഒരു വിദ്യാർത്ഥി ഫലമറിയുന്നതിനു കാത്തിരിക്കുകമാത്രമേ ചെയ്യുവാനുള്ളു. അവർ നല്ലതുപോലെ പഠിച്ചിരിക്കാം, എഴുതിയിരിക്കാം. ഫലം അറിയുന്നതുവരെ ഒന്നുംചെയ്യുവാൻ സാധിക്കുകയില്ലെങ്കിലും അവർ ഫലത്തെപ്പററി ക്ലേശിക്കാറുണ്ടെന്നതു ഒരു പരമാർത്ഥംമാത്രമാണ്. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മാതാവിനു കളിച്ചുനടക്കുന്ന കുഞ്ഞിനെപ്പററി അപകടശങ്കയുണ്ടാകുന്നതിനും കാരണം ഇതുതന്നെയാണ്. ഇങ്ങനെ പ്രത്യേകമായിയാതൊരുകാരണവുമില്ലെങ്കിലും ചിലപ്പോൾ മനഃക്ലേശം ഉണ്ടാകാറുണ്ട്. കുഞ്ഞു കുളത്തിൽവീണെന്നൊരു ചിന്ത അമ്മയ്ക്കുണ്ടായാലുടൻതന്നെ അതിനെ രക്ഷപെടുത്തുവാനായി ആ സ്ത്രീ പരിതഃസ്ഥിതികൾ മറന്നും അങ്ങോട്ടു ഓടും. മാതാവു അപകടത്തിൽനിന്നു കുഞ്ഞിനെ രക്ഷപെടുത്തുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയാണ്. അപ്പോൾ ബുദ്ധിബാഹ്യലോകവുമായ വ്യാപാരത്തിൽ ഏർപ്പെടുന്നില്ലെന്നുതന്നെ പറയാം.

കർമ്മഭീരുവല്ലാത്ത മനുഷ്യനു ദിവാസ്വപ്നം എപ്പോഴും സന്തോഷപ്രദമായിതന്നെ അനുഭവപ്പെടും. ഭീരുവായ ഒരാൾക്കു മററുള്ളവരോടു എതിരിടുന്നതിനു ശക്തിയില്ല. അത്തരക്കാരുടെ പ്രേമചിന്തകൾപോലും സഫലമാകുകയില്ല. അവർക്കു പ്രവർത്തിക്കുവാനുള്ള സാമർത്ഥ്യമില്ല. പ്രത്യുത കർമ്മധീരൻ ദിവാസ്വപ്നത്തിലെ സങ്കല്പങ്ങൾ ഈ പ്രവൃത്തികൊണ്ടു സഫലമാക്കുന്നു. അസാദ്ധ്യമായവയുടെ പരിണാമം മനഃക്ലേശമാണ്. അതു ചിത്തഭ്രമത്തിനുപോലും കാരണമായിത്തീരുന്നു. സശ്രദ്ധം ആലോചിക്കുമ്പോൾ ദിവാസ്വപ്നത്തിനു ജീവിതവുമായി അഭേദ്യമായ ബന്ധമുണ്ടെന്നു നിസ്സംശയം പറയാം.

[പകർപ്പവകാശം ലേഖകനു്]

—•—




## രൂ: ൧൦൦ പ്രതിഫലം

### അത്ഭുതകരമായ ശക്തിയുള്ള

### സിദ്ധകവചം

എത്ര വിഷമമേറിയ കാര്യവും ഈ കവചം കയ്യിലിരുന്നാൽ സാദ്ധ്യമാകുന്നതാണ്. യാതൊരു ബുദ്ധിമുട്ടുമില്ലാ. മററു പ്രത്യേകജോലികൾ യാതൊന്നും ചെയ്യേണ്ട. ഇതു കയ്യിലിരുന്നാൽ ആരേയും നിയന്ത്രിക്കാം. അതു ദുഷ്യഭാവമുള്ള നക്ഷത്രങ്ങളെ നിയന്ത്രിക്കയും, വിരോധികളെ കീഴടക്കുകയും, പരീക്ഷ, വ്യാപാരം തർക്കങ്ങൾ, ലോട്ടറി, പന്തയം എന്നിവയിൽ വിജയം നേടിക്കുകയും ചെയ്യുന്നു. ഭയങ്കരരോഗം ശമിക്കുകയും കടങ്ങൾ ഇല്ലാതാകുകയുംചെയ്തു നിങ്ങളെ ഭാഗ്യവാനാക്കും. കള്ളമാണെന്നു തെളിയിക്കുന്നവർക്കു ൧൦൦ രൂപാ പ്രതിഫലം നൽകപ്പെടും. വില ചെമ്പിലുള്ളതിനു രൂ ൨. വെള്ളി രൂ ൩. തനി സ്വർണ്ണം രൂ ൧൫. ഹിന്ദിയിലോ ഇംഗ്ലീഷിലോ അപേക്ഷിക്കുക:—

**Gurudeo Ashram, No. 51**

P. O. Katri Sarai (Gaya)

# ഈയവിഷം

—ം

## ഹേതുവും നിവാരണ മാർഗ്ഗങ്ങളും

—ം—

എ. കുമാരൻനായർ

മെഡിക്കൽഇൻസ്പെക്ടർ അഫ് ഫാക്ടറീസ് തിരുവിതാംകൂർ

ഈയത്തിന്റെ അംശം ശരീരത്തിൽ പ്രവേശിച്ചാൽ ഈയവിഷം ഉണ്ടാകും: അതുകൊണ്ട് പ്രത്യേകം ശ്രദ്ധിക്കാത്തപക്ഷം, ഈയമോ ഈയം ചേർന്നുള്ള വസ്തു ദ്രവ്യങ്ങളോകൊണ്ട് കൈകാര്യം ചെയ്യുന്നത് ആരോഗ്യഹാനിക്കു കാരണമായിത്തീരും.

ഈയം ധൂളിയായോ ആവിയായോ ശ്വസിക്കുന്നതാണ് ഏററവും ആപല്ക്കരം. കയ്യിൽ ഈയത്തിന്റെ അംശങ്ങൾ പററിയശേഷം ആ കൈ കഴുകാതെ ആഹാരം എടുത്തു കഴിക്കുകയോ, നഖം കടിക്കുകയോ, മധുരപദാർത്ഥങ്ങൾ പുകയില മുതലായവ എടുത്തു വായിലിടുകയോ ചെയ്യുന്നതും ശരീരത്തിൽ ഈ വിഷം പ്രവേശിക്കുന്നതിനു സഹായകമായിത്തീരുന്നു.

ഈയജോലിക്കാരിൽ പലക്കും ഊനിന്റെ ചററിനും നീലനിറത്തിലുള്ള ഒരു വരനീഴറുണ്ട്. ഈയവിഷം ശരീരത്തിൽ പ്രവേശിച്ചാലുണ്ടാകുന്ന ആദ്യലക്ഷണങ്ങൾ മലബന്ധം, വയററുവേദന, തലവേദന ഇവയാണ്. തലവേദനയോടുചേർന്നു ചിലപ്പോൾ ഉറക്കമില്ലായ്മയോ സന്നിയോ ഉണ്ടായെന്നും വരാം. ഇതു് ഗൌരവതരമായ ഒരവസ്ഥയാണ്. ഈയവിഷം നിമിത്തം കയ്യിലെ മണിബന്ധത്തിന്റെയും വിരലുകളുടെയും ചലനശക്തി നശിക്കുകയും, ശരിയായ ചികിത്സ ചെയ്യാത്തപക്ഷം, മണിബന്ധസ്തംഭനം എന്ന പ്രത്യേകതരം രോഗത്തിൽ എത്തിച്ചേരുകയും ചെയ്തേക്കാം. കുറെ വർഷങ്ങളെങ്കിലും ഈയംകൊണ്ടു പെരുമാറിയാൽ മാത്രമേ ഈ രോഗം വരാറുള്ളു.

ഈയത്തിന്റെ അംശം അല്പമായിട്ടെങ്കിലും ശരീരത്തിൽ പ്രവേശിച്ചാൽ അതു് അവിടെ തങ്ങിനില്ക്കുകയും പിന്നീട് വന്നുചേരുന്ന അംശങ്ങളെ മുഴുവൻ സംഭരിക്കുകയും ഈയവിഷത്തിന്റെ പ്രകടമായ യാതൊരു ലക്ഷണങ്ങളും തോന്നിക്കാതെതന്നെ ആരോഗ്യത്തെ സ്ഥിരമായി നശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഈയംകൊണ്ടു പെരുമാറാനുള്ള പല ജോലികളിലുംസ്ത്രീകളും കുട്ടികളുംഏർപ്പെട്ടുകൂടെന്നു ഫാക്ടറി നിയമങ്ങൾ അനുശാസിക്കുന്നു. പ്രായം ചെന്നവരേപ്പോലെ അവശ്യംവേണ്ട മുൻകരുതലുകൾ എടുക്കാൻ കുട്ടികൾ ശ്രദ്ധിക്കാതെ വന്നേക്കാമെന്നുള്ളതുകൊണ്ട് അവരേയും, ഗർഭാശയസംബന്ധമായ പലതകരാറുകളും ഈയവിഷം കൊണ്ടുണ്ടാകുമെന്നുള്ളതുകൊണ്ട് സ്ത്രീകളേയും ഇതിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്.

ഈയത്തിന്റെ അംശം രോമകൂപങ്ങളിൽക്കൂടി ശരീരത്തിനുള്ളിൽ പ്രവേശിക്കുവാൻ ഇടയില്ലാത്തതിനാൽ അതിന്റെ വിഷപ്രവർത്തനത്തിന്റെ നിവാരണത്തിനു താഴെപ്പറയുന്ന മുൻകരുതലുകൾ ചെയ്താൽ മതിയാകും.

1. പൊടിയിളകാതെ പ്രത്യേകം സൂക്ഷിക്കുക. മുറിയിൽ ഏതെങ്കിലും വിധത്തിൽ പൊടിയോമററോ ഉണ്ടായാൽ ഉടൻതന്നെ അതെല്ലാം അടിച്ചു പുറത്തുകൊണ്ടുപോകത്തക്കവണ്ണം സ്വതന്ത്രമായ വായുസഞ്ചാരം മുറികളിൽ ഉണ്ടായിരിക്കണം. പാത്രങ്ങൾ ചൂടുപിടിപ്പിക്കുമ്പോൾ അവയിൽ ഈയത്തിൽനിന്നുണ്ടാകുന്ന അല്പമായ പുകപോലും ശ്വസിച്ചാൽ വിഷം ശരീരത്തിൽ പ്രവേശിക്കുകയായി. ഈയം ചേർന്നിട്ടുള്ള പെയിൻറുകളോ ചായങ്ങളോ വെള്ളത്തിൽ കുഴച്ചു പൂശിയിട്ടുള്ളതു് ഉണങ്ങുമ്പോഴും ഈയത്തിന്റെ ധൂളികൾ ധാരാളം വ്യാപിക്കാൻ ഇടയുണ്ട്.

2. കയ്യും മുഖവും വായും വസ്ത്രങ്ങളുമെല്ലാം ശുചിയായി സൂക്ഷിക്കുക. കയ്യും നഖവുമെല്ലാം സോപ്പ്, ചൂടുവെള്ളം, ബ്രഷ് മുതലായവ ഉപയോഗിച്ചു ശുചിയാക്കേണ്ടതും ആഹാരം കഴിക്കുന്നതിനുമുമ്പ് മുഖവും വായും വൃത്തിയായി കഴുകേണ്ടതുമാണ്. രാവിലേയും വൈകുന്നേരവും വൃത്തിയായി പല്ലുതേയ്ക്കണം.

3. ആഹാരം കഴിക്കാതെ ജോലി ചെയ്യാൻ തുടങ്ങരുത്. ധാരാളം കൊഴുപ്പുള്ള ആഹാരങ്ങളായ മാംസം (കാട്ടുപന്നിയിറച്ചി) പാൽ മുതലായവ ഉപയോഗിക്കുന്നതു കൊള്ളാം.

വസ്ത്രങ്ങളിൽ ഈയത്തിന്റെ പൊടി പററാതെ പുറംകുപ്പായം ഇടുന്നതു നന്നായിരിക്കും. പൊടിപററിയാൽ അവ തട്ടിക്കുടഞ്ഞു ശരിയാക്കിയാൽ പോരാ. ആഴ്ചയിൽ ഒരിക്കലെങ്കിലും വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കേണ്ടതാണ്.

വയറിളക്കുവാനുള്ള ഉപ്പോ, വിരേചനപരമായ മറേറതെങ്കിലും ഔഷധങ്ങളോ ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം കുറേശ്ശ ഉപയോഗിക്കുന്നതു നന്നായിരിക്കും.

ഓരോരുത്തന്റെ ജീവിതരീതിയേയും ദിനചര്യാക്രമത്തേയും ഏറെക്കുറെ ആശ്രയിച്ചാണ് ഈയവിഷം ശരീരത്തിൽ പ്രവർത്തിക്കുന്നതെന്നു അനുഭവം തെളിയിച്ചിട്ടുണ്ട്. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരെ ഈ വിഷം വളരെവേഗം ബാധിക്കും. രാവിലത്തെ ആഹാരം കഴിക്കാതെ ജോലിയിൽ ഏർപ്പെടുന്നതു വിഷം ബാധിക്കുന്നതിനു കൂടുതൽ സഹായമായിത്തീരുന്നു. ദന്തരോഗങ്ങൾ മുതലായി ആരോഗ്യത്തെ പൊതുവേ ബാധിക്കുന്ന എല്ലാംതന്നെ ഈ വിഷത്തിന്റെ പ്രവർത്തനത്തെ കൂടുതൽ ശക്തിമത്താക്കും. ശുചിത്വം, ജോലിചെയ്യുമ്പോഴുള്ള നിഷ്കർഷ ഇവ ഈയവിഷബാധയിൽ നിന്നും രക്ഷനേടുവാൻ ഏററവും കൂടുതൽ സഹായിക്കുന്നു. ഈയത്തിന്റെ ധൂളി ശ്വസിക്കുകയോ ഈയത്തിന്റെ പൊടി യാതൊരുകാരണവശാലും വായിൽ തൊടുന്നതിന് ഇടയാകുകയോ ചെയ്യാതിരിക്കുവാൻ എല്ലാജോലിക്കാരും സദാസമയവും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം ജോലിക്കാർക്ക് അനാരോഗ്യത്തിന്റെ എന്തെങ്കിലും ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ ശരിയായ വൈദ്യസഹായം സ്വീകരിക്കയും വേണം.

—ം—

# 'മോണ്ടിസ്സോറി രീതി'

അഥവാ

## ആധുനിക ശിശുവിദ്യാഭ്യാസം

കെ. ജി പി. നായർ വൈക്കം

ഭാവിപൌരന്മാരായിത്തീരേണ്ട ശിശുക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ എല്ലാ ചിന്തകന്മാരും രാഷ്ട്രീയനേതാക്കന്മാരും ശ്രദ്ധയുംകാണിച്ചുതുടങ്ങിയിട്ടു ഒരു ശതവത്സരം കഴിഞ്ഞിരിക്കുന്നു. പൌരന്മാരുടെ സ്വഭാവാദി രൂപീകരണം സോദ്ദേശപോലെ നടത്തുവാൻ ശിശുക്കളിൽ, പലരാഷ്ട്രങ്ങളും പരീക്ഷണം നടത്തിക്കൊണ്ടുമിരിക്കുന്നു. ഭാവിലോകത്തിന്റെ സംസ്കാരവും അഭിവൃദ്ധിയും ഇന്നത്തെ പിഞ്ചുപൈതങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ളതു് നിഷ്പ്രയാസമാണല്ലോ.

ആദികാലംമുതൽതന്നെ ജീവിതമത്സരത്തിനാവശ്യമായ പരിശീലനങ്ങൾ സ്വസന്താനങ്ങൾക്കു നൽകുവാൻ മനുഷ്യർ ജാഗരൂകരായിരുന്നു. ഈ ചുമതലക്രമേണ മാതാപിതാക്കന്മാരിൽ നിന്നു സമുദായവും പിന്നീടു രാഷ്ട്രവും കൈയേററുതുടങ്ങി. പരിഷ്കാരാഭിവൃദ്ധിയോടുകൂടി മനുഷ്യനു് നിരവധിവിഷയങ്ങളിൽ അറിവും ജിജ്ഞാസയും ഉണ്ടായി. കലാവിദ്യകളിലും ശാസ്ത്രീയവിഷയങ്ങളിലും അവർക്കു അഭിരുചി ജനിച്ചു. സുഖസൌകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കൃത്രിമജീവിതരീതിശീലിച്ചുതുടങ്ങി. ഇവയുടെ എല്ലാം പ്രതിഫലനം വിദ്യാഭ്യാസകാര്യത്തിലും പ്രത്യക്ഷപ്പെട്ടു.

അഭ്യസനരീതികളിലും സാരതരങ്ങളായ വ്യത്യാസങ്ങൾ നടപ്പിൽവരുത്തി. അടുത്തകാലത്തു പല വിദ്യാഭ്യാസപ്രവർത്തകരും പല പരീക്ഷണങ്ങളും നടത്തി ഏറെക്കുറെ ഫലപ്രദങ്ങളായ പരിവർത്തനങ്ങൾ നടപ്പിലാക്കി. അതിന്റെ ഫലമായി വിദ്യാലയങ്ങളും പരിശീലനകേന്ദ്രങ്ങളും എല്ലാടത്തും സ്ഥാപിക്കപ്പെട്ടു. പക്ഷെ അവയിലും ന്യൂനതകൾ.

നിരന്തരമായി നടത്തിപ്പോന്ന ഗവേഷണങ്ങൾ ലോകക്കു വിഖ്യാതങ്ങളായ പല രീതികളും പ്രദാനംചെയ്തു. വിദ്യാഭ്യാസകാലം ൬ വയസ്സുമുതൽ ൧൦ വയസ്സുവരെ, ൧൧ മുതൽ ൧൪ വരെ ഇങ്ങനെ പല ഘട്ടങ്ങളായി അവർ വേർതിരിച്ചു. അഞ്ചുവയസ്സു മുമ്പുള്ളകാലം പ്രായേണ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു യോജിച്ചതല്ലെന്നും അവർ വിധിച്ചു. പ്രായോഗികങ്ങളായ പല നിബന്ധനകളും നടപ്പിൽ വന്നു. സാമാന്യേന എല്ലാ ദേശക്കാരും ഈ നിയമങ്ങളെ അംഗീകരിയ്ക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെയിടയിൽ പിന്നെയും കണ്ടുവന്ന ന്യൂനതകളെപ്പററിയും ചിന്തകന്മാർ തുടർന്നു അന്വേഷണങ്ങൾ നടത്തി. ദൃശ്യങ്ങളായ പോരായ്മകൾ കായികപരിശീലനക്കുറവിനാൽ ഉണ്ടായവയാണെന്നു സമർത്ഥിക്കുവാൻ അവർക്കു പ്രയാസമുണ്ടായിരുന്നില്ല. തൽപരിഹാരാർത്ഥം വിദ്യാർത്ഥികൾക്കു കായികപരിശീലനങ്ങളും വൈദ്യസഹായവും വിദ്യാലയങ്ങളിൽക്കൂടി പരിഷ്കൃതലോകം നൽകിത്തുടങ്ങി. ഇക്കാര്യത്തിൽ വൈദ്യശാസ്ത്രം ലോകത്തിനു ചെയ്ത സംഭാവനകൾ അനർഘങ്ങളാണ്.

നിരീക്ഷകന്മാരായ ചിന്തകന്മാർ ഇനിയും തൃപ്തിപ്പെട്ടില്ല. ഇത്രവളരെ ശ്രമംചെയ്തിട്ടും പൂർണ്ണമായ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ലാത്ത അഭ്യസനരീതിയിൽ എവിടെയോ സാരമായ തെററുപററിയിരിക്കണം. അതു പരിഹരിക്കേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യമാണ്. ഈ അഭിപ്രായത്തോടുകൂടി പരിശ്രമിച്ച പല മഹാന്മാരും ഗണനീയങ്ങളായ പല ആദർശങ്ങളും രീതികളും ലോകത്തിനു സംഭാവനചെയ്തു. ഇന്നു ജീവിച്ചിരിക്കുന്ന വിദ്യാഭ്യാസപ്രവർത്തകരിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ഡാക്ടർ മോണ്ടിസ്സോറി പല പരീക്ഷണങ്ങൾക്കുശേഷം നമുക്കു കാണിച്ചുതന്ന "മോണ്ടിസ്സോറിരീതി"യെപ്പററി സംമാന്യമായി പ്രതിപാദിക്കുകയാണ് ഈ ലേഖനോദ്ദേശം.

ഡാക്ടർ മേരിയമോണ്ടിസ്സോറി എന്ന മഹതി വൈദ്യശാസ്ത്രബിരുദം നേടി ഒരു ഡാക്ടറായി ലോകരംഗത്തു പ്രവേശിച്ചു. ശിശുക്കളുടെ പല രോഗങ്ങളുടെയും നിദാനം കായികമല്ല മാനസികമാണെന്നു അവർക്കു തോന്നിത്തുടങ്ങി. മനഃശാസ്ത്രസംബന്ധമായി ഗവേഷണങ്ങൾ നടത്തിയ പല മഹാന്മാരും ഈ മഹതിയുടെ അഭിപ്രായക്കാരായിരുന്നു. ശിശുക്കളുടെ മാനസികവ്യാപാരങ്ങളേയും അഭിവൃദ്ധിയേയും കുറിച്ചാരായുവാൻ ഈ നിയമനം മോണ്ടിസ്സോറിയ്ക്കു് പ്രേരകമായിത്തീർന്നു. നിരന്തരമായി പല ഗവേഷണങ്ങളും ആ മഹതി നടത്തിയതുമാത്രമല്ല, സ്വജീവിതംതന്നെ ശിശുക്കളുടെ വിദ്യാഭ്യാസകാര്യത്തിനായി അവർ അർപ്പിക്കുകയും ചെയ്തു.

പിന്നീടു വൈദ്യവൃത്തിവിട്ടു കായികമായി അവശതകളുള്ള കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ അവർ തല്പരയായി. ആ പരിശ്രമങ്ങളിൽ ലഭിച്ച വിജയങ്ങൾ, പ്രസ്തുതരീതി സാധാരണകുട്ടികളിൽ പ്രയോഗിച്ചുനോക്കുവാൻ ആ മഹതിയെ പ്രേരിപ്പിച്ചു. ഫലമോ, ലോകംമുമ്പുകണ്ടിട്ടില്ലാത്ത അതിശയകരമായ ഒരു പരിവർത്തനം ശിശുക്കളിൽ ദർശിക്കുവാൻ സാധിച്ചു. പല മഹാന്മാരും ഇതേപ്പററി ആദ്യം വിശ്വാസം പ്രകടിപ്പിച്ചില്ല. എന്നാൽ നേരിട്ടറിഞ്ഞ പലരും ഈ രീതി ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രയോഗിച്ചു് സാധൂകരിച്ചതോടുകൂടി വിദ്യാഭ്യാസപ്രവർത്തകർ അതിനെ അംഗീകരിച്ചുതുടങ്ങി. "മോണ്ടിസ്സോറിരീതി"യെപ്പററിയുള്ള പ്രശസ്തിയും ലോകമെങ്ങും പ്രചരിച്ചു.

ഈ രീതിയ്ക്കു് അടിസ്ഥാനങ്ങളായ തത്വങ്ങൾ സ്വന്തം കണ്ടുപിടിത്തങ്ങളായി അവർ അവകാശപ്പെടുന്നില്ല. ശിശുക്കളുമായി ആ മഹതി നിരന്തരമായ സഹവാസത്തിലിരുന്നതിന്റെ ഫലമായി ശിശുക്കളിൽ അന്തർല്ലീനമായിരുന്ന പല വാസനാവിശേഷങ്ങളും കണ്ടെത്തുവാൻ അവർക്കു സാധിച്ചു. പ്രായമായവരുടെ മാനസീകവ്യാപാരങ്ങളുമായി ഇവയ്ക്കു് അജഗജാന്തരമുണ്ടു് എന്നു ആ മഹതിയ്ക്കു ബോദ്ധ്യമായി. ഇവയെ അടിസ്ഥാനപ്പെടുത്തി ശിശുക്കളുടെവളർച്ചയ്ക്കു സർവ്വഥാ അനുകൂലമായ ഒരു രീതി പരീക്ഷിച്ചുനോക്കുകയും അതിൽ ആ മഹതി വിജയം കൈവരിക്കുകയും ചെയ്തുവെന്നു നിസ്സംശയം പറയാം, ആ തത്വങ്ങൾ എന്തെല്ലാമെന്നു സാമാന്യമായി സംഗ്രഹിച്ചു പ്രതിപാദിയ്ക്കുവാൻ ശ്രമിക്കാം.

—ം—

## സർ സ്റ്റാഫോർഡ് ക്രിപ്സ്



ബ്രിട്ടീഷ് ധനകാര്യമന്ത്രിയായിരുന്ന ഡാൾട്ടനുപകരം നിയമിതനായിരിക്കുന്ന സർ സ്റ്റാഫോർഡുക്രിപ്സിനെ ഈയിടെയാണു ബോർഡ് ഓഫ് ട്രേഡിൽനിന്നും മാററി സാമ്പത്തികകാര്യമന്ത്രിയായി നിയമിച്ചതു്. ധനകാര്യവകുപ്പുകൂടി ക്രിപ്സിനു ലഭിച്ചതോടുകൂടി അദ്ദേഹം ബ്രിട്ടനിലെ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ചു ഒരു ഡിക്റ്റേറ്റർതന്നെ ആയിട്ടുണ്ടെന്നു പറയാം.

# "വില്യംമോറിസ്"

## സൗന്ദര്യം സമുദായത്തിൻെറസ്ഥിരതയാണെന്നു വിശ്വസിച്ച ഒരു കലാകാരൻ

എൻ. സുകുമാരപിള്ള (യൂണിവേഴ്സിററികാളേജ്)

വില്യംമോറിസ് കവി, ചിത്രകാരൻ, സ്ഥിതിസമത്വവാദി Socia-list) എന്നീ നിലകളിൽ പ്രശോഭിച്ചിരുന്നൊരു മഹൽവ്യ ിയായിരുന്നു. അദ്ദേഹം ൧വ്൩൪-ാം ൧വ്൯൬ നും ഇടയിലുള്ള കാലഘട്ടത്തിലാണ് ജീവിച്ചിരുന്നതു്. സമുദായത്തിൻെറ ശക്തി (Sedial Jorce)യാണ് യഥാർത്ഥ സൌന്ദര്യമെന്ന് അദ്ദേഹം വിശ്വസിച്ചു. കലാപരവും, കരകൗശലപരവുമായ അദ്ദേഹത്തിൻെറ സ്വാധീനശക്തി, ബ്രിട്ടനിൽ മാത്രമല്ല ലോകംമുഴവൻ വ്യാപിച്ചു. ൧൯-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന മഹാരഥന്മാരിൽ, വില്യംമോറിസിനെ അതിശയിക്കുന്നവരായി അധികംപേർ ഉണ്ടായിരുന്നില്ല. ഇംഗ്ലീഷ്സാഹിത്യസമ്രാട്ടായ ലാഡ്ടെറനിസ(Lord Tennyson)ൻെറ സ്വാധീനശക്തി (Influence) ആ ശതാബ്ദത്തിനുമുമ്പുതന്നെ അസ്തമിച്ചു. എന്നാൽ മോറിസിൻെറ ആ സ്വാധീനശക്തി ഒരിക്കലും മാഞ്ഞുപോകുകയില്ല ആശയമഹത്വമേറിയ അദ്ദേഹത്തിൻെറ അനവധിപ്രസ്ഥാനങ്ങൾ വിജയിച്ചിട്ടു് നവീനകച്ചവടാഭിവൃദ്ധിയുടെ (Commercialism) ജനയിതാവു് വില്യംമോറിസാണ് എന്നു് പറയുന്നതിൽ തെററില്ല

വില്യം മോറിസിൻെറ ജീവിതത്തിനും, റഷ്യൻ നാടകകൃത്തായ 'ടാൾസ്റ്റായിക്കും' (Tolstev)തമ്മിൽ ചിലകാര്യങ്ങളിൽ താരതമ്യമുണ്ടു് രണ്ടുപേരും ഒരേരീതിയിലുള്ള പരിതസ്ഥിതിയിൽ ജനിച്ചു എന്നാൽ മോറിസ് ഒരു ഭ്രകുടുംബത്തിലെ അംഗമായിരുന്നില്ല. രണ്ടുപേരും സ്ഥിതിസമത്വവാദികളും, വിപ്ലവകാരികളും ആയിരുന്നു എന്നാൽ അവരുടെ ആദർശങ്ങൾ എപ്പോഴും സജീവങ്ങളാണ്

അപ്പോൾ വില്യം മോറിസിൻെറ ആശയങ്ങൾ എന്തെല്ലാമായിരുന്നു? മനുഷ്യൻെറ കൃത്യനിർവ്വഹണത്തിൽ സന്തോഷവും, തൃപ്തിയും കാണുകയെന്നുള്ളതാണ് അദ്ദേഹത്തിൻെറ സന്ദേശത്തിൽ ഒരു പ്രധാനപ്പെട്ടകാര്യം. നാളെയെന്നുവിചാരിച്ചു് നാം ദുഃഖിക്കരുതു്. നാം എപ്പോഴും സജീവമായ "ഇന്നു്"മാത്രം ശ്രദ്ധിച്ചാൽമതിയാകും ധനമാണ് മനുഷ്യൻെറ സുഖത്തിനു നിദാനമെന്ന അഭിപ്രായം അദ്ദേഹം എതിർക്കുന്നു. അമിതാദായവർദ്ധനയും, മുതലാളിത്വവും അവസാനിപ്പിക്കാൻ ജീവിതകാലം മുഴവൻ വിനിയോഗിച്ചു.

മോറിസ് അഭ്യസിച്ചിട്ടുള്ള കരകൗശലവിദ്യകളെപ്പററി ചിന്തിക്കുമ്പോൾ നമുക്കു അതിശയംജനിക്കും. അടക്കിയാലടങ്ങാത്ത ഉൽക്കണ്ഠയും, കൃത്യനിർവ്വഹണത്തിനുള്ള ആവേശവും അദ്ദേഹത്തെ വീർപ്പുമുട്ടിച്ചു. മരപ്പണി, നെയ്ത്തു്, ഗ്ലാസ്സിൽ ചിത്രംവരച്ചുചെയ്യുക മുതലായ ജോലികളിൽ അദ്ദേഹത്തിൻെറ സാമർത്ഥ്യം അനിതരസാധാരണമായിരുന്നു ഇതിലു മഹൽസേവനങ്ങൾ വിശ്വാസത്തോടും, പ്രാപ്തിയോടുംകൂടി ചെയ്യാനുള്ളതന്റേടം കൊണ്ടു് അദ്ദേഹം ഇന്നു് സകലരാലും, ആരാധിക്കപ്പെടുന്നു. അദ്ദേഹത്തിൻെറ ആശയങ്ങൾവഴി ഒരു പുതിയ സൌന്ദര്യസത്തയും, കലാനൈപുണ്യചാതുരതയും ലോകത്തിനു കാഴ്ചവച്ചു.

അദ്ദേഹം, ഒരു കവിയും, രാജ്യതന്ത്രജ്ഞനും (Poleticial) കൂടിയായിരുന്നു. ചിലപ്പോൾ ഒരു തികഞ്ഞ ആധ്യാത്മികപടുവുമാണ്. ജീവിതത്തിൻെറ എല്ലാവശങ്ങളും മനുഷ്യൻെറ ആസ്വാദ്യതയുള്ളതാണെന്നു വിശ്വസിച്ച ഒരാളായിരുന്നു. ഇംഗ്ലീഷ്സാഹിത്യ നഭോമണ്ഡലത്തിലെ ഒരുജ്ജ്വലനിരൂപകനും, എഴുത്തുകാരനുമായ 'ജാൺറെസ്കിൻ'(John Ruskin)മോറിസിൻെറ ആത്മാർത്ഥസ്നേഹിതനും, റെസ്കിൻെറ ഉപദേശം പലപ്രകാരത്തിൽ മോറിസിനെ സഹായിച്ചിട്ടുമുണ്ടു്. മോറിസിൻെറ തത്വങ്ങളെ പ്രവൃത്തിരൂപത്തിൽകൊണ്ടുവരാനുള്ള അമാനുഷികമായ ഒരു ശക്തി മഹാത്മജിയെപ്പോലെ അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മാനസികമായ വിപ്ലവത്തിൻെറ പരിണതഫലങ്ങളാണ് ഇന്നു് പ്രദർശനശാലകളിലും, വിപണികളിലും നാം കാണുന്ന കരകൗശലവേലകൾ.

കോവുഡൽസാൻഡർസൺ (Cobden ഹലി Sanderson)ൻെറ കൊത്തുപണിയിലും മററും പ്രദർശിപ്പിച്ചിരിക്കുന്ന കലാനൈപുണിയുടെ ജനയിതാവ് മോറീസായായിരുന്നു. അദ്ദേഹത്തിൻെറ കാലംസുന്ദരമായ ഏദയത്തിൻെറ മാറെറാലി സ്വീഡൻ, ആസ്ത്രിയ മുതലായസ്ഥലങ്ങളിൽ വേഗംപരന്നു. ഇന്നുകാണുന്ന കുടിൽവ്യവസയത്തിൻെറയും, മന്ദിരനിർമ്മാണത്തിൻെറയും കാർവൻപ്രസ്സിൻെറ (Curwen Press)യും, ഗോർഡൻറസ്സലിൻെറ ഫർണിച്ചർ മാർട്ടിൻെറ ((Gorden Russel)യും അഭിവൃദ്ധിക്കുംമററും കാരണം മോറീസിൻെറ കലാഹൃദയത്തിൻെറ വിപ്ലവമനോഭാവമായിരുന്നു. ൧൯-ാം ശതാബ്ദത്തിൽ വ്യവസായത്തിൻെറ ഇടയിൽ കടന്നുകൂടിയ ദൂഷ്യവശങ്ങളെ പരിഹരിക്കുവാൻ വേണ്ടതു പരിശ്രമിച്ചു. യന്ത്രംകൊണ്ടുണ്ടാക്കാവുന്ന കഷ്ടനഷ്ടങ്ങളെ അദ്ദേഹം ചൂണ്ടിക്കാണിച്ചു. യന്ത്രം മനുഷ്യൻെറ കലാഹൃദയത്തെ തുരുമ്പുപിടിപ്പിക്കുന്ന ഒന്നാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹത്തിൻെറ "യൂറോപ്യൻനോവലിൽ' Utopian Novel ഒരു സുന്ദരസമുദായം വിഭാവനചെയ്തിട്ടുണ്ടു്. അദ്ദേഹത്തിൻെറ ദൂരവീക്ഷണമനുസരിച്ചു് ൧൯൫൦ൽ ഒരു വ്യവസായവിപ്ലവം ഉണ്ടാകും.

കലാസൌന്ദര്യവും, അദ്ദേഹത്തിൻെറ വാഗ്‌വിലാസവുംഉള്ള ഒരു എഴുത്തുകാരനായ, വില്യംമോറിസ് ധനമോ പ്രതാപമോ അല്ല സംസ്കാരമെന്നും, സ്ഥിരോത്സാഹവും ആത്മാർത്ഥമായ സേവനത്തിലുമാണ് ജീവിതമെന്നും അദ്ദേഹം ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു.

—o—

(രണ്ടാംപേജിൽനിന്നും തുടർച്ച)

## സഹായകങ്ങളായ ഗ്രാമീണവും ലഘുവും ആയ വ്യവസായങ്ങൾ

മുൻപ്രസ്താവിച്ചിട്ടുള്ളഉപായങ്ങളും നയങ്ങളും കാർഷികജീവിതത്തിൻെറ പുനർജ്ജീവനത്തിനും ഭൌതികോൽക്കർഷത്തിനും ഒട്ടുവളരെ ഉതകുന്നതാണ്. പക്ഷെ അവമാത്രം കൊണ്ടു് മുഴുവനാകയില്ല. സഹായകമായ ഗ്രാമീണവും ലഘുവും ആയ വ്യവസായങ്ങളെ പുനർജ്ജീവിപ്പിച്ചു് വളർത്തേണ്ടതും ആവശ്യമാണ്. ഈ വികസനത്തെ പദ്ധതിസൂത്രം ചെയ്യുന്നതിനു് പ്രദേശികമായി ഗഹനമായ പഠനം നടത്തേണ്ടതു് അത്യാവശ്യമാണ്. എങ്കിലും വ്യാപകമായ തത്വങ്ങളെ പ്രസ്താവിക്കാം.

കഴിവുള്ളേടത്തോളവും അത്തരം വ്യവസായങ്ങളെ വ്യാവസായിക സഹകരണസംഘങ്ങളായി രൂപീകരിക്കണം.

പ്രയോഗരീതിയും ഉല്പന്നഫലവും അഭിവൃദ്ധമാകുന്നതിനു് പ്രോത്സാഹനവും ഗവേഷണവുംകൊണ്ടു് സർവ്വപ്രയത്നവും ചെയ്യണം. വൻതോതിലുള്ള ഉല്പാദനത്തിനുള്ള യന്ത്രപ്രയോഗരീതിയിൽനിന്നു അധികം വ്യത്യസ്തമല്ലാത്ത പ്രയോഗരീതിയുള്ള വ്യവസായങ്ങളെ പ്രോത്സാഹത്തിനുവേണ്ടി പ്രത്യേകം തെരഞ്ഞെടുക്കണം.

ഇവയ്ക്കു കഴിവുള്ളത്രയും വേഗം വിലകുറഞ്ഞ ഇലക്ട്രിക് ശക്തികൊടുക്കണം.

Copyright, N. F. S.

—o—




## ഹിന്ദീ സ്വയംശിക്ഷക്

—o—

വില രൂപം ഒന്നര

ശ്രീരാമവിലാസംപ്രസ്സ് കൊല്ലം

—o—





വിക്ടോറിയായും ആൽബർട്ടും — ഇതിനുമുമ്പു ഇംഗ്ലണ്ടിലെ ഒരു രാജകീയവധുവിന്റെ വിവാഹം നടന്നതു ൧൮൪൦-ൽ വിക്ടോറിയാ രാജ്ഞിയും സാക്സ്‌കോബർഗ്ഗ് ഗോതായിലെ പ്രിൻസ് ആൽബർട്ടും തമ്മിലായിരുന്നു. വധുവിന്റെയും വരന്റെയും ചിത്രങ്ങളാണു മുകളിൽ കാണുന്നത്.


(ഒന്നാംപേജിൽനിന്നും തുടർച്ച)

രാജ്യത്തെ കഴിയുന്നതും ആശ്വസിപ്പിക്കണമെന്ന എത്രയും മഹത്തായ ഉദ്ദേശത്തോടുകൂടി അവരുടെ ചെലവ് ഏതാനും വർഷങ്ങളിലേക്ക് താൻതന്നെ വഹിച്ചുകൊള്ളാമെന്ന് ജാർജ്ജ്‌രാജാവ് ഏല്ക്കുകയുണ്ടായി. ഇത്രയേറെ പ്രജാവാത്സല്യവും രാജ്യക്ഷേമദീക്ഷയുമുള്ള രാജാവിനോട് പ്രജകൾക്ക് നിസ്തുലമായ ഭക്തി ഉണ്ടാകുന്നുവെങ്കിൽ അതിൽ അതിശയിക്കാനെന്താണുള്ളത്?

പിറന്നനാൾതൊട്ടുതന്നെ എലിസബത്ത്‌രാജകുമാരി സ്വപ്രജകളുടെ കണ്ണിലുണ്ണിയായിരുന്നു. ൧൯൨൬ ഏപ്രിൽ ഒന്നാംതീയതിയാണ് അവരുടെ ജനനം. അന്ന് ഈ രാജകുമാരി ഭാവിയിലെ രാജ്ഞിയായി തീരുമെന്ന് ആരും ഉദ്ദേശിച്ചിരുന്നില്ല. എന്തെന്നാൽ സ്ഥാനത്യാഗംചെയ്ത അന്നത്തെ വെയിത്സ രാജകുമാരനാണ് രാജ്യംവാണിരുന്ന ജാർജ്ജ്പഞ്ചമന്റെ പിൻഗാമിയായി വരുവാൻ അവകാശം ഉണ്ടായിരുന്നത്. രാജകുമാരിയുടെ പിതാവായ ഇന്നത്തെ ജാർജ്ജ്‌രാജാവ് അന്നു ഡ്യൂക്ക് അഫ് യാർക്ക് മാത്രമായിരുന്നു. അങ്ങനെ അവകാശമുറയ്ക്ക് എലിസബത്ത്‌രാജകുമാരിക്കു മൂന്നാംസ്ഥാനമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും ജനങ്ങൾക്കു ഈ കുമാരിയോടുള്ള പ്രീതിക്കും താല്പര്യത്തിനും കുറവില്ലായിരുന്നു. പൊതുജനങ്ങളുമായി സംസർഗ്ഗം ചെയ്യുന്നതിൽ കുമാരി ബാല്യംമുതല്ക്കേ അതീവതല്പരയായിരുന്നു. യുദ്ധകാലത്തു അച്ഛന്റെ താല്പര്യത്തെ കണക്കാക്കാതെപോലും അവർ രാജ്യത്തിനുവേണ്ടി സേവനം അനുഷ്ഠിച്ചു. ആക്സിലറി ടെറിറോറിയൽ സർവീസിൽ ഒരു മെക്കാനിക്കായി അവർ പണിയെടുത്തു. യന്ത്രങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ അവൾക്കു ധാരാളം അറിവുണ്ട്. അവർ ഒരു നല്ല ഡ്രൈവറാണ്. ആഹാരം കഴിക്കുന്നവേളയിൽ യന്ത്രങ്ങളെസംബന്ധിച്ചു തുല്യതല്പരനായ സ്വപിതാവുമായി ഈ വിഷയത്തെപ്പറ്റി ചർച്ചകൾ നടത്തുന്നതിൽ കുമാരി പ്രത്യേകം താല്പര്യം കാണിച്ചിരുന്നു.

ഇന്ന് എലിസബത്ത്‌രാജകുമാരി ലോകത്തിലെ പെൺകുട്ടികളിൽവച്ച് ഏറ്റവും പ്രശസ്തിയെ ആർജ്ജിച്ചിരിക്കുന്നു. ജനനംമൂലം അവൾക്കു ലഭിച്ച സ്ഥാനമല്ല അതിനു കാരണമാക്കിയിട്ടുള്ളത്. അവർ അതിനു സ്വഥാ അർഹയാണ്. ഒരു രാജകുമാരിക്കുണ്ടായിരിക്കേണ്ട എല്ലാ സിദ്ധികളും അവൾക്കുണ്ട്. നിഷ്കളത്വവും, സ്വാഭാവികതയും, ഓമനത്തവും സ്ഫുരിക്കുന്ന ആ മുഖം ചിത്രത്തിൽ ഒരിക്കൽ കണ്ടാൽ ആരും ഒരിക്കലും അതു മറക്കുകയില്ല. രാജകുമാരിക്കു സ്വഥാ അനുരൂപനായ ഒരു വരനാണ് എഡിൻബറോപ്രഭു അവർകൾ. ൧൯൪൬-ലെ വേനല്ക്കാലത്താണ് അവർതമ്മിൽ പരിചയമായത്. അന്നു അദ്ദേഹം ലെഫ്: മൌണ്ട്

## വിവാഹലൈസൻസ്


Geoffrey Francis

എലിസബത്തു രാജകുമാരിയും ലഫ്റ്റനന്റ്, ഫിലിപ്പ മൌണ്ട്ബാററനുമായുള്ള വിവാഹത്തിനു കാന്റർബറി ആർച്ചുബിഷപ്പു ഡാക്ടർ ജഫ്രേ ഫ്രാൻസിസ്‌ഫിഷറിന്റെ ഫാക്കൽററി ആഫീസിൽനിന്നു നൽകപ്പെട്ട ലൈസൻസ്. അഞ്ചുപവന്റെ സ്റ്റാമ്പു ഒട്ടിക്കപ്പെട്ടിട്ടുള്ള വെല്ലത്തിൽ (ചർമ്മപത്രം) ആണ് ലൈസൻസു എഴുതിയിരിക്കുന്നത്. ആഫീസുരജിസ്ട്രാർ എച്ച്. ററി. ഏ. ഡാഷ്‌വുഡ് ആണു ഒപ്പിട്ടിരിക്കുന്നത്. ലൈസൻസിന്റെ തീയതി ൧൯൪൭ സെപ്തംബർ ൨൨.

ബാററൻമാത്രമായിരുന്നു. സ്കാട്ട്‌ലണ്ടിലെ ഗിരിതടങ്ങളിൽ വിശ്രമാർത്ഥം താമസിക്കുന്നകാലത്തു അവരിരുവരും പരിചിതരും പ്രേമബദ്ധരുമായി. നീണ്ടുനിവന്ന ശരീരവും, ഉറച്ച ദൃഷ്ടികളുമുള്ള ആ യുവാവു അക്കാലത്തു നാവികസേനയിലെ ഒരു പ്രധാന ഉദ്യോഗസ്ഥനായിരുന്നു.

അനുരാഗമുണ്ടെന്നുള്ളതുകൊണ്ടുമാത്രം ഇംഗ്ലണ്ടിലെ മഹാരാജ്ഞിയാകേണ്ട കുമാരിക്കു താൻ ആഗ്രഹിക്കുന്ന ആളിനെ വിവാഹംചെയ്തുകൂടല്ലോ. ജനങ്ങൾക്കു ഇഷ്ടമില്ലാത്ത ഒരുസ്ത്രീയെ വിവാഹം കഴിച്ചു തന്റെ മൂത്തച്ഛനു അഭികാമ്യമായ ബ്രിട്ടീഷുസിംഹാസനം ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ രാജകുമാരിക്കു ഇതിൽ തടസ്സമൊന്നുമുണ്ടാകാനിടയില്ലായിരുന്നു. തന്നേപ്പോലെതന്നെ നാവികനായ ഒരാളെ ജാമാതാവായി ലഭിക്കുന്നതിൽ ജാർജ്ജ്‌രാജാവിനു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. ലെഫ്: മൌണ്ട്ബാററൻ അമ്മവഴിക്കു ഇംഗ്ലീഷുകാരനുമായിരുന്നു. മതത്തെ അടിസ്ഥാനമാക്കിയും തടസ്സമൊന്നുമുണ്ടാകാനില്ലായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ വിവാഹത്തിനു ആവശ്യമായ സമ്മതം പാർലമെന്റു നൽകി.

അതനുസരിച്ചുള്ള ചടങ്ങുകളാണ് നവംബർ ൨൦-ാംനു കഴിഞ്ഞത്. സന്നിഹിതരായ ബഹുലക്ഷം ജനങ്ങളുടെ അനുഗ്രഹങ്ങളോടും, ആശിസ്സുകളോടും ഈ യുവദമ്പതികൾ മധുവിധു ആഘോഷിക്കുവാനായി തിരിച്ചിരിക്കുന്നു. ഇംഗ്ലണ്ടിലെ ജനങ്ങൾ ആസകലം ഈ മഹോത്സവം വളരെ ദിവ്യമായ ഒരു അനുഭൂതിയായി താന്താങ്ങളുടെ ഹൃദയത്തിൽ സൂക്ഷിക്കും. എന്തെന്നാൽ സാമ്പത്തികമായി ഏറ്റവും കഷ്ടതയിൽ കഴിയുന്ന ഇംഗ്ലീഷുകാരനു യഥാർത്ഥമായി ആഹ്ലാദിക്കുവാൻ ലഭിച്ച ഈ അവസരം അതികാമ്യംതന്നെയാണ്. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങളുടേയും മാറും ഫലമായി ഇംഗ്ലണ്ടു ഏറ്റവും കഷ്ടതയനുഭവിക്കുന്ന ഒരു ഘട്ടമാണിതു്. ഏതു ആഘാതവും ധീരതയോടുകൂടി സഹിക്കുവാൻ കഴിയുന്ന അവർ അതു അത്ര ഗണ്യമാക്കുന്നില്ലന്നേയുള്ളൂ. എന്നും ഈ അവസ്ഥയിൽ കഴിയുമെന്ന വിശ്വാസം അവർക്കില്ല. തങ്ങളുടെ രാജ്യത്തിന്റെ ഒരു സുവർണ്ണകാലഘട്ടത്തിൽ ൪൦൦ വർഷത്തിനുമുമ്പു ഭരണം നടത്തി ശാശ്വതയശസ്സ് ആർജ്ജിച്ച എലിസബത്തു രാജ്ഞിയുടെ കാലത്തേപ്പോലെ ഈ രാജകുമാരിയും രാജ്ഞിയാകുമ്പോഴേയ്ക്കും ഇംഗ്ലണ്ടു പൂർവാൽ മഹത്തായ ഒരു രാഷ്ട്രമായിത്തീരുമെന്നു ഓരോ ഇംഗ്ലീഷുകാരനും വിശ്വസിക്കുന്നു. അവരുടെ ആ ആശ സഫലമാകട്ടെ!

—o—

Printed and publish d by N. Chandrasekharan Nair at the Sree Rama Vilas Press, Quil n.